Reg: No. M 2669
T. 32.

Licen[illegible]
Dated [illegible]3.

# മലയാളരാജ്യം

പുസ്തകം ൨൦
പേജ് ൧൨

കൊല്ലം ൧൯൪൩ ജനുവരി ൪-ാംനു-
൧൧൧൮ ധനു ൨൧-ാംനു- തിങ്കളാഴ്ച

ലക്കം ൧൭
ഒററപ്രതി ൺ ൨

# ഒരു സ്വദേശിവിദ്യാഭ്യാസപദ്ധതിയുടെ ആവശ്യം

പ്രിൻസിപ്പൽ, എസ്. എൻ. അഗർവാൾ

( ഒരു ജനതയുടെ ഭാഗധേയം പരമമായും അവരുടെ വിദ്യാഭ്യാസസമ്പ്രദായത്തെ ആശ്രയിച്ചിരിക്കുന്നു. ഒരു സമുദായത്തിൻെറ സാംസ്കാരികപരിണാമം അവരുടെ സ്വന്തമായ ആചാരങ്ങളിലും പാരമ്പര്യത്തിലും അധിഷ്ഠിതമായിരിക്കണം. പരീക്ഷാകേന്ദ്രിതമായ ഒരു വിദ്യാഭ്യാസസമ്പ്രദായമാണ് ഇപ്പോൾ നിലവിലിരിക്കുന്നത്. എന്നാൽ വിദ്യാഭ്യാസപുനഃസംഘടനാപരമായ ഏതു പദ്ധതിയും ദേശീയവും സാംസ്കാരികവും സാങ്കേതികവുമായ ഒന്നായിരിക്കണം. മാത്രമല്ല, സ്റേററിൽനിന്നു മൂലധനം മുടക്കി മേൽനോട്ടം വഹിക്കുകയും സേവനസന്നദ്ധതയോടും വിശ്വാസ്യതയോടുംകൂടി ജോലിചെയ്യുന്ന സമർത്ഥരായ അദ്ധ്യാപകന്മാർ പ്രവൃത്തിയെടുക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഒരു സുപ്രസിദ്ധ വിദ്യാഭ്യാസപ്രവർത്തകനായ ഈ ലേഖകൻ ഒരു സ്വദേശിവിദ്യാഭ്യാസപദ്ധതിയെക്കുറിച്ച് അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾ ഈ ലേഖനത്തിൽ നൽകിയിരിക്കുന്നു. )

ഒരു രാഷ്ട്രത്തിൻെറ ഭാഗധേയം അവിടത്തെ യുവാക്കൾക്കു നൽകപ്പെടുന്ന വിദ്യാഭ്യാസരീതിയെ പരിപൂർണ്ണമായും ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് സ്വരാജ്യലബ്ധിയോടുകൂടി ഇന്ത്യയിലെ വിദ്യാഭ്യാസപ്രവർത്തകർക്ക് ഒരു വലിയ ചുമതലയാണു വന്നുചേർന്നിരിക്കുന്നത്. ഇന്ത്യയിൽ ഇപ്പോൾ നിലവിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൻെറ സംഭാവനയാണ്. അതു ഈസ്റ്റിൻഡ്യാക്കമ്പനിയുടെ വിവിധങ്ങളായ 'മിനിട്ടുകളു'ടെയും 'ഡെസ്‌പാച്ചുകളു'ടെയും ഇംഗ്ലീഷ് ഭരണകർത്താക്കളാൽ നിയമിക്കപ്പെട്ടിട്ടുള്ള കമ്മീഷനുകളുടെയും ഫലമായുണ്ടായിട്ടുള്ളവയാകുന്നു. ഇതിൽ ചില നന്മകൾ ഉണ്ടെന്നുള്ളതിൽ സംശയമില്ല. പക്ഷേ അതു തികച്ചും വൈദേശികസമ്പ്രദായത്തിലുള്ളതാണ്.

ഒരു സമുദായത്തിൻെറയോ രാഷ്ട്രത്തിൻെറയോ സാംസ്കാരികപരിണാമം അതിൻെറ ആചാരങ്ങളിലും പാരമ്പര്യത്തിലും അധിഷ്ഠിതമായിരിക്കണമെന്നുള്ളതു സാമുദായികശാസ്ത്രത്തിലെ സ്ഥിരീകരിക്കപ്പെട്ട ഒരു തത്വമാണ്. ദേശീയസംസ്കാരത്തിനും പൌരാണികഭാരതീയ സമ്പ്രദായത്തിനും അനുസരണമായി ഒരു സാമ്പത്തികപദ്ധതിയും ഒരു ഭരണഘടനാപദ്ധതിയും രാജ്യത്തിൻെറമുന്നിൽ സമർപ്പിക്കുവാൻ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ എനിക്കു സാധിച്ചിട്ടുണ്ട്. എന്നാൽ മററെന്തിനേക്കാളും പ്രധാനമായിട്ടുള്ളതു വിദ്യാഭ്യാസപുരോഗമനത്തിനു യോജ്യമായ ഒരു 'സ്വദേശിപദ്ധതി'യാണെന്ന് എനിക്കറിയാം. "വിദ്യാഭ്യാസപ്രചരണത്തിലുള്ള ബ്രിട്ടീഷുകാരുടെ ശ്രമങ്ങളെല്ലാം ഏററവും ഫലപ്രദമായിട്ടുള്ളതു അവ ഓരോ സ്ഥലത്തേയും നിലവിലിരിക്കുന്ന ആചാരങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളവയാകുമ്പോഴാണ്" എന്ന് എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കാ പോലും സമ്മതിക്കുന്നുണ്ട്. ദൌർഭാഗ്യവശാൽ ഇന്ത്യയുടെ വിദ്യാഭ്യാസസമ്പ്രദായം ആസൂത്രണംചെയ്തപ്പോഴൊന്നും ബ്രിട്ടീഷ് ഭരണാധികാരികൾ ഈ വസ്തുത അനുസ്മരിച്ചിരുന്നില്ല.

നമ്മുടെനാട്ടിലെ പുരാതനവിദ്യാഭ്യാസസമ്പ്രദായത്തിൻെറ പ്രധാന പ്രത്യേകതകൾ എന്തെല്ലാമായിരുന്നു? ഒന്നാമതായി അതു സ്വഭാവരൂപീകരണത്തിനു ഏററവും പ്രാധാന്യംകല്പിച്ചിരുന്നു. ജീവിതത്തിലും സ്വഭാവത്തിലും പരിശുദ്ധിയില്ലാത്തപക്ഷം വേദത്തിലുള്ള വിജ്ഞാനം പോലും ആരാധ്യമായി കരുതപ്പെട്ടിരുന്നില്ല. പൌരാണികകാലത്തിലെ ഇൻഡ്യാക്കാരുടെ കുലീനവും സത്യനിഷ്ഠവുമായ സ്വഭാവത്തിന് മെഗസ്തനിസ്, ഹ്യൂയൻസാങ്ങ്, മാർക്കോപോളോ തുടങ്ങിയ വിദേശീയസഞ്ചാരികളുടെ ലേഖനങ്ങൾ തെളിവാണ്. ഗുരുക്കന്മാരും ശിഷ്യന്മാരും അവരുടെ ദൈനംദിനജീവിതത്തിൽ ഒരു ഉയർന്നതോതിലുള്ളസ്വഭാവശുദ്ധി പരിപാലിച്ചിരുന്നു. ബ്രഹ്മചര്യമെന്നതു വെറും കായികപ്രാധാന്യം മാത്രമുള്ള ഒരു നിബന്ധനയായിരുന്നില്ല. പരിപൂർണ്ണമായ ആരോഗ്യം, മഹത്തായ വികാരഗതികൾ, പരിശുദ്ധമായ ചിന്തകൾ, ആത്മീയശക്തി എന്നിവ ഇണങ്ങിയ ഒരു ജീവിതമാണ് അതിൽ ഉൾക്കൊണ്ടിരുന്നത്. ആത്മാഭിമാനം, സ്വാശ്രയശക്തി, ആത്മവിശ്വാസം, ആത്മനിയന്ത്രണം എന്നിവ അദ്ധ്യേതാക്കൾ പരിശീലിക്കേണ്ടിയിരുന്നു. ഇതു പ്രത്യേകമായും മനസ്സിലാകുന്നതു ആധുനികവിദ്യാഭ്യാസസമ്പ്രദായത്തിൽ ഇവയുടെ അഭാവമുള്ളതിൽനിന്നാണ്. ഇവയെ പുനസ്സമ്പാദിക്കുന്നതിന് ൧) മതം, നീതിശാസ്ത്രം എന്നിവയുടെ മൌലികതത്വങ്ങളെപ്പററി ബോധനം നൽകുക, ൨) സ്വഭാവത്തിലും വ്യക്തിത്വത്തിലും പ്രത്യേകം ശ്രദ്ധപതിപ്പിച്ചു നല്ല അദ്ധ്യാപകന്മാരെ പരിശീലിപ്പിക്കുക ൩) ആശ്രമങ്ങൾ, സെമിനാരികൾ, ഗുരുകുലങ്ങൾ എന്നിവപോലെ താമസസൌകര്യംകൂടിയുള്ള സ്ഥാപനങ്ങളുണ്ടാക്കി വിദ്യാർത്ഥികൾക്കും അദ്ധ്യാപകന്മാർക്കുംതമ്മിൽ കൂടുതൽ ബന്ധവും പരിചയവും സൃഷ്ടിക്കുക ൪) ലളിതജീവിതത്തിലും ദേശാഭിമാനം, ത്യാഗസന്നദ്ധത, സമുദായസേവനം എന്നിവയിലും കൂടുതൽ ശ്രദ്ധചെലുത്തുക എന്നീകാര്യങ്ങൾ ആവശ്യമാകുന്നു.

പരീക്ഷാകേന്ദ്രിതമായ ഒന്നാണ് ഇപ്പോൾ നിലവിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം. ബുദ്ധിപരമായ സിദ്ധികളെ മാത്രമേ അതു പരീക്ഷിക്കുന്നുള്ളു. വിദ്യാർത്ഥികളുടെ വ്യക്തിത്വത്തിൻെറ ഇതരവശങ്ങൾ അവഗണിക്കപ്പെടുന്നു. വിദ്യാർത്ഥികളുടെ പ്രതിദിനപ്രവർത്തനങ്ങളെക്കുറിച്ചും അവരുടെ ഇതരപ്രവർത്തനങ്ങളിൽനിന്നു സ്പഷ്ടമാകുന്ന സ്വഭാവഗുണങ്ങളെപ്പററിയും നല്ലവണ്ണം മനസ്സിലാക്കി അവയ്ക്കുവേണ്ട പരിഗണനനൽകി ആധുനികപരീക്ഷാസമ്പ്രദായം പരിഷ്കരിക്കേണ്ടിയിരിക്കുന്നു. കൂടാതെ കുറഞ്ഞതു ആറുമാസത്തെയെങ്കിലും സമുദായസേവനം, പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ, അനുഷ്ഠിക്കാത്ത ഒരു വിദ്യാർത്ഥിക്കും ബിരുദമെടുക്കുവാൻ അർഹതയുമുണ്ടായിരിക്കരുത്.

രണ്ടാമതായി പൌരാണികവിദ്യാഭ്യാസസമ്പ്രദായത്തിൻെറ വിജയം മുഖ്യമായും സ്ഥിതിചെയ്യുന്നതു സാധാരണ വിദ്യാഭ്യാസത്തെ തൊഴിൽപരമായ അഭ്യസനവുമായി സംയോജിപ്പിച്ചതുപോലെ തന്നെ പഠിത്തത്തിനും സമുദായത്തിൻെറ യഥാർത്ഥമായ ആവശ്യങ്ങൾക്കും തമ്മിൽ പ്രായോഗികബന്ധമുണ്ടാക്കിയിരുന്നു എന്നുള്ളതിലാണ്. തക്ഷശില തുടങ്ങിയ സുപ്രസിദ്ധസർവ്വകലാശാലകളിൽ വേദത്രയങ്ങളും പതിനെട്ടുകലകളും അഭ്യസിപ്പിച്ചിരുന്നതായി നാം അറിയുന്നുണ്ട്. അതുപോലുള്ള വിദ്യാഭ്യാസം അദ്ധ്യേതാക്കളുടെ ആത്മസത്തയെ വികസിപ്പിക്കുകയും ഏതെങ്കിലും ഒരു പ്രത്യേക തൊഴിലിന് പ്രാപ്തി സമ്പാദിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ഓരോ വിദ്യാർത്ഥിക്കും അവനവൻെറ ജാതി അനുസരിച്ചു സാങ്കേതികവിദ്യാഭ്യാസവും നൽകിയിരുന്നു. ജാതി അനുസരിച്ചെന്നു പറഞ്ഞാൽ അഭിരുചി അനുസരിച്ചു എന്ന അർത്ഥമേ ആദ്യകാലത്തു അതിൽ അന്തർഭവിച്ചിരുന്നുള്ളു.

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായമനുസരിച്ച് വിദ്യാർത്ഥികൾക്കു സാങ്കേതികപ്രധാനമല്ലാത്ത ഒരു പൊതുവിദ്യാഭ്യാസമാണു നൽകിവരുന്നത്. അതു വിദ്യാർത്ഥികളെ യാതൊന്നിനും കൊള്ളരുതാത്തവരാക്കി അഭ്യസ്തവിദ്യരുടെയിടക്കു ഏററവും ദിതാപകരമായ തൊഴിലില്ലായ്മ ഉളവാക്കുന്നു. താഴെപറയുന്ന മാർഗ്ഗങ്ങൾ കൊണ്ടു ഈ ദുഃസ്ഥിതി മാററുവാൻ കഴിയുന്നതാണ്.

൧ ഏതെങ്കിലും പ്രത്യേകതൊഴിലിൻെറ ആവശ്യമനുസരിച്ചു വിവിധരീതിയിലുള്ള സാങ്കേതികവിദ്യാഭ്യാസം നൽകുക.

൨ ബുദ്ധിവൈഭവവും അഭിരുചിവിശേഷവും പരീക്ഷിച്ചറിഞ്ഞു സാങ്കേതികപരിശീലനങ്ങൾക്കു നല്ല ചെറുപ്പക്കാരെ തിരഞ്ഞെടുക്കുക.

൩ ശാസ്ത്രം, വ്യവസായം, കൃഷി, എഞ്ചിനീയറിംഗ്, വൈദ്യം എന്നീ സാങ്കേതികവിഷയങ്ങളുമായി ചരിത്രം, ധനതത്വശാസ്ത്രം, രാഷ്ട്രമീമാംസ, തത്വശാസ്ത്രം എന്നീ വിഷയങ്ങൾ കൂടി ചേർക്കുക.

൪. അച്ചടി, പത്രപ്രവർത്തനം, വയോജനവിദ്യാഭ്യാസം, ഹിന്ദുസ്ഥാനി, സ്റ്റെനോടൈപ്പിംഗ്, പൊതുജനാരോഗ്യം തുടങ്ങിയ വിഷയങ്ങളിൽ ഡിപ്ലോമാകോഴ്സുകൾ ഏർപ്പെടുത്തുക. പൌരാണികഭാരതത്തിൽ നടപ്പിലിരുന്നതുപോലെ സാങ്കേതികപരിശീലനത്തിനു മററാരുടെയെങ്കിലും കീഴിൽ അഭ്യസിക്കുകയെന്ന സമ്പ്രദായം നടപ്പിൽവരുത്തുക.

മൂന്നാമതായി പുരാതനവിദ്യാഭ്യാസത്തിൽ പ്രധാനോദ്ദേശമായിരുന്നതു ദേശീയസംസ്കാരത്തിൻെറയും പാരമ്പര്യത്തിൻെറയും പരിരക്ഷണവുംപരിണാമവുമായിരുന്നു. സാധാരണ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം സാമ്പത്തികാദായമായിരുന്നില്ല. സംസ്കാരവും വിജ്ഞാനവും പ്രചരിപ്പിക്കുക പരമമായ സത്യം കണ്ടെത്തി സംസ്ഥാപിക്കുക എന്നിവയായിരുന്നു പണ്ഡിതന്മാരുടെ കർമ്മങ്ങൾ.

നേരേമറിച്ച്, ഇന്ത്യയിലെ ഇന്നത്തെ വിദ്യാഭ്യാസരീതി ഇവിടുത്തെ ചെറുപ്പക്കാരെ അവരുടെ ദേശീയപാരമ്പര്യത്തിൽനിന്നു ബഹുദൂരം അകററുകയും അവരാൽ അതിശോച്യമായ ഒരു അധഃസ്ഥിതമനഃസ്ഥിതി ഉല്പാദിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഈ കുറവു പരിഹരിക്കുന്നതിന് ൧ ഇന്ത്യാചരിത്രം, ഭാരതീയതത്വശാസ്ത്രം, ഭാരതീയസാഹിത്യം, ഭാരതീയരാഷ്ട്രമീമാംസ, ഭാരതീയകലകൾ എന്നിവയ്ക്കു കൂടുതൽപ്രാധാന്യം നൽകുകയും, ൨) ഭാരതീയസംസ്കാരത്തിൻെറ പശ്ചാത്തലത്തിൽ പുതിയ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ൩) മാതൃഭാഷയിലൂടെയുള്ള ബോധനസമ്പ്രദായം ഏർപ്പെടുത്തുകയും ൪) മഹാഭാരതം, ഭഗവദ്ഗീത, രാമായണം, കൌടില്യൻെറ അർത്ഥശാസ്ത്രം മുതലായ ഗ്രന്ഥങ്ങൾ പഠിപ്പിക്കുകയും ൫) സർവ്വകലാശാലാബിരുദദാനസമ്മേളനങ്ങളും മററു പ്രധാനചടങ്ങുകളും തക്ഷശില, നളന്ദ, വിക്രമശില മുതലായ സർവ്വകലാശാലകളിലെ പാരമ്പര്യത്തെ അനുസ്മരിപ്പിക്കുമാറു തനി ഭാരതീയസമ്പ്രദായത്തിൽ നടത്തുകയും ൬) ഭാരതീയ ചിത്രരചനാകല, സംഗീതം, ശില്പകല എന്നിവ വിദ്യാഭ്യാസസംസ്ഥാപനങ്ങളിൽ അഭ്യസിപ്പിക്കുകയും ൭) ഭാരതീയവൈദ്യശാസ്ത്രം, ധനതത്വശാസ്ത്രം, ചരിത്രം, കല എന്നിവയിൽ ഉന്നതപരിശീലനത്തിനും ഗവേഷണത്തിനും സൌകര്യമുണ്ടാക്കുകയും ചെയ്യേണ്ടതാണ്.

മേലാൽ സർവ്വകലാശാലയിൽപോലും ഇംഗ്ലീഷ് ഭാഷ ബോധനഭാഷയായിരിക്കുവാൻ പാടില്ലെങ്കിലും ഹിന്ദിയോ ഹിന്ദുസ്ഥാനിയോ ഈ രാജ്യത്തെങ്ങും പൊതുഭാഷയായിത്തീരുന്നതുവരെ കുറേക്കാലത്തേക്കുകൂടി അതു ഒരു നിർബ്ബന്ധിതഭാഷയായി പഠിക്കാം. എന്നാൽ ഈ പരിവർത്തനകാലത്തിനുശേഷം, അതു അഞ്ചുവർഷമെന്നിരിക്കട്ടെ, ഇംഗ്ലീഷ് വിദേശഭാഷാവർഗ്ഗത്തിൽ ചേർത്തു ഐച്ഛികമാക്കുന്നതായിരിക്കും ഭേദം.

പുരാതനഭാരതത്തിൽ പ്രവൃത്തിയിൽനിന്നുതന്നെ പഠിക്കുക, പഠിക്കുന്നതോടൊപ്പം ജീവിതാവശ്യത്തിനുള്ളതു സമ്പാദിക്കുക എന്നതത്വങ്ങൾ അനുസരിക്കപ്പെട്ടുപോന്നു. ഇതേആശയത്തിൻെറ പുനഃപ്രകാശനമാണു ഇപ്പോൾ മഹാത്മജിയുടെ "അടിസ്ഥാനവിദ്യാഭ്യാസം" എന്നറിയപ്പെടുന്ന വാർദ്ധാവിദ്യാഭ്യാസപദ്ധതിയിലും കാണപ്പെടുന്നതു. രചനാത്മകപ്രവൃത്തികളിലൂടെ പഠിക്കുകയെന്നതു വിദ്യാഭ്യാസത്തെ കൂടുതൽശാസ്ത്രീയവും യഥാർത്ഥവുമാക്കുന്നുവെന്നതുതന്നെയല്ല, യുവാക്കളുടെഇടയ്ക്കുകൈത്തൊഴിലുകളുടെ മാഹാത്മ്യത്തെ പ്രചരിപ്പിക്കുകയും ഏറെക്കുറെ അവരെ സ്വാശ്രയനിരതരാക്കിത്തീർക്കുകയുംചെയ്യുന്നു. അതുകൊണ്ടു ആധുനികവിദ്യാഭ്യാസത്തിൽ അങ്ങേഅററത്തെ ഘട്ടംവരെ ഈ തത്വം പ്രായോഗികമാക്കുകതന്നെചെയ്യണം.

വിദ്യാഭ്യാസത്തിനുവേണ്ടി പണംമുടക്കുന്നതിലും മേൽനോട്ടംവഹിക്കുന്നതിലും ഗവമെണ്ടു ഒരുവലിയ പങ്കു വഹിക്കുവാനുണ്ടു. ഇതേവരെ സർവ്വകലാശാലകൾക്കു നൽകപ്പെട്ടുവരുന്ന സഹായധനം വെറും നാമമാത്രവും അപര്യാപ്തവുമാകുന്നു. ഒട്ടനേകം ധർമ്മസംഭാവനകൾ ലഭിച്ചിട്ടുള്ള പാശ്ചാത്യസർവ്വകലാശാലകളിൽപോ

(ശേഷം രണ്ടാംപേജിൽ)

X

ഹൈസ്കൂളിലെ സഹപാഠികളുടെ കൂട്ടത്തിൽ ബുദ്ധിമാനായ ഒരു—പണിക്കർ ഉണ്ടായിരുന്നു. അയാൾ അല്പായുസ്സായിപ്പോയില്ലെങ്കിൽ എത്രകേമനാകേണ്ടതായിരുന്നു! കാറില്പുഴ നാസ്സൂരച്ചൻ്റെ മകനായ ഈ പണിക്കരുടെ പ്രത്യുൽപന്നബുദ്ധിയും, വിപദിധൈര്യവും അന്നുകൂടിയ ഞങ്ങളിൽ ചിലർക്ക് അറിവാൻകഴിഞ്ഞിട്ടുള്ളു. വലിയ വെള്ളപ്പൊക്കത്തിൽ നദിയും, കായലും കരയും തിരിച്ചറിയാൻപാടില്ലാതിരുന്നപ്പോൾ ഒരു ചെറിയ ഓടിവള്ളത്തിൽ ഞങ്ങൾ മൂന്നാലുപേരൊരുമിച്ച് ചേന്നമംഗലത്തു കളിക്കാൻപോയി. അപ്പോൾ ഒരു വലിയ കാറും, ഉഗ്രവർഷവും തുടങ്ങി ദിഗ്ഭ്രമം നേരിട്ട ഞങ്ങൾക്ക് അന്തരാത്മാവുവിളിച്ചുപറഞ്ഞതുപോലെ കടലിൻ്റെ അത്യന്തസാമീപ്യത്തെപ്പററി ഈശ്വരൻ മുന്നറിവുതന്നു. ഒരമരക്കാരനായ പണിക്കരൊഴികെ ആക്കും പടിഞ്ഞാട്ടുനോക്കി അന്തകനെപ്പോലെ അലറിക്കൊണ്ടിരുന്ന സമുദ്രത്തെ കാണുവാനുള്ള ധൈര്യം ഉണ്ടായില്ല. ആ കൊച്ചുപണിക്കർ സ്ഥിരപ്രതിജ്ഞനായിരുന്നു. ദൂരത്തുകണ്ട തെങ്ങിൻകൂട്ടത്തെ ലക്ഷ്യമാക്കി ആഞ്ഞുവലിച്ച് വഞ്ചിയടുപ്പിച്ചു എന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. നാസ്സൂരച്ചൻ്റെവക ക്ഷേത്രത്തിൽ അടുത്ത ഉത്സവസംബന്ധിച്ച് വെടിക്കെട്ട് തയ്യാറാക്കുവാൻ മരുന്നരച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നു തീപിടിച്ചു ദേഹമാസകലം വെന്തുമൃതിയടഞ്ഞ പണിക്കരുടെ ചരമവാർത്തയറിഞ്ഞു സ്തബ്ധരായിത്തീർന്ന ഞങ്ങൾ മൂന്നുദിവസം പള്ളിക്കൂടത്തിൽ പോയില്ല. ആ അദ്ധ്യായം അങ്ങനെ കലാശിച്ചു.

അക്കാലത്തെ ഡിസംബർ ഒന്നാംതീയതി ഹൈസ്കൂൾകാർക്ക് അത്യന്തം ഭീതിപ്രദമായിരുന്നു. അന്നാണ സർവ്വകലാശാല പരീക്ഷകൾ ആരംഭിക്കുന്നത്. 'കഴ്സൺ' പ്രഭുവിൻ്റെ വിദ്യാഭ്യാസപരിഷ്കാരം അന്നു ഗർഭദശയിലായിരുന്നു. ഫൻ്റർ-ലേ അതിനു അവതരിക്കാൻ കഴിഞ്ഞുള്ളു. അതിൻ്റെ ഫലമാണല്ലോ 'എട്ടുകെട്ട്' പരീക്ഷ. അതിനായി കാത്തിരുന്നാലെന്തെന്നു പലരും ആലോചിക്കാതിരുന്നില്ല. ഫൻ്റർ മുതൽ അഞ്ചുപ്രാവശ്യം തോററാൽ പുതിയ പദ്ധതിയിൽ ചേരാം. എന്തായാലും പരീക്ഷ തലയിൽവന്നുകയറിയപ്പോൾ എല്ലാവരുടെയും ശ്രദ്ധ അതിലായി. പറവൂരുനിന്നും എറണാകുളത്തേക്കുള്ള യാത്ര ഞങ്ങൾ അന്നൊരു മുഖ്യസംഭവമായി ഗണിച്ചുവന്നു. തീവണ്ടിയിൽകയറാമല്ലോ എന്ന ആശ; 'വാര്യരു'ടെ ഹോട്ടലിൽ ഊണുകഴിക്കാം എന്ന ആശ; പിന്നെ സമുദ്രംകാണാം, തുറമുഖംകാണാം, കപ്പൽകാണാം, എന്തിനധികം! ഈ പരീക്ഷ ആ വിധത്തിലൊക്കെ ഒരനുഗ്രഹംതന്നെ! ആയതു വിശേഷിച്ചും എറണാകുളംസന്ദർശനം സ്മരണീയമാണ്. എന്തെന്നാൽ ആ ഡിസംബർമാസത്തിൽതന്നെ ആയിരുന്നു ശ്രീമൂലംതിരുനാൾ മഹാരാജാവിൻ്റെ കൊച്ചിയിലേക്കുള്ള എഴുന്നള്ളത്തും.

# സ്മരണ സരണി

പി. അനന്തൻപിള്ള എം. എ.

പരീക്ഷയ്ക്കു തലേന്നാൾ എത്തിയാൽ മതി എന്ന് രണ്ടുകൂട്ടുകാരിൽനിന്നും ഒരു എഴുത്തു കിട്ടിയിരുന്നു. അവർ മൂന്നാലു കൊല്ലം എറണാകുളത്തു പഠിച്ചു താമസിച്ചവരാകയാൽ അവരുടെകൂടെത്തന്നെകൂടാമെന്നു ഞാനും തീർച്ചപ്പെടുത്തി. എന്നാൽ അവർ പണിതുവച്ചിരുന്ന സൂത്രം എനിക്കു ഒടുവിലേ മനസ്സിലാക്കുവാൻ കഴിഞ്ഞുള്ളു. കൊടുങ്ങല്ലൂർക്കാരനായ മേനോനെപ്പററി ഞാൻ മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. ചേർത്തലക്കാരൻ പണിക്കർ ആയിരുന്നു രണ്ടാമൻ. (ഇവർ രണ്ടുപേരും ഇപ്പോൾ എവിടെയാണെന്നറിഞ്ഞുകൂടാ.) അവർ ഉണ്ടുതാമസിച്ചിരുന്നവീട്ടിൽ വീണ്ടും ചെന്നുകയറിയിരിക്കയാണ്. മുററത്തെമുല്ലയെപ്പോലെ ആ വീട്ടുകാർ അവരെ വകവച്ചുള്ളു. എന്നാൽ പരീക്ഷാദിവസങ്ങളിലെങ്കിലും സുഖമായി ഊണുകഴിക്കണമെന്നുകരുതി, നെയ്യാററിൻകര മുൻസിഫിൻ്റെമകൻ വരുന്നുണ്ടെന്നും, അവിടെ താമസിച്ചാൽകൊള്ളാമെന്ന് എഴുതിഅയച്ചിരിക്കുന്നുവെന്നും, യഥായോഗ്യം സൽക്കരിച്ചാൽ ഭാവി ഭാസുരമായിത്തീരുമെന്നുംമററും ഗൃഹസ്വാമിനിയെ പറഞ്ഞുകളിപ്പിച്ച്, വേണ്ട വട്ടംകൂട്ടിയിരിക്കയാണ്. ഒരു ബാലികയുടെ വിവാഹപ്രശ്നവുംകൂടി ഈ ഉപജാപത്തിലന്തർഭവിച്ചിരുന്നു.

ആ കൊല്ലത്തിൽതന്നെയാണ് 'ഷൊർണ്ണൂർ എറണാകുളം' തീവണ്ടി നടപ്പായതു. എൻ്റെ ആദ്യത്തെ തീവണ്ടിയാത്രയാകയാൽ കാലത്തു ഏഴുമണിക്കുമുമ്പ് ആഫീസിലെത്തി.

എന്നെക്കാളും നേരത്തെ അവിടെ സ്ഥലംപിടിച്ചവരും ഉണ്ടായിരുന്നു. നിർദ്ദിഷ്ടസമയത്തല്ലാതെ യാത്രച്ചീട്ടുകിട്ടുകയില്ലെന്നു അന്നു പഠിച്ചു. ഒമ്പതരമണിയ്ക്കു 'ശകടസ്സൂരൻ' അലറിക്കൊണ്ടു പ്ലാററ്ഫാറത്തിൽ വന്നുനിന്നു. ടിക്കററുവാങ്ങിയ ഞങ്ങളുടെ പരിഭ്രമം കാണേണ്ടതായിരുന്നു. അങ്ങോട്ടുമിങ്ങോട്ടും നാലഞ്ചുപ്രാവശ്യം ഓടി; ഒടുവിൽ എല്ലാവരുംകൂടി തീരെ സ്ഥലമില്ലാതെ ആളുകൾ തിക്കിക്കയറിയിരുന്ന ഒരു മുറിയിൽ പ്രവേശിച്ചു. ധാരാളം മുറികൾ ഒഴിഞ്ഞുകിടപ്പുണ്ട് അതിലൊന്നിലുംകയറുവാൻ ഞങ്ങൾക്കു ക്ഷമയുണ്ടായില്ല. അകത്തിരിക്കുന്നവർ ആ പരമാർത്ഥം വിളിച്ചുപറഞ്ഞിട്ടും ഞങ്ങളെ വഞ്ചിക്കാനാണെന്നു വിചാരിച്ചു വിശ്വസിച്ചില്ല. ഒടുവിൽ നില്ക്കേണ്ടിവന്നു. യാതൊരു താങ്ങുമില്ലാതെ നിന്നവരുടെ കഥ വണ്ടി നീങ്ങിയപ്പോൾ എന്തായിരുന്നു? തിമിതിമി എന്നങ്ങോട്ടുമിങ്ങോട്ടും മറിഞ്ഞുവീണു. ചിലർക്ക് ഇരിക്കുന്നവരുടെ ഉത്സംഗങ്ങളിൽ ക്ഷണനേരത്തേക്കു സുഖശയനം ലഭിച്ചു എങ്കിലും പിന്നത്തെ കഥ ദാരുണമായിരുന്നു. ഇങ്ങനെ നിന്നും, വീണും, കിടന്നും, തട്ടിയും, മുട്ടിയും ഇടപ്പള്ളിസ്റ്റേഷനിൽ എത്തിയപ്പോൾ നേരത്തെ ഇരിപ്പുറപ്പിച്ചിരുന്നവർ ഒട്ടുമുക്കാലും ഇറങ്ങി. ഞങ്ങളുടെ കഥ വളരെ ഭേദമായി. എറണാകുളത്തെത്തിയപ്പോഴേയ്ക്കും തീവണ്ടിയാത്ര സുഖമാണെന്നുംതോന്നി.

മേനോനും പണിക്കരും എന്നെ പ്രതീക്ഷിച്ച് സ്റ്റേഷനിൽ എത്തിയിരുന്നു. അവരെന്നെ ആദ്യമായി വാര്യരുടെ ഹോട്ടലിലേക്കാണ കൊണ്ടുപോയതു. കുളിയും ഉച്ചയ്ക്കൂണും അവിടെ കഴിച്ചു വൈകുന്നേരം നിശ്ചിതഗൃഹത്തിലേയ്ക്കു പോകണമെന്നായിരുന്നു അഭിപ്രായം. മൂന്നുപേർക്കും ഊണിനുള്ള ചാർജ്ജ് അതായതു് ആറണ ഞാൻതന്നെ കൊടുക്കണമെന്നായപ്പോൾ എൻ്റെ ഉള്ളം തകർന്നുപോയി. എങ്കിലും, സൌജന്യമായി ലഭിക്കുവാൻപോകുന്ന സൽക്കാരമോർത്തു ഞാനൊന്നും പറഞ്ഞില്ല. എന്നെ ഹോട്ടലിൽ ഇരുത്തിയും വച്ച് അവർ പോയി. ഞാൻ അവിടെയിരുന്നു ഊണുകഴിക്കാൻ വരുന്നവരേയും അവർക്ക് വിളമ്പുന്ന വിഭവങ്ങളേയും കണ്ടു ഏകദേശം സൂര്യാസ്തമനംവരെ കഴിച്ചുകൂട്ടി. അപ്പോൾ അവർ വന്നു എന്നോടു മോടിയായി വസ്ത്രധാരണം ചെയ്യണമെന്നാജ്ഞാപിച്ചതനുസരിച്ചു ക്യാൻവാസ്സഞ്ചി തുറന്ന് ഒരലക്കിയ മൽമൽമുണ്ടെടുത്തുടുത്തു. അതു പോരാ ഒരു കസവുനേരിയതു തോളിലിടണം എന്നായി. എന്നാലേ തിരുവിതാംകൂർകാരനാകയുള്ളു. ഒരു നേരിയതു കൈവശമുണ്ടായിരുന്നതു ഭാഗ്യമായി. ഇങ്ങനെ 'പുത്തമണവാളൻ ചമഞ്ഞു' ഞാൻ അവരെ അനുഗമിച്ചു; അല്ല, അവർ എന്നെ അനുഗമിക്കയാണു ചെയ്തതു്. ക്യാൻവാസ്സഞ്ചിയും ഒരാൾ കയ്യിൽ തൂക്കിപ്പിടിച്ചു. പിന്നെ എങ്ങോട്ടാണ പോയതെന്ന് എനിക്കിന്നും രൂപമില്ല. അന്നു നഗരത്തിൽ ഇന്നത്തെപ്പോലെ വൈദ്യുതവിളക്കുകൾ ഇല്ലായിരുന്നു. എഴുന്നള്ളത്തു പ്രമാണിച്ചു നഗരസീമകൾക്കുള്ളിൽ ധാരാളം വാതദീപങ്ങൾ കൊളുത്തിയിരുന്നു. ശ്രീ: ടി. കെ. കൃഷ്ണമേനോൻ്റെ ഭവനംവരെ നല്ല വെളിച്ചമുണ്ടായിരുന്നു എന്നുതന്നെ പറയാം. അതുകഴിഞ്ഞു ഓരോ മുനിസിപ്പൽവിളക്കു കുറച്ചു ദൂരത്തായുണ്ടായിരുന്നു. പിന്നെ മുട്ടുകകളിൽകൂടിയായിരുന്നു പോകേണ്ടതു്. വാസ്തവത്തിൽ റോഡിൽകൂടി നാലുഫർലാങ്ങ് ദൂരം നടന്നാൽ എത്താവുന്ന വീട്ടിലേയ്ക്കു അവർ എന്നെ രണ്ടുമൈൽ നടത്തി. ഒരുപക്ഷേ ഒരേ ഇടവഴിയിൽതന്നെ പലപ്രാവശ്യവും നടത്തിയിരിക്കാം. എന്തായാലും ആ വീട്ടിൽ ചെന്നുകയറിയപ്പോൾ എൻ്റെ അസ്വാസ്ഥ്യതയെല്ലാം നീങ്ങി. കൊച്ചീസംസ്ഥാനത്തെ നായർഭവനങ്ങൾ ശുചിത്വത്തിനു കീർത്തികേട്ടവയാണെന്നുള്ള പരമാർത്ഥം അന്നാണ മനസ്സിലാക്കിയതു്. കരിക്കുമ്മായം തേച്ചു കണ്ണാടിപോലെ മിനുക്കിയിട്ടുള്ള തിണ്ണയിൽ കൊളുത്തിവച്ചിട്ടുള്ള നിലവിളക്കും, കവളപ്പാറൻ പുല്പാത്തടുക്കുകളും വെള്ളിത്താമ്പാളവും എല്ലാംകൂടി ഐശ്വര്യദേവത കളിയാടുന്ന സ്ഥലമോ എന്നു തോന്നും.

ഗൃഹിണിയുമായുള്ള സംഭാഷണം ഇന്ന വിധത്തിലായിരിക്കണമെന്നു നേരത്തെ ധരിച്ചിരുന്നതിനാൽ ശിക്ഷയെല്ലാംതന്നവിധം അതു സാധിച്ചു. മൂന്നുപേരും ഉണ്ണാനിരുന്നു. അതിൽ കുടുംബിനിയ്ക്കു അല്പമൊരു കോപഭാവം ഉള്ളതായി തോന്നി. കൂട്ടുകാർ രണ്ടുപേരും അവരോടു മുഖത്തുനോക്കാതെ തെരുതെരെ ഭക്ഷണം കഴിക്കയാണ ചെയ്തതു്.

ഊണുകഴിഞ്ഞു പഠിക്കുവാൻ പടിപ്പുരയിലേയ്ക്കു പോയി. ഈ ആൾമാറാട്ടം അഭിനയിക്കേണ്ടിവന്നതിനാലും, പിറേറദിവസം മുതല്ക്കു എഴുന്നള്ളത്തു സംബന്ധിച്ചു വിവിധവിനോദങ്ങളും സന്ദർശിക്കുവാനുണ്ടായ കൌതുകത്താലും, വിശിഷ്യ കൂ

(ശേഷം പന്ത്രണ്ടാംപേജിൽ)

(ഒന്നാംപേജിൽനിന്നും തുടർച്ച)

ലും ആകെച്ചെലവിൽ ൯൦ ശതമാനത്തോളം ഗവർമ്മെണ്ടാണ നൽകുന്നത്. വിദ്യാഭ്യാസത്തിനുവേണ്ടി സ്റ്റേറ്റിൽനിന്നു നൽകുന്ന സംഖ്യ ഒരു "സംഭാവന"യല്ലെന്നും അതൊരു ദീർഘകാലനിക്ഷേപമാണെന്നുമുള്ളതു വ്യക്തമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ന്യായമായിട്ടാണ പണം ചെലവാക്കുന്നതെങ്കിൽ അതു രാഷ്ട്രത്തിനു ശരിയായ ആദായചീതം നൽകുക തന്നെചെയ്യും.

എന്നാൽ സേവനസന്നദ്ധതയോടും ആത്മാർത്ഥതയോടുംകൂടി വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ കഴിവുള്ള അദ്ധ്യാപകന്മാരുടെ സേവനം ലഭിക്കാത്തപക്ഷം വിദ്യാഭ്യാസപുനഃസംഘടനയ്ക്കുവേണ്ടിയുള്ള ഏതു പദ്ധതിയും അതു കടലാസിൽ കാണുമ്പോളെത്രതന്നെ ആകർഷകമായി തോന്നിയിരുന്നാലും, വിജയപ്രദമാകുവാനിടയില്ല. ഡാക്ടർ ജാൺസാർജൻ്റ് പറയുന്നു "വിദ്യാഭ്യാസത്തിൽ അദ്ധ്യാപകനൊഴിച്ചു മറെറാരു ഘടകവും വാസ്തവത്തിൽ അത്ര പ്രധാനപ്പെട്ടതല്ല" എന്ന് ഗുരുക്കന്മാരുടെ നേരെ പ്രദർശിപ്പിച്ചിരുന്ന നിഷ്കളങ്കമായ ഭക്തിമൂലം പൌരാണികഭാരതീയവിദ്യാഭ്യാസസമ്പ്രദായത്തിനു തികച്ചും ഒരു പ്രത്യേകതയുണ്ടായിരുന്നു. വിജ്ഞാനക്ഷേത്രങ്ങളിൽ രാജാവിനെഎന്നല്ല മററാരേക്കാളും കൂടുതൽ ഗുരുവിനെയാണ് ബഹുമാനിച്ചിരുന്നത്. രാജ്യത്തിൻ്റെ ഭാവിമുഴുവൻ പരമമായും അവിടത്തെ യുവാക്കൾക്കു നൽകപ്പെടുന്ന വിദ്യാഭ്യാസത്തെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടു അദ്ധ്യാപകന്മാരെ ശരിയായി പരിശീലിപ്പിക്കുന്നതിലായിരിക്കണം ദേശീയഗവർമ്മെണ്ടിൻ്റെ സത്വരശ്രദ്ധപതിയേണ്ടതു. ബ്രിട്ടീഷുഭരണകാലത്തു നമ്മുടെ അദ്ധ്യാപകന്മാരിൽ ഭൂരിപക്ഷവും തങ്ങളുടെ തൊഴിലിൽ യാതൊരു സജീവവിശ്വാസമില്ലാതെ വെറും ഉദ്യോഗസ്ഥന്മാരെന്ന നിലയിൽമാത്രം ജോലിചെയ്തിരുന്നവരാണ്. ഇപ്പോഴത്തെ രാഷ്ട്രീയസ്വാതന്ത്ര്യപ്രകാശം അവരുടെ മഹത്തായ സൃഷ്ടിപരപ്രവർത്തനത്തെക്കുറിച്ച് അവരിൽ ഒരു നവോത്സാഹം സംജാതമാക്കുവാൻ പര്യാപ്തമാകണം.

Copy Right N. P. S.

—o—



കാൺഗ്രസ്സ് പ്രസിഡൻ്റ് ബാബുരാജേന്ദ്രപ്രസാദിൻ്റെ അദ്ധ്യക്ഷതയിൽ ന്യൂഡെൽഹിയിലെ ഏ. ഐ. സി. സി. ആഫീസിൽ വച്ചുനടന്ന റെവന്യൂമന്ത്രിമാരുടെ സമ്മേളനം. ചിത്രത്തിൽ ഡാക്ടർ രാജേന്ദ്രപ്രസാദിനേയും ആചാര്യകൃപലാനിയേയും റെവന്യൂമന്ത്രിമാരേയും അവരുടെ സെക്രട്ടറിമാരേയും കാണാം.

# ദണ്ഡിയുടെ കാവ്യവിഭാവന

പി. കെ. നാരായണപിള്ള എം. ഏ. പി. എച്ച്. ഡി

ഭരതന്റെ നാട്യശാസ്ത്രമാണ് സംസ്കൃതത്തിലെ കാവ്യപരമായ ചർച്ചകൾ ഉൾക്കൊള്ളുന്ന (നമ്മുടെ അറിവിൽപെട്ടിടത്തോളം) ഏറ്റവും പ്രാചീനമായ കൃതി. ഇതിൽനിന്നും കാവ്യനിരൂപണം നാട്യകലാപ്രതിപാദനത്തിന്റെ ഉപസ്കാരകമെന്നമട്ടിൽ ജന്മമെടുത്തു എന്നു വിചാരിക്കണമെന്നില്ല. നാട്യശാസ്ത്രവും അലങ്കാരശാസ്ത്രവും സംസ്കൃതത്തിൽ സ്വതന്ത്രങ്ങളായ കലാസരണികളായിത്തന്നെ ഉദയം ചെയ്തു വികാസം പ്രാപിച്ചിരിക്കണമെന്നുള്ള നിഗമനമാണ് കൂടുതൽ ചരിത്രപരമായിരിക്കുക. രണ്ടു ശാസ്ത്രങ്ങളിലും ഭരതനു മുമ്പുതന്നെ പല കൃതികളും ഉണ്ടായിരുന്നു എന്നൂഹിക്കാം. നാട്യകലയിലെ വാചികാഭിനയത്തോട് അനുബന്ധമായ കാവ്യപദ്ധതിയെ ഭരതൻ തന്റെ നാട്യശാസ്ത്രത്തിൽ ആനുഷംഗികമായി പ്രതിപാദിച്ചിരിക്കുന്നു എന്നേ ഉള്ളൂ. ഈ ഗ്രന്ഥത്തിന്റെ രചനാകാലത്തിനു മുമ്പും പിമ്പും സ്വതന്ത്രമായി നടന്നുവന്നിരുന്ന കാവ്യവിമർശത്തിന്റെ യഥാർത്ഥമായ അനുസ്മൃതി ആചാര്യ ദണ്ഡി മുതലായ ആലങ്കാരികന്മാരുടെ കൃതികളിലാണ് ദൃശ്യമാകുന്നതു്. അലങ്കാരശാസ്ത്രകാരന്മാരുടെ കൂട്ടത്തിൽ ദണ്ഡിയാണോ ഭാമഹനാണോ കൂടുതൽ പ്രാചീനർ എന്നുള്ളതു ഊഷ്മളമായ വിവാദത്തിനു് ഇന്നും വിഷയമാണ്. ഈ വിവാദത്തിലേക്കു കടക്കേണ്ട ആവശ്യം ഈ സന്ദർഭത്തിലില്ല. ഗവേഷകപണ്ഡിതനായ കീത്ത് പറയുന്നതുപോലെ, ഒരുപക്ഷേ സൂക്ഷ്മതരമായ ആലങ്കാരികന്മാരിൽ ദണ്ഡിതന്നെയായിരിക്കാം പ്രാഥമ്യമർഹിക്കുന്നതു്. ദാക്ഷിണാത്യനായ ഈ ആലങ്കാരികൻ എ. ഡി. എട്ടാംശതവർഷത്തിലൊ കുറച്ചുകൂടി മുമ്പായോ ജീവിച്ചിരിക്കണം. ദണ്ഡിയുടെ കാവ്യാദർശമെന്ന ഗ്രന്ഥം അദ്ദേഹത്തിന്റെയും അദ്ദേഹത്തിനു് അനുകാര്യന്മാരായ പൂർവികരുടേയും കാവ്യവിഭാവനത്തെ പ്രതിഫലിപ്പിക്കുന്നു. അതിന്റെ സ്വഭാവമെന്തെന്നു പരിശോധിക്കാം.

കാവ്യത്തെ ഒരു വ്യക്തിയോടുപമിച്ചു വ്യവഹരിക്കുന്നതു് സംസ്കൃതവിമർശത്തിലെ സാധാരണരീതിയാണ്. ശബ്ദാർത്ഥങ്ങളെ ശരീരത്തോടും കാവ്യത്തിന്റെ ജീവനായി ഗണിക്കത്തക്കവണ്ണം പ്രാധാന്യമർഹിക്കുന്ന രീതി, രസം, ധ്വനി തുടങ്ങിയവയിൽ ഒന്നിനെ ആത്മാവിനോടും സദൃശപ്പെടുത്തിയാണ് ഈ ഔപമ്യം കല്പിക്കാറുള്ളതു്. ഈ കല്പന കാവ്യനിർവചനത്തിനു ഭംഗിയും വൈശദ്യവും വർദ്ധിപ്പിക്കുന്നതാണ്. എന്നാൽ ദണ്ഡിക്കോ അദ്ദേഹത്തിനുമുമ്പു ജീവിച്ചിരുന്ന ഏതെങ്കിലും ആലങ്കാരികനോ കാവ്യത്തിന്റെ ആത്മസ്ഥാനീയമായ ഒരംശത്തെ വിഭാവനചെയ്യുവാൻ കഴിഞ്ഞിരുന്നില്ല. ദണ്ഡി പൂർവസൂരികളെ അനുകരിച്ചും കാവ്യശരീരത്തേയും അലങ്കാരത്തേയുംമാത്രം കല്പന ചെയ്തു സംതൃപ്തനായി. "ശരീരം താവദിഷ്ടാർത്ഥവ്യവച്ഛിന്നാ പദാവലീ" എന്ന ശ്ലോകാർദ്ധത്തിൽ ഹൃദ്യമായ അർത്ഥത്തെ പ്രകാശിപ്പിക്കുന്ന ശബ്ദസമൂഹത്തെ കാവ്യത്തിന്റെ ശരീരമായി അദ്ദേഹം ഭാവനചെയ്തു 'കാവ്യശോഭാകരാൻ ധർമ്മാനലങ്കാരാൻ പ്രചക്ഷതേ" എന്നു് അങ്ങനെ ശോഭാധായകങ്ങളായ ധർമ്മങ്ങളെ കാവ്യശരീരത്തിന്റെ അലങ്കാരസ്ഥാനത്തു അവരോധിക്കയും ചെയ്തു. ഈ ഭാവനയുടെ പ്രചോദനഫലമായിരിക്കണം അനന്തരകാലീനനായ വാമനാചാര്യൻ കാവ്യത്തിന്റെ ആത്മാവിനെ അന്വേഷിച്ചതും അതിനെ രീതിയിൽ കണ്ടെത്തിയതും.

മനോഹരങ്ങളായ അർത്ഥങ്ങളേയും അവയെ പ്രകാശിപ്പിക്കുന്ന ശബ്ദാവലിയേയും അധികരിച്ചുള്ള പഠനം ദണ്ഡിയുടെ പൂർവഗാമികൾ സവിസ്തരം നിർവഹിച്ചിരുന്നു. അക്കാലത്തെ വാങ്മയത്തിലുണ്ടായിരുന്ന അനേകം മാർഗ്ഗവിശേഷങ്ങളെ വിശകലനംചെയ്തു ലക്ഷ്യലക്ഷണങ്ങൾ മുഖേന അവയെ അവർ വ്യവസ്ഥപ്പെടുത്തിയിരിക്കണം. ഇതുകൊണ്ടായിരിക്കാം "അസ്ത്യനേകോ ഗിരാം മാർഗ്ഗഃ" എന്നു കാവ്യനിർമ്മിതിക്കായി അക്കാലങ്ങളിൽ സമാശ്രയിച്ചിരുന്ന അനേകം മാർഗ്ഗങ്ങളെ അഥവാ രീതികളെപ്പററി ദണ്ഡി പ്രസ്താവിക്കുന്നതു്. എന്നാൽ ഈ കാവ്യമാർഗ്ഗങ്ങളെയെല്ലാം സവിസ്തരമായ ചർച്ചയ്ക്കു് വിഷയമാക്കുന്നതു് അസാദ്ധ്യവും പ്രയോജനരഹിതവുമാണെന്നു ദണ്ഡി വിശ്വസിച്ചിരുന്നു. കൃതാത്മാവായ ഏതൊരു കവിക്കും സ്വായത്തമായ ഒരു പ്രത്യേകരീതി ഉണ്ടായിരിക്കുമെന്നുള്ള സൂക്ഷ്മതത്വം ആചാര്യന്നു അജ്ഞാതമായിരുന്നില്ല. മാർഗ്ഗഭേദങ്ങൾ "പ്രതികവിസ്ഥിതങ്ങളാ"ണെന്നു അദ്ദേഹം വ്യക്തമായി പ്രസ്താവിക്കുന്നുണ്ടു്. അവയുടെ ബാഹുല്യം നിമിത്തം, അദ്ദേഹത്തിന്റെകാലത്തു പ്രചാരത്തിലിരുന്ന രണ്ടു മാർഗ്ഗങ്ങളെപ്പററിമാത്രമേ കാവ്യാദർശത്തിൽ പ്രതിപാദിക്കുന്നുള്ളൂ. വൈദർഭിയും ഗൌഡിയും ഇവരണ്ടും. ഒരേ പ്രദേശത്തു പ്രചാരത്തിലിരുന്ന ഭിന്നകവികളുടെ രുചിഭേദമനുസരിച്ചു സമാശ്രിതങ്ങളായിരുന്നവയല്ല. വൈദർഭി ദക്ഷിണേന്ത്യയിലും, ഗൌഡി പൌരസ്ത്യഭാരതത്തിലും ആദൃതങ്ങളായിരുന്നു. ഈ രണ്ടുരീതികളേയും അവയുടെ ഗുണങ്ങളെ പുരസ്കരിച്ചു താരതമ്യംചെയ്തു ദാക്ഷിണാത്യനായ ദണ്ഡി വൈദർഭിയുടെ സർവതോമുഖമായ മേന്മയെ സ്ഥാപിച്ചിരിക്കുന്നു.

പ്രസ്തുതങ്ങളായ രണ്ടുരീതികളുടെ സവിസ്തരമായ പ്രതിപാദനം ദണ്ഡി ഒരു രീതിപക്ഷപാതിയാണെന്നു തെളിയിക്കുന്നു. ആശയങ്ങളുടെ പ്രകാശനപ്രകാരവും അതിനനുഗുണമായ ശബ്ദസന്നിവേശവുമാണ് രീതിയുടെ ഘടകങ്ങൾ. ഇവതന്നെയാണ് കാവ്യശരീരത്തിന്റെ മുഖ്യാവയവങ്ങളായി ദണ്ഡി ദർശിക്കുന്നതും. ചുരുക്കത്തിൽ, രീതി അഥവാ മാർഗ്ഗമാണ് ദണ്ഡി വിഭാവനചെയ്തിരിക്കുന്ന കാവ്യശരീരം എന്നു വന്നുകൂടുന്നു. ശരീരസ്ഥാനീയമായ രീതിക്കു പ്രാധാന്യം കൊടുക്കുന്നുണ്ടെങ്കിലും മററു കാവ്യകലാംശങ്ങളെ ആചാര്യൻ അല്പവും അവഗണിക്കുന്നില്ല. അവയെ എല്ലാം കാവ്യശരീരത്തിന്റെ അലങ്കാരങ്ങളായി അദ്ദേഹം വർണ്ണിച്ചിരിക്കുന്നു. രസം, അർത്ഥാലങ്കാരം, ശബ്ദവൈചിത്ര്യം തുടങ്ങിയവയെ അലങ്കാരശബ്ദംകൊണ്ടാണ് വിവക്ഷിച്ചിരിക്കുന്നതു്

ദണ്ഡിയുടെ കാലത്തു കാവ്യത്തിൽ രസത്തിനുള്ള സ്ഥാനം ഒരു സിദ്ധാന്തം കൊണ്ടു് സ്ഥാപിതമായിരുന്നില്ല. അതിനു് ഒന്നുരണ്ടു ശതവർഷങ്ങൾകൂടി വേണ്ടിവന്നു. എന്നാൽ അന്നും രസത്തെ കാവ്യത്തിലെ അതിപ്രധാനമായ ഒരംശമായി അംഗീകരിച്ചിരുന്നു. രസഭാവപ്രകാശനത്തെ ആസ്പദീകരിക്കുന്ന മൂന്നു അലങ്കാരങ്ങളെ കാവ്യാദർശത്തിൽ നിർവചിച്ചു് ഉദാഹരിക്കുന്നുണ്ടു. മഹാന്മാരോടു പ്രിയതരമായ വാക്കുകൾ പറഞ്ഞു പ്രീതിപ്രകാശനം നിർവഹിക്കുന്നതു് 'പ്രേയസ്" എന്ന രസാലങ്കാരമാണ്. വീരാരാധനമാണ് ഇതിനു ആസ്പദമായ ഹൃദയഭാവമെന്നു വിചാരിക്കാം. ഈ ഭാവത്തിനു ഇന്നു് അംഗീകൃതങ്ങളായ രസങ്ങളുമായി ഗണ്യമായ ബന്ധമില്ല. അതിനാൽ ഈ ഭാവപ്രകാശനത്തെ പ്രത്യേകമായി ദണ്ഡി പ്രതിപാദിച്ചിരിക്കുന്നതു വിമർശകന്മാരുടെ ശ്രദ്ധക്കു വിഷയമാകേണ്ടതാണ്. ഊർജ്ജസ്വി എന്ന രസാലങ്കാരത്തിൽ ഉദാരമായ അഹങ്കാരഭാവമാണ് പ്രകാശിക്കുന്നതു്. ശാന്തമൊഴിച്ചുള്ള മററു എട്ടുരസങ്ങളേയും "രസവത്" എന്ന അലങ്കാരത്തിൽ ഉൾപ്പെടുത്തി ഉദാഹരണത്തോടുകൂടി വിവരിച്ചിരിക്കുന്നു. കാവ്യം 'രസഭാവനിരന്തര'മായിരിക്കണമെന്നാണ് ദണ്ഡിയുടെ നിർദ്ദേശം. എല്ലാം അലങ്കാരങ്ങളും അർത്ഥത്തിൽ രസസേചനം ചെയ്യുന്നു എന്നു് 'കാമം സർവോപ്യലങ്കാരോ രസമർത്ഥേ നിഷിഞ്ചതി" എന്ന ഭാഗത്തു സ്പഷ്ടമായി അദ്ദേഹം പ്രസ്താവിക്കുന്നു. രസപോഷണമാണ് ഏതുതരത്തിലുള്ള അലംകൃതിയുടേയും പരമോദ്ദേശമെന്ന അഭിപ്രായമാണല്ലോ ഇവിടെ പ്രകാശിക്കുന്നതു്. ഈ വസ്തുതകൾ എല്ലാംകൂടി പരിഗണിക്കുമ്പോൾ ദണ്ഡിക്കു രസത്തെപ്പററി ശരിയായ അവബോധവും അതിനു (രസത്തിനു) കാവ്യത്തിൽ ഒരു ഉന്നതമായ സ്ഥാനമുണ്ടെന്നുള്ള അഭിപ്രായവും ഉണ്ടായിരുന്നു എന്നു് അനുമാനിക്കാം.

അനേകനൂററാണ്ടുകളിലെ കാവ്യവിമർശത്തിന്റെ പരിണതഫലമായി എ. ഡി. ഒൻപതാംനൂററാണ്ടിൽ ധ്വനിസിദ്ധാന്തം ആവിർഭവിച്ചു. ധ്വനിയാണ് കാവ്യത്തിന്റെ ആത്മാവ് എന്ന അഭിപ്രായം ഒരു സിദ്ധാന്തരൂപത്തിൽ അവതരിപ്പിച്ചതു ധ്വന്യാലോകകർത്താവാണ്. എന്നാൽ ഈ ഗ്രന്ഥകാരനു മുൻപുതന്നെ ആലങ്കാരികന്മാർക്കു ധ്വനി ഈ നാമധേയത്തിലല്ലെങ്കിലും--അപരിചിതമായിരുന്നില്ല. ദണ്ഡി തുടങ്ങിയ പൂർവാചാര്യന്മാരുടെ കൃതികളിൽ ധ്വന്യാസ്പദങ്ങളായ പല അലങ്കാരങ്ങളും ഉദാഹരണങ്ങളോടുകൂടി വിവരിച്ചിരിക്കുന്നതു കാണാം. കാവ്യാദർശത്തിലെ പര്യായോക്തം, സമാസോക്തി, അപ്രസ്തുതപ്രശംസ മുതലായ അലങ്കാരങ്ങളുടെ വിശദീകരണം ദണ്ഡിയുടെ വ്യംഗ്യാർത്ഥപരിചയത്തിനു മതിയായ തെളിവാണ്. എന്നുതന്നെയല്ല ഈ ഗ്രന്ഥത്തിലെ ചില ശ്ലോകങ്ങൾ ധ്വനിമയമായി കാണപ്പെടുന്നുമുണ്ടു. ഉദാഹരണമായി ഒരു കാമിനി അവളുടെ യാത്രോത്സുകനായ കാമുകനോടു പറയുന്നതായി രചിച്ചിരിക്കുന്ന ഒരുശ്ലോകം പരിശോധിക്കാം.

ഗച്ഛ ഗച്ഛസി ചേത് കാന്ത
പന്ഥാനഃ സന്തു തേ ശിവാഃ
മമാപി ജന്മ ത[illegible]
ഭൂയാദ്യത്ര ഗതോ ഭവാൻ (കാവ്യാദർശം II-141)

"അല്ലയോ കാന്ത പൊയ്ക്കൊള്ളുക. പോകുന്നപക്ഷം അങ്ങയുടെ മാർഗ്ഗം ശുഭമായിരിക്കട്ടെ. അങ്ങു് എവിടെയാണോ പോകുന്നതു് അവിടെ എനിക്കു് ജന്മമുണ്ടാകട്ടെ—" ഇതാണ് ഈ ശ്ലോകത്തിന്റെ വാച്യാർത്ഥം. ഇതനുസരിച്ചു് യാത്രയാകുവാൻ കാമുകനു അനുവാദം ലഭിച്ചിരിക്കയാണല്ലോ. എന്നാൽ ഈ ശ്ലോകത്തിന്റെ സൂക്ഷ്മമായ അർത്ഥം-ധ്വന്യമാനമായ അർത്ഥം വേറെ മാതിരിയാണ്. കാമുകനോടുള്ള അതിമാത്രമായ പ്രണയം നിമിത്തം വിരഹം ദുസ്സഹമാണെന്നും, അതുകൊണ്ടു അയാൾ പിരിഞ്ഞുപോകരുതെന്നും അങ്ങനെപോകുന്നപക്ഷം താൻ ആത്മഹത്യചെയ്യുമെന്നുമാണ് കാമിനി വിവക്ഷിക്കുന്നതു്. ധ്വനി എന്ന പദംകൊണ്ടു അർവാചീനകാലങ്ങളിൽ നിർദ്ദേശിച്ച കാവ്യധർമ്മം ദണ്ഡിക്കു പരിചിതമായിരുന്നു എന്നുള്ളതു് ഇത്രയുംകൊണ്ടു് സിദ്ധമാകുന്നുണ്ടല്ലോ.

അനേകം അർത്ഥാലങ്കാരങ്ങളും ശബ്ദവൈചിത്ര്യങ്ങളും ദണ്ഡിയുടെ ചർച്ചയ്ക്കു വിഷയമായിരിക്കുന്നു. കൂടാതെ കാവ്യഗുണങ്ങളേയും ദോഷങ്ങളേയും അദ്ദേഹം വിശദീകരിക്കുന്നുണ്ടു്. ഗുണപൌഷ്കല്യവും ദോഷരാഹിത്യവും സത്കാവ്യത്തി

(ശേഷം നാലാംപേജിൽ)

## ഹാഫ്ടോണും ലൈനും ബ്ലാക്കുകൾ

ലൈനും, ഹാഫ്ടോണും ബ്ലാക്കുകൾ സിങ്കിലും കാപ്പറിലും ആവശ്യക്കാരുടെ ഹിതാനുസരണം ഏതുസൈസിലും മിതമായ നിരക്കിനു കൃത്യസമയത്തു ചെയ്തുകൊടുക്കുന്നതാണ്. ഉടൻ ഫോട്ടോ അല്ലെങ്കിൽ സ്കെച്ചുസഹിതം ആർഡർ ചെയ്യുക.

കൂടുതൽ വിവരം എസ്. ആർ. വി. പ്രസ്സിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

S. R. V. PROCESS STUDIO, QUILON.

## എളുപ്പമുള്ള പ്രശ്നം

Present Competition G. 38 **Rs 25000** Previous Result Total Comp tition. 34 F

| | | | |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |

മുഴുവനും പിരിഞ്ഞുകിട്ടുന്നപക്ഷം

പൂരിപ്പിക്കേണ്ടവിധം:—മുകളിലെ ഇടത്തേ അററത്തുള്ള ഖണ്ഡംമുതൽ തുടങ്ങി 2 മുതൽ 17 വരെയുള്ള അക്കങ്ങൾകൊണ്ടു് പൂരിപ്പിക്കുക. ഒരക്കം ഒരു പ്രാവശ്യം മാത്രമെ ഉപയോഗിക്കാവൂ. നേരെയും, കോണോടുകോണും കുറുകെയും, കൂട്ടിയാൽ ആകെത്തുക 38 വരണം.

| | | | |
|---|---|---|---|
| 11 | 4 | 6 | 13 |
| 5 | 14 | 12 | 3 |
| 16 | 7 | 1 | 10 |
| 2 | 9 | 15 | 8 |

അഞ്ചു സമ്മാനങ്ങൾ

രു: 10000, 6000 4000, 3000, & 2000

മദ്രാസിലെ റിലയൻസ് ബാങ്ക് ഓഫ് ഇൻഡ്യയിൽ സീൽവച്ചു സൂക്ഷിച്ചിരിക്കുന്ന ഉത്തരത്തോടൊപ്പം ശരിയാകുന്നതിനു് 1-ാംസമ്മാനം. ആദ്യത്തെ രണ്ടു വരിമാത്രം ശരിയാകുന്നവർക്കു് രണ്ടാം സമ്മാനം. ആദ്യത്തെ ഒരുവരി മാത്രം ശരിയാകുന്നവർക്കു മൂന്നാംസമ്മാനം. ആദ്യത്തെ രണ്ടു അക്കം മാത്രം ശരിയായാൽ നാലാംസമ്മാനം. ആദ്യത്തെ ഒരക്കം മാത്രം ശരിയായാൽ അഞ്ചാംസമ്മാനം. പിരിഞ്ഞുകിട്ടുന്ന തുക 25000 രൂപയിൽ കുറവാകുന്നപക്ഷം അതനുസരിച്ചു സമ്മാനത്തുകയും കുറയ്ക്കുന്നതാണ്.

ഒന്നും രണ്ടും സമ്മാനാർഹരെ ഉടനെ കമ്പിമൂലം അറിയിക്കുന്നതായിരിക്കും. എല്ലാവർക്കും പ്രൈസ്‌ലിസ്റ്റ് അയക്കുന്നതാണ്.

അവസാനത്തീയതി: 17-1-1948 ഫലം: 31-1-1948.

പ്രവേശനഫീസ: ഒരുത്തരം 1 രൂപയും 6 ഉത്തരങ്ങൾക്കു് 5 രൂപയും.

വെള്ളക്കടലാസിൽ എത്ര ഉത്തരം വേണമെങ്കിലും അയക്കാം. പ്രവേശനഫീസ് മണിയാർഡറോ പോസ്റ്റൽ ആർഡറോ ആയി സ്വീകരിക്കും. ഉത്തരത്തിനു് സ്റ്റാമ്പു വയ്ക്കണം. ഉത്തരം രജിസ്റ്റർചെയ്തയക്കുന്നതു നന്നായിരിക്കും. രജിസ്റ്റർചെയ്യാതെ അയച്ചാൽ ഉത്തരങ്ങൾ നഷ്ടപ്പെടുന്നപക്ഷം ഞങ്ങൾ ഉത്തരവാദികളല്ല. എല്ലാം കാര്യങ്ങളിലും ഞങ്ങളുടെ തീരുമാനം അവസാനതീരുമാനമായിരിക്കും. മറ്റെല്ലാ റൂളുകളും പതിവുപോലെ. ഇംഗ്ലീഷിൽതന്നെ എഴുതുക.

LUCK & Co, Govt. Reg. firm 1564 43, 5. Isvaran St. Madras 17.

# ദാരിദ്ര്യവും ദൂരീകരണോപായങ്ങളും

## ഒരു സാമൂഹ്യ വിശകലനം

കെ. ഗോപാലപിള്ള ബി. ഏ.

അറിയാൻ കഴിഞ്ഞിടത്തോളം, അതിപ്രാചീനകാലം മുതൽ മനുഷ്യസമുദായത്തിൽ നിലനിന്നുവരുന്ന ഒരു സാമ്പത്തികദുർഘടമാണ് ദാരിദ്ര്യം. ചരിത്രത്തിൽ ആരായുമ്പോൾ ആദികാലങ്ങളിൽ ദാരിദ്ര്യത്തെപ്പറ്റി ഏതാനും സ്പഷ്ടമായ പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടുള്ളവർ മതപ്രവാചകരും മതപ്രബോധകരുമാണെന്നു കാണാം. അവർ ധനവാനെ നിന്ദിക്കുകയും ദരിദ്രനെ പുകഴ്ത്തുകയും ചെയ്തിട്ടുണ്ട്. ദരിദ്രന്റെ മേൽ ധനവാൻ നടത്തുന്ന മർദ്ദനത്തെ മതപ്രവാചകരെപ്പോലെ അത്ര കഠിനമായി മറ്റാരെങ്കിലും വിമർശിച്ചിട്ടുണ്ടോ എന്നു സംശയിക്കുന്നു. ജനസമുദായത്തിന്റെ മഹാരോഗമെന്നു പറയപ്പെടാവുന്ന ദാരിദ്ര്യത്തിന്റെ ദൂരീകരണത്തെ ഉദ്ദേശിച്ചാണ് ദരിദ്രനു ധനവാൻ ധനദാനം ചെയ്യണമെന്നു മതങ്ങൾ അനുശാസിക്കുന്നത്. ഓരോ വ്യക്തിയോടും ചെയ്യുന്ന ഈ ഉൽബോധനം ഐച്ഛികമായിരിക്കുന്നതല്ലാതെ നിർബന്ധമല്ല. വല്ലപ്പോഴും വല്ലയിടത്തും അനിശ്ചിതമായ അളവിൽ പെയ്യുന്ന മഴപോലെയല്ലാതെ മതോപദേശമൂലം ജനസമുദായത്തിലെ നിസ്സഹായജനങ്ങളുടെയിടയിൽ ദാനം അഥവാ സമ്പദ്വിതരണമുണ്ടായതായി അറിവില്ല. മതഭക്തിയിൽനിന്നുണ്ടാകുന്ന ദാനധർമ്മങ്ങൾക്കു പ്രതിബന്ധകാരികളായ ചില വിശ്വാസങ്ങളും ജനങ്ങളുടെയിടയിൽ പ്രചരിച്ചിട്ടുണ്ട്. ദാരിദ്ര്യം ദൈവകല്പിതമാണെന്നും കർമ്മഫലമാണെന്നുമൊക്കെ ഉള്ളതാണ് ഈ വിശ്വാസം. ഒരുപക്ഷേ മനുഷ്യനിയന്ത്രണത്തിനതീതമെന്നു വിചാരിക്കപ്പെടുന്ന ചില ദാരിദ്ര്യകാരണങ്ങളെപ്പറ്റി ചിന്തിച്ചു നൈരാശ്യപ്പെട്ടായിരിക്കാം ഇപ്രകാരമൊരു മനോഗതിയുണ്ടായത്. എന്നാൽ ഈ മനോഗതിമൂലം കാരുണ്യത്തിന്റെ ഉറവുകൾ കൃത്രിമമായി വറ്റിപ്പോകാനും ദാരിദ്ര്യത്തെക്കുറിച്ചു ഔദാസീന്യം വർദ്ധിക്കുവാനും ഇടയായിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഇന്നത്തെ സ്ഥിതിയിൽ ദാരിദ്ര്യം ഒട്ടേറെയും മനുഷ്യകൃതമാണെന്നു പറയാം. സാമൂഹ്യമായോ തിൽ ഉദ്യമിക്കുന്നതായാൽ ദാരിദ്ര്യദൂരീകരണം മനുഷ്യസാദ്ധ്യവുമാകുന്നു.

സമ്പദ്വിതരണം ഇന്നത്തെ രീതിയിൽ തുടരുന്നതായാൽ ചെയ്യാലൊന്നും വന്നുചേരാത്തവരും അഥവാ വന്നുചേർന്നാൽ തന്നെയും അവകൊണ്ടു നിത്യാവശ്യങ്ങൾക്കു തികയാത്തവരുമാണ് ദരിദ്രന്മാർ. വിപ്ലവങ്ങളുടെയും അസംതൃപ്തികളുടെയും വിത്തുകൾ ഈ ദരിദ്രന്മാരുടെയിടയിലാണ് വിതയ്ക്കപ്പെടുന്നത്. ജനസമുദായത്തിൽ ഏറ്റവും കുറഞ്ഞ വരവുള്ളവരും ഏറ്റവും താണതരത്തിൽ ജീവിക്കുന്നവരുമാണു ദരിദ്രന്മാർ. ഇവരുടെ ദാരിദ്ര്യം മാറണമെങ്കിൽ നിലവിലിരിക്കുന്ന സമ്പദ്വിതരണരീതി വ്യത്യാസപ്പെടുത്തുകയും കൂടുതൽ നീതിപൂർവ്വമായ അടിസ്ഥാനത്തിൽ മനുഷ്യസമുദായത്തെ സംഘടിപ്പിക്കുകയും ചെയ്യാതെ സാദ്ധ്യമല്ല.

കുറഞ്ഞ വരവുള്ള വ്യക്തികൾക്കും കുടുംബങ്ങൾക്കും ആരോഗ്യവും പ്രവൃത്തിശേഷിയും കുറവായിരിക്കുകയേ ഉള്ളു. ആകൃതി, തൊഴിൽ, ധനസ്ഥിതി മുതലായ സംഗതികളിൽ മനുഷ്യർക്കു ഭിന്നത അനിവാര്യമാണെന്നു പൊതുനിയമങ്ങൾ പറയുവാൻ കഴിയുമായിരിക്കാം; എങ്കിലും ഇക്കാലത്തു സുഖജീവിതത്തിനു തികയുവാൻ ഓരോരുത്തർക്കു ഇത്രമാത്രമെങ്കിലും വരവുണ്ടായിരുന്നേ കഴിയൂ എന്നു ക്ലിപ്തപ്പെടുത്താതിരിക്കുന്നതു നീതിയല്ല. കിട്ടുന്നതുകൊണ്ടോ തരുന്നതുകൊണ്ടോ ഒരു വിപുലവിഭാഗം ജനങ്ങൾ കഴിഞ്ഞുകൊള്ളണമെന്നു വിധിക്കുന്നതു വിധിയല്ല, കീഴടങ്ങുകയും സ്വേച്ഛാധികാരത്തെ മൂർച്ഛിപ്പിക്കുകയുമാണ്. ദാരിദ്ര്യദൂരീകരണത്തിനു വഴിയാംവണ്ണം ഉദ്യമിക്കായ്കയാൽ ദാരിദ്ര്യരിൽനിന്നു യാചകരും യാചകരിൽനിന്നു രോഗികളും ജനസമുദായത്തിൽ വർദ്ധിക്കുന്നു. നേരനിരത്തിലിറങ്ങി യാചിക്കാതെ സമുദായത്തിലെ അന്ധകാരമയമായ ഊടുവഴികളിലും അറകളിലും ഇരുന്നു പരോക്ഷമായ വിധത്തിൽ തെണ്ടൽ നടത്തുന്ന എത്രയധികം ആളുകളുണ്ടെന്നു നാം ചിന്തിക്കുന്നുണ്ടോ? നാം അവരുടെ സ്ഥിതിവിവരക്കണക്കുകൾ എടുത്തിട്ടില്ല. സ്ഥിതിവിവരക്കണക്കുകൾ എടുക്കുകയെന്ന ഏർപ്പാടേ നമുക്കില്ല. സാമൂഹ്യജീവിതത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ ജനസമൂഹത്തിന്റെ ഛായാചിത്രം തന്നെയായിരിക്കും. ഇന്നത്തെ വികൃതരൂപം കാണുന്നതിനു പലർക്കും ഇഷ്ടമില്ലാത്തതിൽ ആശ്ചര്യപ്പെടാനുമില്ല.

ദാരിദ്ര്യത്തിന്റെ അളവും വ്യാപ്തിയും ഓരോ കാലത്തു, ഓരോ ദേശത്തു വ്യത്യസ്തങ്ങളായി കാണപ്പെടുന്നു. റഷ്യയിലൊഴിച്ചു മററു യാതൊരു രാജ്യത്തും ദാരിദ്ര്യത്തെ പരിപൂർണ്ണമായി ദൂരീകരിച്ചിട്ടില്ലെന്നാണു പറയപ്പെടുന്നത്. അങ്ങനെയാണെങ്കിൽ റഷ്യയുടെ സാമ്പത്തികവ്യവസ്ഥ അത്യന്തം ശ്രദ്ധേയമാണ്. ബുത്തു്ഫ്വർഫൽ ലണ്ടൻനഗരത്തിലും റൌൺട്രി ഫ്രാർ-ൽ യാക്ക്നഗരത്തിലും ഇദംപ്രഥമായി ദരിദ്രരുടെ കണക്കെടുത്തു. അന്നു ലണ്ടനിൽ ഏകദേശം മുപ്പതു ശതമാനവും യാക്കിൽ മുപ്പതു ശതമാനവും ദരിദ്രരുണ്ടായിരുന്നു. ഫർഫർ-ൽ ലണ്ടനിൽ ദരിദ്രരുടെ കണക്കെടുത്തപ്പോൾ അവരുടെ ശതമാനം പത്തുണ്ടായിരുന്നു. ഫർവരി-ലെ കണക്കിൽ ഇതു കേവലം ആറു ശതമാനത്തോളമായി കുറയുകയും ചെയ്തു. ഫലമില്ലാതല്ല ഈ കുറവ്. സാമൂഹ്യരക്ഷാദോഗപദ്ധതികൾ ഗവണ്മെണ്ടിൽനിന്നു നടപ്പിലാക്കിയതുതന്നെയായിരുന്നു കുറവിന്റെ കാരണം. കുബേരരാജ്യമായ അമേരിക്കയിലെ ജനങ്ങളിൽ മൂന്നിലൊരുഭാഗം ദരിദ്രരാണെന്നു പറയപ്പെടുന്നു. ഒരാണ്ടിൽ നാനൂറ്റിഎഴുപത്തിയഞ്ചു ഡാളർവരെ വരവുള്ളവർ അവിടെ ദരിദ്രരാണ്. ഈ തോതുവച്ചു നോക്കുമ്പോൾ ഇൻഡ്യ ദരിദ്രലക്ഷങ്ങളുടെ രാജ്യമാണെന്നു പറയുന്നതു് അതിശയോക്തിയല്ല.

ദാരിദ്ര്യത്തിനു നിരവധി ഹേതുക്കളെ സാമ്പത്തികശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നു. മാൽത്തൂസും കാറൽമാർക്സും ഹെൽട്രിജാർജ്ജും വ്യത്യസ്താഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നു. ദാരിദ്ര്യകാരണത്തെ ബാഹ്യമെന്നും വ്യക്തിഗതമെന്നും രണ്ടായി വിഭജിക്കാം. ബാഹ്യകാരണത്തിൽ തന്നെ നൈസർഗ്ഗികകാരണമെന്നും സാമൂഹ്യകാരണമെന്നും രണ്ടു ഉൾപ്പിരിവുകളുമാകാം.

ഫലഭൂയിഷ്ഠമല്ലാം ഭൂമിയും ഫലഭൂയിഷ്ഠതയുണ്ടാകാത്ത കാലാവസ്ഥകളും ദാരിദ്ര്യത്തിന്റെ നൈസർഗ്ഗികകാരണങ്ങളാകുന്നു. എന്നാൽ ഈ നൈസർഗ്ഗികകാരണങ്ങളെ സയൻസിന്റെ സഹായത്തോടുകൂടി അമേരിക്ക, ബ്രിട്ടൻ, റഷ്യ മുതലായ രാജ്യങ്ങൾ ദൂരീകരിച്ചിട്ടുണ്ട്. യന്ത്രസഹായത്തോടുകൂടിയ കൃഷിയും വ്യവസായവും വിഭവവൈവിധ്യത്തെയും വിഭവാധിക്യത്തെയും ഉണ്ടാക്കിയിരിക്കുന്നു. നവീകൃതമായ സാധനനിർമ്മാണരീതികളും ശാസ്ത്രീയമായ വ്യാവസായികപ്രവർത്തനങ്ങളുംകൊണ്ടു ദൌർല്ലഭ്യത്തെ എപ്രകാരം ആട്ടിപ്പായിക്കുവാൻ കഴിയുമെന്നു പാശ്ചാത്യരാജ്യങ്ങൾ കാണിച്ചുകഴിഞ്ഞു.

ഫലഭൂയിഷ്ഠതയോ വിഭവസമൃദ്ധിയോ ഉണ്ടെന്നുവച്ചു് ഒരു ജനസമുദായം ദാരിദ്ര്യത്തിൽനിന്നു വിമുക്തമാകാതിരിക്കണമെന്നില്ല. ഇതു സാമൂഹ്യമായ കാരണങ്ങൾകൊണ്ടാണ്. ഈ ഇനത്തിൽപെടുന്ന കാരണങ്ങളെയാണു വിസ്തരിച്ചു മനസ്സിലാക്കേണ്ടതു്.

പ്രായോഗികമായി ചിന്തിക്കുമ്പോൾ ജനസമുദായത്തിൽ നിലവിലുള്ള കുറഞ്ഞ ശമ്പളം ദാരിദ്ര്യഹേതുകമാണ്. സാധനവിലയോടു തത്തുല്യപ്പെടുത്തിനോക്കുമ്പോൾ ഒരു മനുഷ്യനു സാമാന്യമായി കഴിഞ്ഞുകൂടുന്നതിനത്യന്താപേക്ഷിതമായ സാധനങ്ങൾ വാങ്ങുവാൻ തികയാത്ത ശമ്പളമാണ് കുറഞ്ഞ ശമ്പളം അഥവാ കുറഞ്ഞ കൂലി. ചില കുടുംബങ്ങളിൽ ജോലിക്കുപോകുന്ന എല്ലാവരുടെ ശമ്പളം ഒന്നിച്ചുചേർത്താലും കുടുംബാവശ്യം നിർവ്വഹിക്കുവാൻ സാധിക്കുന്നില്ല. ദാരിദ്ര്യമാണു ഫലം. നമ്മുടെ പല വീടുകളിൽ അന്വേഷിച്ചാലും ഗൃഹനാഥന്റെ വരവുകൊണ്ടു ഭാര്യയേയും കുട്ടികളേയും സംരക്ഷിക്കാൻ പര്യാപ്തമല്ലെന്നു കാണാം. ഇങ്ങനെ അപര്യാപ്തശമ്പളംകൊണ്ടു ബുദ്ധിമുട്ടിയും കഷ്ടപ്പെട്ടും ജീവിക്കുന്നവർക്കു തൊഴിലില്ലായ്മകൂടിയുണ്ടായാൽ ദാരിദ്ര്യമുണ്ടാകയും ആ ദാരിദ്ര്യം ചിലപ്പോൾ യാചകതയായി രൂപാന്തരപ്പെടുകയും ചെയ്യുന്നു. സാമ്പത്തികലോകത്തിൽ സുപരിചിതമായ വ്യാപാരക്രമം തിരിഞ്ഞുവരുമ്പോൾ സാമ്പത്തികാധഃപതനം ആവർത്തിക്കുന്നു. സാമ്പത്തികാധഃപതനത്തിന്റെ ദുഃസന്താനമാണു തൊഴിലില്ലായ്മ. ജനസമുദായത്തിൽ പരക്കെയുണ്ടാകുന്ന തൊഴിലില്ലായ്മ നാനാപ്രകാരേണയും ദാരിദ്ര്യകാരണമാണ്. പണിമുടക്കുകളും മററു വ്യാവസായികക്കുഴപ്പങ്ങളും ദാരിദ്ര്യത്തെ സൃഷ്ടിക്കുന്നു. കുടിൽവ്യവസായങ്ങൾകൊണ്ടുമാത്രം കഴിഞ്ഞുകൂടുന്ന ഒരു ജനസമുദായത്തിൽ പെട്ടെന്നു് അനിയന്ത്രിതമായി യന്ത്രങ്ങൾ പ്രവർത്തിച്ചുതുടങ്ങിയാൽ തൊഴിലില്ലായ്മയും ദാരിദ്ര്യവുമുണ്ടാകും. ഇംഗ്ലണ്ടിലെ വ്യാവസായികവിപ്ലവകാലത്തു് ഈ അനുഭവമുണ്ടായി. ഇൻഡ്യയിൽ ഇതുണ്ടാകാതെയിരിക്കുന്നതിനാണ് ഗാന്ധിയൻപ്രസ്ഥാനവും വ്യാവസായികം സൂത്രകമ്മിറ്റിയും അഭിനന്ദനീയമാംവണ്ണം ശ്രമിക്കുന്നതു്. സ്വതന്ത്രമായി കൃഷിചെയ്യാൻ അനുവാദം നിഷേധിക്കുന്നതും വിളവിന്റെ ഏറിയപങ്കും ജന്മിഭോഗമായി വാങ്ങി അറയിലിട്ടു ജനോപയോഗയോഗ്യമാക്കാതെ സ്തംഭിപ്പിക്കുന്നതും ദാരിദ്ര്യകാരണമാണ്. ജന്മിസമ്പ്രദായദൂഷ്യത്തെ നിവാരണംചെയ്തു രാജ്യത്തെ വ്യവസായീകരിച്ചും ദാരിദ്ര്യദൂരീകരണം സാധിച്ചിട്ടുള്ള രാജ്യങ്ങളുണ്ടു്. ജനങ്ങൾ ക്രമാധികം വർദ്ധിച്ചുകൊണ്ടിരിക്കുകയും തദനുസരണം വിഭവങ്ങൾ വർദ്ധിക്കാതിരിക്കുകയും ചെയ്യുന്നതു ദാരിദ്ര്യത്തെ വളർത്തും. വിഭവോല്പാദനം വർദ്ധിപ്പിച്ചു വിതരണം ക്രമീകരിച്ചെങ്കിലേ ആ ദോഷം പരിഹരിക്കപ്പെടുകയുള്ളു. ഒരു ജനസമുദായത്തിലെ തൊഴിലാളിവിഭാഗത്തിനു പ്രവൃത്തിപരിശീലനമില്ലാതെവരികയും പ്രവൃത്തിസാമർത്ഥ്യം കുറയുകയും ചെയ്താൽ വിഭവോല്പാദനം ക്ഷയിച്ചു ദാരിദ്ര്യമുണ്ടാകും. ജോലിചെയ്യുന്നവരെപ്പോലെതന്നെ വിവിധമണ്ഡലങ്ങളിൽ ജോലിചെയ്യിക്കുന്നവരുടെ അഥവാ ഭരിക്കുന്നവരുടെ പരിശീലനമില്ലായ്മയും കാര്യക്ഷമതാഹാനിയും ഉണ്ടായാലും ദാരിദ്ര്യം ഉണ്ടാകും. അനാരോഗ്യം അജ്ഞത, അലസത പരിശീലനമില്ലായ്മ ശിക്ഷണമില്ലായ്മ അവിശ്രമപ്രവൃത്തി ഇവയെല്ലാം ജനസമുദായത്തിൽ വേലചെയ്യുന്ന വിഭാഗത്തിന്റെ കാര്യക്ഷമതയെ കുറയ്ക്കുകയേയുള്ളു. ഒരു ജനസമുദായത്തിലെ ജോലിക്കാരെല്ലാം ഇപ്രകാരമായാൽ യുക്തമായ തൊഴിൽനിയമങ്ങളും മററു പ്രോത്സാഹനങ്ങളുംകൊണ്ടു് അതിനെ തടഞ്ഞില്ലെങ്കിൽ, ജനസമുദായത്തിൽ ദാരിദ്ര്യം സംക്രമിക്കും. ഇന്നത്തെ അപര്യാപ്തമായ സാമ്പത്തികവ്യവസ്ഥതന്നെ ദാരിദ്ര്യഹേതുകമാണ്. എളുപ്പം ചീത്തയാകുന്നതും അപ്പോൾ ആവശ്യമില്ലാത്തതുമായ സാധനങ്ങൾ യാതൊരു പൊതുനിയന്ത്രണവുമില്ലാതെ ധാരാളമുണ്ടാക്കി വിലയിടിവും തൊഴിലില്ലായ്മയും വരുത്തിയാൽ ദാരിദ്ര്യമുണ്ടാകും. ആവശ്യമുള്ള സാധനങ്ങൾ വേണ്ടിടത്തോളമുണ്ടാക്കാതെയും അതിന്നായി ആളുകളെ നിയോഗിച്ചു തൊഴിലില്ലായ്മ പരിഹരിക്കാതെയുമിരുന്നാൽ ആ സാമൂഹ്യകർമ്മവിലോപം ജനസമുദായത്തിൽ ദാരിദ്ര്യഹേതുകമായ പരിതഃസ്ഥിതി സൃഷ്ടിക്കുമെന്നു സമ്പൽതത്ത്വജ്ഞന്മാരഭിപ്രായപ്പെടുന്നു. അനാരോഗ്യകരമായ പരിസരങ്ങളും ശുചിത്വരഹിതവും അപകടകരവുമായ തൊഴിൽസ്ഥിതിയും രോഗകാരണമായിത്തീരുകയും കുടുംബസംരക്ഷകനായ സമ്പാദകന്റെ മരണത്തിനിടയാക്കുകയും ചെയ്യുന്നു. ഈ ഒരു സംഭവം ജനസമുദായത്തിൽ വർദ്ധിക്കുന്നതായാൽ അതു ദാരിദ്ര്യഹേതുകംതന്നെയാണ്. കുടുംബം അടിസ്ഥാനഘടകമായിരിക്കുന്ന ഒരു ജനസമുദായത്തിൽ മാതാപിതാക്കൾക്കു ധാരാളം കുട്ടികളുണ്ടായാൽ അവർക്കു വേണ്ടപോലെ ഭക്ഷണംകൊടുത്തു കായശേഷി വർദ്ധിപ്പിക്കുന്നതിനോ വിദ്യാഭ്യാസം നൽകി മാനസികപ്രാപ്തിയുണ്ടാക്കുന്നതിനോ പരിശീലനം നൽകി തൊഴിൽസാമർത്ഥ്യം നൽകുന്നതിനോ സാധിക്കുന്നില്ല. ഇവിധത്തിൽ കുട്ടികളിലുണ്ടായിത്തീരുന്ന അജ്ഞതയും അനാരോഗ്യവും കാര്യക്ഷമതയെ കുറയ്ക്കുകയും തദ്വാരാ ദാരിദ്ര്യത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. സമ്പത്തു കൂടുതൽ സമ്പത്തിനെയും ദാരിദ്ര്യം കൂടുതൽ ദാരിദ്ര്യത്തെയുമാണല്ലോ സൃഷ്ടിക്കുന്നതു്.

(ശേഷം ഒൻപതാംപേജിൽ)

(മൂന്നാംപേജിൽനിന്നും തുടർച്ച)

ന്നു അനുപേക്ഷണീയമാണെന്നു ആചാര്യൻ ശഠിച്ചിരുന്നു. ദോഷദുഷ്ടമായ കാവ്യത്തെപ്പററി അദ്ദേഹം എഴുതുന്ന വിധി സാധാരണ കവികളിൽ നടക്കുമെന്നുണ്ടാകുന്നതാണ്. "കാവ്യത്തിലെ അല്പമായ ദോഷംപോലും ക്ഷന്തവ്യമല്ല. ശരീരം സുന്ദരമായിരുന്നാലും കുഷ്ഠത്തിന്റെ അംശംപോലും അതിനെ ദുർഭഗമാക്കുന്നു" എന്നതാണ് ആ വിധി.

ഈ പ്രപഞ്ചനത്തിൽനിന്നും ദണ്ഡിയുടെ കാവ്യവിഭാവനത്തിന്റെ സാമാന്യരൂപം സാധിക്കുമെന്നു വിശ്വസിക്കുന്നു. ഈ വിഭാവനം പരിപക്വമാണെന്നു പറയാവുന്നതല്ല, കാവ്യധർമ്മങ്ങളെക്കുറിച്ചുള്ള പഠനത്തിന്റെ പ്രാരംഭദശയുടെ പ്രാതിനിധ്യംമാത്രമേ കാവ്യാദർശം പരിഹരിക്കുന്നുള്ളു. എന്നാൽ അർവ്വാചീനകാലങ്ങളിൽ ആലങ്കാരികന്മാർ പരിപോഷിപ്പിച്ച വിമർശസരണികളുടെ എല്ലാം പ്രാരംഭം ആ ഗ്രന്ഥത്തിൽ കാണുവാൻ കഴിയും.

—o—

കാമ്പ്രചാണനരസായനം

ഡപ്പ് ഒന്നുക്കു് വില 2 ക. 4 ണ.

ബാംബേ മെഡിക്കൽഹാൾ കൊല്ലം.

## വടക്കൻപാട്ടുകൾ

(൫൪ പാട്ടുകൾ അടങ്ങിയതു്)

പ്രാചീനകേരളത്തിന്റെ ആയോധനചരിതങ്ങൾ! ഹൃദയം ത്രസിപ്പിക്കുന്ന അങ്കപ്പുറപ്പാടുകൾ!! രക്തസാക്ഷികളുടെ ഭീകരാനുഭവങ്ങൾ!!! അവയെല്ലാം മലയാണ്മയുടെ മനോഹാരിതയിൽ രചിച്ചിട്ടുള്ള നമ്മുടെ വടക്കൻപാട്ടുകൾ, പലയിടങ്ങളിലും വിട്ടുപോയിട്ടുള്ള ഭാഗങ്ങൾകൂടി കണ്ടുപിടിച്ചുചേർത്തു് ക്രൗൺ ഷട്ടിലൊന്നുവലിപ്പത്തിൽ 412 പുറങ്ങളിലായി പരിഷ്കൃതരീതിയിൽ ഇതാ അച്ചടിച്ചു തയാറായിരിക്കുന്നു.

വില രൂ: 1 ണ 12

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

(പത്താംപേജിൽനിന്നുതുടർച്ച്)

വിദ്യാർത്ഥിപോലും അറിഞ്ഞിരിക്കാനിടയില്ലല്ലോ. അത്ര ഗഹനങ്ങളാണവ. പ്രൊഫസ്സർ ഹാർഡി ഗണിതപരമായി അനവധി ഉൽകൃഷ്ടഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിൻെറ "A Course in Pure Mathematics" എന്ന ഗ്രന്ഥത്തിൻെറ മാഹാത്മ്യം ഒന്നു വേറെതന്നെയാണ്. പ്രാധാന്യംകൊണ്ടോ, പ്രസിദ്ധികൊണ്ടോ ആ ഗ്രന്ഥത്തിനോടു കിടനില്ക്കത്തക്ക ഗ്രന്ഥങ്ങളൊന്നുംതന്നെ ഗണിതമണ്ഡലത്തിൽ ഇല്ലെന്നു പറയുന്നതു് കേവലം പരമാർത്ഥമാകുന്നു. സാമാന്യജനങ്ങളെ ഉദ്ദേശിച്ചു, പ്രൊ: ഹാർഡി "A Mathematician's Apology' എന്നൊരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിലൂടെ അദ്ദേഹത്തിൻെറ ഫലിതമർമ്മജ്ഞതയും, പ്രതിപാദനവൈദഗ്ദ്ധ്യവും എത്ര മനോഹരമായി പ്രതിബിംബിക്കുന്നു എന്ന് അതാസ്വദിച്ചവർക്കേ അറിയാവൂ! അവർക്കതു മറക്കുവാൻ സാദ്ധ്യവുമില്ല.

പ്രൊ: ഹാർഡി ഒരു ഒന്നാംതരം നിരൂപകനായിരുന്നു. പുരാതനമായ ചില പ്രസ്ഥാനങ്ങളെ അന്ധമായി ആരാധിച്ചു രചിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളെ അദ്ദേഹം നിർദ്ദയമായി ഖണ്ഡിച്ചിട്ടുണ്ട്. അദ്ദേഹം ഒരു പുരോഗമനവാദിയായിരുന്നു. ഗണിതമണ്ഡലത്തിൽ കണ്ടുവന്ന യാഥാസ്ഥിതികന്മാരോടു ധീരധീരം പോരാടിട്ടുമുണ്ട്. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ഇന്നത്തെ വിദ്യാഭ്യാസരീതിയെക്കുറിച്ചു അദ്ദേഹം ഇപ്രകാരം അഭിപ്രായപ്പെട്ടു കാണുന്നു. "ട്രൈപ്പാസ്സിലെ ഗണിതാഭ്യസനം നിഷ്പ്രയോജനങ്ങളുടെ ഒരു സമാഹാരമാകുന്നു. സംസ്കാരാതീതമായ ഒരു ഏർപ്പാടാണതു്: ഇനി അതിനെ സംസ്കരിക്കുകയല്ല, കുഴിച്ചുമൂടുകയാണു വേണ്ടതു്." എന്നു വിപ്ലവാത്മകമായ ഒരു പ്രസ്താവനയാണിതു.

വിനയത്തിൻെറ വിളനിലമായിരുന്നു പ്രൊ: ഹാർഡി. "രാമാനുജനെ പഠിപ്പിക്കുവാൻ സാധിച്ചതിനെക്കാൾ അധികം എനിക്കു അദ്ദേഹത്തിൽനിന്നു പഠിക്കുവാനാണു സാധിച്ചതു" എന്നു ഹാർഡി പറയുമ്പോൾ രാമാനുജൻെറ മാഹാത്മ്യം മാത്രമല്ല, ഹാർഡിയുടെ വിനയസ്വഭാവവും കൂടെയല്ലേ പ്രസ്പഷ്ടമാകുന്നതു്. ഇതുപോലെയുള്ള ഉദാഹരണങ്ങൾ അനവധി ഉദ്ധരിക്കാവുന്നതാണ്. സംഭാഷണചതുരൻ, പ്രസംഗപടു, ഗവേഷണപണ്ഡിതൻ ഇവയെല്ലാറ്റിനും പുറമെ പ്രൊ: ഹാർഡി കായികാഭ്യാസത്തിലും ഒട്ടും പിന്നോക്കമല്ലായിരുന്നു. ഒരു നല്ല 'ടെന്നിസ്സുകളിക്കാരൻ' ആയിരുന്നു അദ്ദേഹം.

ഹാർഡി ൧൮൭൭ ഫെബ്രുവരി ൭-ാംതീയതി ജനിച്ചു. ട്രിനിറ്റികാളേജിൽ പഠിച്ചുതുടങ്ങി. ൧൮൯൬ൽ കാളേജുവിദ്യാഭ്യാസം പൂർത്തിയാക്കി. ൧൯൦൦ൽ ട്രൈപ്പാസ് പരീക്ഷയ്ക്കു ചേർന്നു. ഒന്നാംക്ലാസ്സിൽ ഒന്നാമനായി ജയിച്ചു. അക്കൊല്ലംതന്നെ അദ്ദേഹം ട്രിനിറ്റിയിലെ ഒരു 'ഫെല്ലോ' ആയി തിരഞ്ഞെടുക്കപ്പെട്ടു. ഹാർഡിയും, (സർ) ജെയിംസ് ജീൻസും അവിടെ സഹാദ്ധ്യാപകന്മാരായിരുന്നു. ൧൯൦൬-ൽ ഹാർഡി ട്രിനിറ്റി കാളേജിൽ ഒരു ലക്ചററായി നിയമിക്കപ്പെട്ടു. ൧൯൧൪-ൽ 'കെയിലി' ലെക്ചററായി. ൧൯൧൯-ൽ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ 'സവിലിയൻ' പ്രൊഫസ്സറായി. ൧൯൩൧-ൽ കേംബ്രിഡ്ജ് സർവ്വകലാശാലയിൽ 'സാഡ്ലേറിയൻ' പ്രൊഫസ്സറായി ഹാർഡി നിയമിക്കപ്പെട്ടു.

സാഡ്ലേറിയൻ പ്രൊഫസ്സറുദ്യോഗത്തെക്കുറിച്ച് ഒരു ചെറിയ വിവരണം ഇവിടെ അപ്രകൃതമല്ലെന്നു വിചാരിക്കുന്നു. 'സാഡ്ലേറിയൻചെയർ' മേരി സാഡ്ലെയർ എന്ന മഹതിയുടെ ഔദാര്യത്തിൻെറ ഫലമായി സ്ഥാപിക്കപ്പെട്ടതാണ്. ൧൭൦൧-ൽ എഴുതിച്ചേർക്കപ്പെട്ട അവരുടെ മരണപത്രപ്രകാരം ആ മഹതി കേംബ്രിഡ്ജ് സർവ്വകലാശാലയ്ക്കു അവരുടെ ഒരു 'എസ്റ്റേറ്റ്' വിട്ടുകൊടുക്കുകയുണ്ടായി. ആ എസ്റ്റേറ്റിൽനിന്നുള്ള വരവ് ബീജഗണിത (Algebra) പരമായ പ്രസംഗങ്ങൾ നടത്തുന്നതിനുവേണ്ടി ചെലവുചെയ്യണമെന്നായിരുന്നു. അവരുടെ ഈ എസ്റ്റേറ്റ ൧൭൧൦-ലാണ് കേംബ്രിഡ്ജ് സർവ്വകലാശാലയ്ക്കു കൈവന്നതു്.

അതോടുകൂടി ഒരു "ലക്ചർഷിപ്പ്" സ്ഥാപിക്കപ്പെട്ടു. വിജ്ഞാനവിഭാഗങ്ങളുടെ ക്രമപൂർവ്വമായ വളർച്ച നിമിത്തം പ്രസംഗങ്ങൾ ബീജഗണിതപരമായിരിക്കണമെന്ന നിബന്ധന ആ പ്രസംഗങ്ങളുടെ പ്രാധാന്യത്തിനും പ്രാമാണ്യത്തിനും പ്രതിബന്ധമായിത്തീർന്നു. ശ്രോതാക്കളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു് ഇല്ലെന്നായി. ആ പ്രസംഗങ്ങൾ കേൾക്കുവാൻ ആളുകളെ പ്രേരിപ്പിക്കുന്നതുപോലും പ്രയാസമായിത്തീർന്നു. അങ്ങനെ ആ 'ലക്ചർഷിപ്പ്' തൽസ്ഥാപകയുടെ അഭിനിവേശം നിറവേറ്റാൻ പര്യാപ്തമല്ലാതായിത്തീർന്നു. ഇത്തരുണത്തിൽ ആ ലെക്ചർഷിപ്പ് നിറുത്തൽചെയ്തിട്ടു് തൽസ്ഥാനത്തു ഒരു പ്രൊഫസ്സറുദ്യോഗം സ്ഥാപിക്കുവാൻ (൧൮൬൩-ൽ) അധികാരികൾ നിശ്ചയിച്ചു. അങ്ങനെയുണ്ടായതാണു സാഡ്ലേറിയൻ പ്രൊഫസറുദ്യോഗം. ൧൮൬൩-ൽ ആ സ്ഥാനം നടപ്പിൽവന്നു. ആ ഉദ്യോഗം വഹിക്കുന്ന പണ്ഡിതൻെറജോലി- കൊല്ലംതോറും ഓരോ പ്രഫസരുടെ വേതനം വർദ്ധിപ്പിക്കുകയും പ്രസംഗപരമ്പര ഒന്നിൽനിന്നും രണ്ടായി കൂട്ടുകയുംചെയ്തു. ഒന്നാംകിട ഗണിതപണ്ഡിതൻെറ പ്രസംഗം കേൾക്കുവാൻ ട്രൈപ്പാസ്സ് വിദ്യാർത്ഥികൾക്കു അവസരം നല്കാമല്ലോ എന്നതായിരുന്നു ഈ ഉദ്യോഗസ്ഥാപനത്തിലുള്ള ഉദ്ദേശ്യം. പക്ഷെ ഈ ഉദ്ദേശവും സഫലമായില്ല. എന്തെന്നാൽ സാഡ്ലേറിയൻ പ്രൊഫസറന്മാർ സാധാരണയായി ഗവേഷണവിചക്ഷണന്മാരായിട്ടാണിരുന്നതും, ഇരിക്കുന്നതും; നൂതനതത്വങ്ങൾ ആവിഷ്കരിക്കുന്നതിലും വിജ്ഞാനസാമ്രാജ്യത്തിൻെറ വിസ്തീർണ്ണം വർദ്ധിപ്പിക്കുന്നതിലുമാണ്, അവരുടെ ശ്രദ്ധ മുഴുവൻ. നൂതനസിദ്ധാന്തങ്ങളെക്കുറിച്ചുള്ള പ്രസംഗങ്ങളും വിശദീകരണങ്ങളും പരീക്ഷയെ ഉന്നമാക്കി പഠിക്കുന്ന വിദ്യാർത്ഥികൾക്കു എത്രകണ്ടു ഉപകരിക്കും? തൽഫലമായി ഒരു വൈപരീത്യം ആവിർഭവിച്ചു. മിടുമിടുക്കന്മാരായ വിദ്യാർത്ഥികൾക്കുപോലും ഒരു പ്രയോജനവുമില്ലാത്ത ചില പ്രസിദ്ധഗണിതപണ്ഡിതന്മാർ കേംബ്രിഡ്ജ് സർവ്വകലാശാലയിൽ ഉദ്യോഗം ഭരിച്ചുവന്നു. അവരെ വിദ്യാർത്ഥികൾ ചിലപ്പോൾ അറിയുകകൂടെയുണ്ടായിട്ടില്ലത്രെ.

ഹാർഡി 'സാഡ്ലേറിയൻ' പ്രൊഫസ്സറായിരുന്നെങ്കിലും സകലരും അറിയാവുന്ന ഒരു ഗുരുശ്രേഷ്ഠനായിട്ടാണു വിളങ്ങിയതു്. ബർമിങ്ഹാം, മാഞ്ചെസ്റ്റർ, മാർബർഗ്ഗ്, ഓസ്ലോ, ഇവിടങ്ങളിൽനിന്നെല്ലാം അദ്ദേഹത്തിനു ആണററി ബിരുദങ്ങൾ നൽകപ്പെട്ടു. മിക്കവാറും എല്ലാ രാജ്യങ്ങളിലുമുള്ള ഗണിതവിചക്ഷണസമിതികൾ അദ്ദേഹത്തെ മെമ്പറായി സ്വീകരിച്ചു ചാരിതാർത്ഥ്യമടഞ്ഞു. കഷ്ടം! ശ്രീനിവാസരാമാനുജൻെറ അമേയമായ ബുദ്ധിപ്രകർഷവും, പ്രതിഭാവൈശിഷ്ട്യവും ആദ്യമായി കണ്ടെത്തിയ ആ ക്രാന്തദർശിയുടെ ഹൃദയം എന്നന്നേക്കുമായി അടഞ്ഞുപോയി. ഭാരതത്തിൻെറ ആ നൈസർഗ്ഗികനിധിയെ ആനാച്ഛാദനംചെയ്ത ആ വിശാലമനസ്കൻ, നമ്മെ സന്താപസമുദ്രത്തിൽ, അറ്റമില്ലാത്ത അന്ധകാരത്തിൽ തള്ളിട്ടു ആ കൊച്ചനുജനെ (രാമാനുജനെ) അനുഗമിച്ചു പരലോകം പൂകിക്കഴിഞ്ഞിരിക്കുന്നു.

(പകർപ്പവകാശം ലേഖകന്)

# വിദ്യാലയ വൈദ്യപരിശോധന

ഡാക്ടർ എൻ. സി. നായർ

വിദ്യാർത്ഥികളെ പരിശോധിക്കുന്നതിനും അവർക്ക് വേണ്ടുന്ന വൈദ്യസഹായം ചെയ്യുന്നതിനും ഒരു ഭീമമായ സംഖ്യ നമ്മുടെ ഗവർമ്മെണ്ട് അനുവദിക്കുകയും അതിൻെറ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരിക്കുന്ന ഈ സന്ദർഭത്തിൽ വിദ്യാലയങ്ങളിലെ വൈദ്യപരിശോധനയെപ്പറ്റി ചർച്ചചെയ്യുന്നതു അനുചിതമായിരിക്കുകയില്ലല്ലോ. നിർബ്ബന്ധിതവിദ്യാഭ്യാസം നടപ്പിൽ വരുത്തിയിട്ടുള്ള നമ്മുടെ നാട്ടിൽ നിർബ്ബന്ധിത വൈദ്യപരിശോധനകൂടി വേണമെന്നു നിശ്ചയിച്ചിട്ടുള്ളതു് ഏറ്റവും അഭികാമ്യവും അഭിമാനകരവുമത്രെ. ഇന്നത്തെ അഭ്യസ്തവിദ്യരായ യുവതീയുവാക്കന്മാരെ പരിശോധിക്കുന്ന പക്ഷം അവരിൽ പൂർണ്ണാരോഗ്യമുള്ളവർ വളരെ കുറഞ്ഞിരിക്കുന്നതായി കാണാം. അനവധിവർഷം അദ്ധ്യയനകാര്യത്തിൽ മാത്രം സശ്രദ്ധരായിക്കഴിയുന്ന യുവാക്കൾ ഒരു അനാരോഗ്യലോകമാണ് സൃഷ്ടിക്കുന്നതെന്നു നമ്മൾക്കു ഗ്രഹിക്കാൻ കഴിയുന്നുണ്ട്. അവർ വളരെ ജ്ഞാനികളായിരിക്കാം; ധിഷണാശാലികളായിരിക്കാം; കുശാഗ്രബുദ്ധികളായിരിക്കാം; പ്രവർത്തിചതുരന്മാരായിരിക്കാം; അവർക്കു പല മഹൽകൃത്യങ്ങളും ചെയ്യുവാൻ ആഗ്രഹമുണ്ടായിരിക്കാം; സാധിക്കുമായിരിക്കാം; അതിരറ്റ പാണ്ഡിത്യം അവർ സമാർജ്ജിച്ചിട്ടുണ്ട്. എന്നാൽ ആരോഗ്യത്തിൻെറ കുറവ് ഒന്നുമാത്രം കൊണ്ടു് അവർ പ്രവൃത്തിശൂന്യരായിപ്പരിണമിക്കുന്നു. അവർ നിരുത്സാഹരായിത്തീരുന്നു. അവരുടെ ബുദ്ധിവൈഭവവും മാഹാത്മ്യവും നിഷ്പ്രഭമായിത്തീരുന്നു. പൊതുജനോപകാരപ്രദമായിത്തീരേണ്ട അവരുടെ മഹത്തായ ജീവിതം ഉപയോഗശൂന്യമായി പരിണമിക്കുന്നു. ആരോഗ്യത്തിൻെറ കുറവാണു അതിനു കാരണം. വിദ്യാഭ്യാസവും ആരോഗ്യവും ഒരുമിച്ചു അഭിവൃദ്ധിയെ പ്രാപിക്കേണ്ടതു് ഏറ്റവും ആവശ്യമാണ്. പരിഷ്കൃതലോകം ഈ തത്വം ശരിയായി മനസ്സിലാക്കിക്കഴിഞ്ഞു. ശൈശവത്തിൽ ആരോഗ്യം പരിരക്ഷിക്കുന്നു എങ്കിൽ അതു എന്നെന്നേക്കും മൂല്യമായ ഒരു നേട്ടം ആയിരിക്കും. രോഗം വാശിയാക്കുന്നതിനേക്കാൾ അതു് വരാതിരിക്കാൻ നോക്കുന്നതാണ് ഉത്തമം, (Prevention is better than Cure) എന്നും "പ്രക്ഷാളനാദ്ധി പങ്കസ്യ ദൂരാദസ്പർശനം വരം" എന്നുമുള്ള മഹദ്വചനങ്ങൾ ഏറ്റവും അർത്ഥവത്താണ്. നിർബ്ബന്ധിതവിദ്യാഭ്യാസവും അതിനോടനുബന്ധിച്ചിട്ടുള്ള രോഗപരിശോധനയും ചികിത്സാരീതിയും ഒരു നാട്ടിൻെറ നാഗരികതയേയും അഭിവൃദ്ധിയേയും സൂചിപ്പിക്കുന്ന ഘടകങ്ങളാണ്. കുട്ടികളുടെ ആരോഗ്യത്തെ അവഗണിച്ചുപോരുന്ന പൊതുജനാരോഗ്യപ്രവർത്തനങ്ങൾ അതിൻെറ ശരിയായ ഫലം ഒരിക്കലും പൂർത്തീകരിക്കുന്നില്ല. അതുകൊണ്ടാണ് വിദ്യാലയങ്ങളിൽ വൈദ്യപരിശോധന അപരിത്യാജ്യമാണെന്നു പരിഷ്കൃതരാഷ്ട്രങ്ങൾ വിധിച്ചിട്ടുള്ളതു്.

ഇംഗ്ലണ്ടിൽ, വിദ്യാലയങ്ങളിൽ വൈദ്യസഹായത്തിൻെറ മാഹാത്മ്യം നല്ലപോലെ ഗ്രഹിച്ചതിൻെറ ഫലമായി അതു് പാർലമെൻറിൽ ഒരു നിയമമായി രൂപാന്തരപ്പെട്ടു. ഭാവിതലമുറയുടെ ആരോഗ്യവും, സന്മാർഗ്ഗജീവിതവും അഭിവൃദ്ധിപ്പെടുന്നതിനു ഇതു ഏറ്റവും ഉപയുക്തമായിട്ടുള്ളതാണെന്നു് അവർ ഗ്രഹിച്ചു. കുട്ടികളെ മാത്രം പരിശോധിച്ചതുപോരെന്നും, യൗവനത്തിലേക്കു കടക്കുമ്പോൾ പല ന്യൂനതകളും അവരിൽ രൂപംപ്രാപിക്കാൻ ന്യായമുള്ളതുകൊണ്ടു് പന്ത്രണ്ടുവയസ്സിൽ കൂടുതലുള്ള വിദ്യാർത്ഥികളെ അവരുടെ വിദ്യാഭ്യാസകാലത്തിൽ വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും പരിശോധിക്കേണ്ടതാണെന്നും അവർ നിശ്ചയിച്ചു. തന്മൂലം ൧൯൦൭-ൽ വിദ്യാർത്ഥികളായ ബാലന്മാരെയും യുവാക്കളെയും ഒന്നുപോലെ വൈദ്യപരിശോധനയ്ക്കു വിധേയരാക്കിക്കൊണ്ടു നിയമമുണ്ടായി. [illegible]-ൽ ഇംഗ്ലണ്ടിലും വെയിത്സിലുമായി [illegible] മെഡിക്കൽ ആഫീസറന്മാരും [illegible] നേഴ്സുമാരും [illegible] ഡെൻറിസ്റ്റുകളും വിദ്യാലയപരിശോധനയ്ക്കു നിയമിതരായിരുന്നതായി അറിയുന്നു. അവർ [illegible] കുട്ടികളെ പരിശോധിച്ചതായും കാണുന്നു. ഒരു മെഡിക്കൽ ആഫീസർ ഒരു വർഷത്തിൽ ശരാശരി ആയിരത്തി അഞ്ഞൂറ്റിഅറുപതുപേരെ പരിശോധിച്ചതായി തെളിയുന്നു. ആകെയുണ്ടായിരുന്ന വിദ്യാർത്ഥികളുടെ ൩൦-ശതമാനം മാത്രമെ അവർക്ക് പരിശോധിക്കുവാൻ കഴിഞ്ഞുള്ളു.

വിദ്യാർത്ഥികൾക്കു രോഗം ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുകയും വന്നാൽ അതു് വാശിയാക്കുകയുമാണു ശരിയായ വിദ്യാലയവൈദ്യസഹായംകൊണ്ടു സാധിക്കേണ്ടതു്. രാവിലെ ഏതാനും കുട്ടികളെ പരിശോധിക്കുകയും അതിൽ രോഗങ്ങളുള്ളവർക്കു വൈകുന്നേരം മരുന്നുകൊടുക്കുകയും ചെയ്യുന്നതു പരിശോധിച്ചു ഏതാനുംദിവസങ്ങൾ കഴിഞ്ഞു ചികിത്സിക്കുന്നതിനേക്കാൾ ഏറ്റവും ഉത്തമവും ഉപകാരപ്രദവുമായിരിക്കും. ആഹാരക്കുറവ് ശുചിത്വമില്ലായ്മ പകർച്ചരോഗം മുതലായവയും ഇക്കൂട്ടത്തിൽ പരിഹരിക്കേണ്ട പ്രധാന കാര്യങ്ങളാണ്. ആഹാരം ഇല്ലാത്ത കുട്ടികൾക്കു അതു് നൽകുകയും പകർച്ചരോഗങ്ങൾ വരാതിരിക്കാൻ മരുന്നുകുത്തിവയ്ക്കുകയും ശുചിത്വം പരിപാലിക്കാൻ വസ്ത്രം സോപ്പു മുതലായവകൊടുക്കുകയും ചെയ്യേണ്ടതാണ്.

നമ്മുടെ കുട്ടികളിൽ ഭൂരിഭാഗംപേർക്കും എന്തെങ്കിലും രോഗം ഉണ്ടായിരിക്കും. അതു പരിഹരിക്കുന്നതിനുള്ള സൗകര്യങ്ങൾ മെഡിക്കലാഫീസന്മാർക്കു ഉണ്ടായിരിക്കേണ്ടതാണ്. കുട്ടികളോടു പെരുമാറേണ്ട രീതി ഒരു ഡാക്ടർ നല്ലപോലെ മനസ്സിലാക്കിയിരിക്കണം. സ്നേഹവും വാത്സല്യവും ക്ഷമയും ഇക്കാര്യത്തിൽ മെഡിക്കലാഫീസർക്കു അത്യാവശ്യം ഉണ്ടായിരിക്കണം. അവരുടെ കൃത്യം ഏറ്റവും മഹത്തരമായിട്ടുള്ളതാണെന്നു പ്രത്യേകം ധരിക്കണം.

ആഹാരവും ഔഷധവും ആരോഗ്യപരിപാലനവിഷയത്തിൽ ആവശ്യമായിത്തീരുന്നു. മനുഷ്യർക്കുള്ള രണ്ടു മഹാസങ്കടങ്ങൾ ദാരിദ്ര്യവും രോഗവുമാണ്. രോഗമില്ലെങ്കിൽ വലിയതെറ്റത്തെങ്കിലും ദാരിദ്ര്യശമനം വരുത്താൻ കഴിയും, അതുകൊണ്ടു നീരോഗദൃഢഗാത്രരായിത്തീരത്തക്കവണ്ണം നമ്മുടെ കുട്ടികളെ നാം വളർത്തുന്നതു് ദേശാഭിമാനത്തിൻെറ പര്യായമാണ്. രാജ്യശ്രേയസ്സിൻെറ മകുടംചാർത്തലാണ്. കുട്ടികൾക്കു ആഹാരവും പാലു മീനെണ്ണയും ധാരാളം കൊടുക്കേണ്ടതുണ്ട്. പൊതുജനങ്ങളുടെ സഹകരണവും ഇക്കാര്യത്തിൽ അത്യാവശ്യമാണ്. രോഗംബാധിച്ച ഒരു കുട്ടിയെ ഹാജരില്ലാതാകുമെന്നു ഭയന്നു സ്കൂളിൽ തള്ളിവിടുന്ന പിതാക്കന്മാർ നന്മയല്ല തിന്മയാണ് വരുത്തുന്നതു. പുസ്തകങ്ങൾകൊണ്ടു തലച്ചോറു നിറച്ചാൽപോരാ. രോഗമില്ലാത്ത ശരീരം സൂക്ഷിച്ചെങ്കിൽമാത്രമേ ജീവിതം സുഖകരമായിത്തീരുകയുള്ളു.

മാനസികമായ രോഗങ്ങളെപ്പറ്റി സാധാരണ ആരും പരിഗണിക്കാറില്ല. കുട്ടികളെ സംബന്ധിച്ചിടത്തോളം അതു അതിപ്രധാനമായിട്ടുള്ളതാണു. കുട്ടികൾക്കു സാധാരണമായി കണ്ടുവരുന്ന രോഗങ്ങളെപ്പറ്റി അല്പം ചിലതു രക്ഷകർത്താക്കൾ അറിഞ്ഞിരിക്കേണ്ടതാണ്. തലയിൽ പേൻവളരുക, ശരീരവും വസ്ത്രവും അഴുക്കുനിറഞ്ഞിരിക്കുക, പല്ലും വായും വൃത്തികേടായിരിക്കുക മുതലായവ വൃത്തിവിഹീനതയിൽ ഉൾപ്പെടുന്നു. ചൊറി, ഊനം, ശരീരത്തിൽ പാണ്ടു്, തടിപ്പ്, പനി, ചുമ, കയ്യും കാലും ക്ഷീണിച്ചു വയറുവീർത്തും വിളറിയും ഇരിക്കുക, ഓടുമ്പോഴും കളിക്കുമ്പോഴും കിതയ്ക്കുക, തിക്കൾ ഉയർച്ച, തലവേദന, ചെങ്കണ്ണു, കണ്ണിൽനിന്നും ജലംവരുക, വായ് പൊളിച്ചിരിക്കുക, പുഴുപ്പല്ലു, ചെവിയിൽനിന്നു പഴുപ്പുവരുക, നെഞ്ചുകെട്ടുക, വലിവു, കോട്ടു്, ചുഴലി മുതലായ സുഖക്കേടുകൾ ഇതിൽ ഉൾപ്പെടുന്നു. ഈവക ലക്ഷണങ്ങൾ കണ്ടാൽ രക്ഷകർത്താവോ അദ്ധ്യാപകനോ കുട്ടിയെ ഡാക്ടറുടെ അടുക്കൽ ചികിത്സാർത്ഥം അയയ്ക്കേണ്ടതാണ്. കുട്ടികളുടെ ആഹാരം, വ്യായാമം, ഉറക്കം ഇവയെപ്പറ്റിയും ഒന്നുപോലെ ശരിയായി പരിഗണിക്കേണ്ടതാണ്. സ്കൂളിൽ ദിവസവും ഓരോവിദ്യാർത്ഥിയെ ഡാക്ടർക്കു പരിശോധിക്കാൻ ഇടവരികയില്ല. ഓരോകുട്ടിക്കും ഏതു സമയത്തേ രോഗം വരാവൂ എന്നില്ലല്ലോ, അതുകൊണ്ടു് കുട്ടികളെ ദിവസവും കാണുകയും അവരുമായി വളരെ അടുത്തു പെരുമാറുകയും, ചെയ്യുന്ന

(ശേഷം എട്ടാംപേജിൽ)

# ബർമ്മാസ്വാതന്ത്ര്യം പ്രഖ്യാപിച്ചു

## ലോകത്തിനു് പ്രസിഡൻറു് തയ്ക്കിൻെറ സന്ദേശം

റംഗൂൺ ജനു ൪ — ബർമ്മാ സ്റ്റാൻഡേർഡു സമയം ൪ മണിക്കു ഔപചാരികമായി ബ്രിട്ടീഷ് ദേശീയഗാനത്തോടുകൂടി ബർമ്മയിലെ ബ്രിട്ടീഷ് പതാക താഴ്ത്തുകയും ഔപചാരികമായി ബർമ്മ ദേശീയഗാനത്തോടുകൂടി ബർമ്മാദേശീയപതാക ഉയർത്തുകയും ചെയ്തിരിക്കുന്നു. അനന്തരം സന്നിഹിതരായിരുന്ന സകലരും കൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയിലേക്കു പോയി ൪ മണി ൨൦ മിനിറ്റുകളപ്പോൾ സ്വതന്ത്ര ബർമ്മായുടെ ൧-ാം പ്രസിഡണ്ടു സാവോ ഷ്വേ തയ്ക്കു് ലോകത്തിലെ സകലരോടും ചെയ്ത ഒരു പ്രക്ഷേപണത്തിൽ ബർമ്മാ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. പ്രഖ്യാപനത്തിൽ ൧൦൦൦ വാക്കുകളടങ്ങിയിരിക്കുന്നു. മററു സകല പരമാധികാര സ്വതന്ത്രരാഷ്ട്രങ്ങളുടെയും തുല്യമായ പരമാധികാര സ്വാതന്ത്ര്യം ബർമ്മാക്കു കൈവന്നിരിക്കുന്നുവെന്നു അതിൽ പറഞ്ഞിരിക്കുന്നു. ബർമ്മാക്കാരുടെ ആന്തരമായ സ്വാതന്ത്ര്യബോധത്തിൻെറ ശക്തിയെ ഒതുക്കിനിർത്താൻ കഴിയാതെ, അവരെ മൂടിയ സാമ്രാജ്യത്വം ൬൧ വർഷം ഒരു മാസം ഒരു ദിവസം തികയുന്ന ഈ സമയത്തു സ്വയം തിരോഭവിച്ചിരിക്കുന്നു എന്നാണു അതിൽ പറഞ്ഞിരിക്കുന്നതു്. "ലോകസമാധാനത്തിനുവേണ്ടി ഞങ്ങളെപ്പോലെ തന്നെ ആഗ്രഹിക്കുന്നവരുമായി ഞങ്ങൾ സഹകരിക്കുന്നതാണ്" എന്നും അതിൽ പറഞ്ഞിട്ടുണ്ടു്.

ഉടൻ ബർമ്മാ പ്രധാനമന്ത്രി ഉദ്യോഗമേറെറടുത്തുവെന്നു ഒരു പ്രഖ്യാപനം വായിച്ചു. സ്വതന്ത്രബർമ്മാ മന്ത്രിസഭയിലെ ൧൮ അംഗങ്ങളും സത്യപ്രതിജ്ഞ ചെയ്തു. റംഗൂണിലെ ഗവണ്മെൻറുമന്ദിരത്തിന്മേൽ നിന്നു ഗവർണ്ണരുടെ ഔദ്യോഗികപതാക താഴ്ത്തി. പകരം രാഷ്ട്രീയപ്രസിഡണ്ടിൻെറ പതാക ഉയർത്തുകയുണ്ടായി.

പണ്ഡിറ്റ്ജി, രാജേന്ദ്രബാബു, പട്ടേൽ, മൌണ്ട്ബാററൻപ്രഭു, പ്രസിഡൻറു ട്രൂമൻ എന്നിവരെല്ലാം ആശംസാസന്ദേശങ്ങൾ അയയ്ക്കുകയുണ്ടായി.

ലോകത്തിലെ വളരെ രാഷ്ട്രങ്ങളുടെ പ്രതിനിധികൾ ആഘോഷങ്ങളിൽ പങ്കുകൊണ്ടു.

ഡാ. രാജേന്ദ്രപ്രസാദ് ബർമ്മായ്ക്കു സമ്മാനിക്കാനായി കൊണ്ടുപോയ പുണ്യവസ്തുക്കൾ ചൊവ്വാഴ്ച മാത്രമേ ഔപചാരികമായി സമർപ്പിക്കയുള്ളുവെന്നും അതുവരെ അതു ഒരു ഗൂഢസ്ഥാനത്തു സൂക്ഷിച്ചുവെക്കുന്നതാണെന്നും അറിയുന്നു. അതിനുശേഷം ഈ സമ്മാനങ്ങൾ ബർമ്മായിലെ ഏററവും പ്രധാനമായ പുണ്യക്ഷേത്രത്തിലേക്കു ഘോഷയാത്രയായി ബർമ്മാ പ്രധാനമന്ത്രി കൊണ്ടുപോയി സ്ഥാപിക്കുന്നതാണ്.

ബർമ്മാസ്വാതന്ത്ര്യസ്മാരകമായി ഇന്ത്യാഗവണ്മെൻറു ഡെൽഹിയിൽ പ്രസിദ്ധപ്പെടുത്തിയ "ബർമ്മാസോവനീ"റിനു പണ്ഡിറ്റ്ജി അയച്ച ഒരു സന്ദേശത്തിൽ പറയുന്നതു, ബർമ്മാസ്വാതന്ത്ര്യം ഏഷ്യയ്ക്കു മുഴുവനും, പ്രത്യേകിച്ചു ഇന്ത്യയ്ക്കു, അതിപ്രധാനമായ ഒരു സംഭവമാണെന്നാണ്. ഇന്ത്യാഗവണ്മെൻറിനും ഇന്ത്യൻജനതയ്ക്കുംവേണ്ടി, ബർമ്മാക്കാരുടെ സമരം വിജയപര്യവസായിയായതിലുള്ള ഇന്ത്യയുടെ സന്തോഷം പണ്ഡിതജി വ്യക്തമാക്കുകയും ചെയ്തിട്ടുണ്ടു്.

ബ്രിട്ടീഷ്‌രാജാവു ബർമ്മായുടെ സ്വാതന്ത്ര്യത്തിനു ബർമ്മായെ അനുമോദിച്ചുകൊണ്ടു് ഒരു സന്ദേശമയച്ചിട്ടുണ്ടു്.

സ്വതന്ത്രബർമ്മാ പാർലമെൻറിൻെറ ഒ

### സർ മഹാരാജസിംഗ്

ബോംബെ ജനു: ൩ സർ മഹാരാജസിംഗ ജനുവരി ൧൭-ാംനു- ബോംബെ ഗവർണ്ണരായി ചാർജ്ജെടുക്കുന്നതാണ്. അന്നു സർ ജാൺ കാൾവിലും പത്നിയും ബോംബെ വിടും. (ഏ-പി)

നാം സമ്മേളനത്തിൽ ബ്രിട്ടനും ബർമ്മായും തമ്മിൽ ഒക്ടോബറിലുണ്ടായ കരാർ അംഗീകരിക്കുന്ന ഒരു പ്രമേയം ഇന്നു പാസ്സായിരിക്കുന്നു. (റായിട്ടർ)

—ഠ—

### കാഷ്മീർ സമരമുഖം

ന്യൂഡെൽഹി, ജനുവരി 4 ഒരു വലിയ സംഘം ആക്രമണകാരികളെ ഇന്ത്യൻ സൈന്യം പൂഞ്ചിനു് വടക്കുള്ള ഒരു കുന്നിൻപ്രദേശത്തു എതിർക്കുകയും ആ പ്രദേശത്തുനിന്നു ഒഴിഞ്ഞുപോകുവാൻ നിർബന്ധിതരാക്കുകയും ചെയ്തു. ഉദ്ദേശം മുന്നൂറു ആക്രമണകാരികൾ കൊല്ലപ്പെട്ടിട്ടുണ്ടു്, (ഏ. പി.)

# വർഗ്ഗീയാടിസ്ഥാനത്തിലുള്ള ഒഴിവുദിവസങ്ങൾ

### സെൻട്രൽ ഗവർമ്മെൻറു നിറുത്തൽചെയ്യുന്നു

—ഠ—

ന്യൂഡെൽഹി, ജനു: ൨—ജനുവരി ഒന്നാംതീയതിമുതൽ വർഗ്ഗീയമോ, വിഭാഗപരമോ ആയ ഒഴിവുകൾ അനുവദിക്കുന്നതല്ലെന്നു് കേന്ദ്രഗവണ്മെൻറു പ്രഖ്യാപിച്ചിരിക്കുന്നു. എന്നാൽ ഈ ദിവസങ്ങളിൽ ജീവനക്കാർക്കു് കാഷ്വൽ അവധി എടുക്കാം. ജൂൺ ൧൨-ാംനു- ബ്രിട്ടീഷുരാജാവിൻെറ ജന്മദിനം പ്രമാണിച്ചും, ഒക്ടോബർ ൨-ാംതീയതി ഗാന്ധിജിയുടെ ജന്മദിനം പ്രമാണിച്ചും, ആഗസ്റ്റ് ൧൫-ാം തീയതി സ്വാതന്ത്ര്യദിനം സംബന്ധിച്ചും പൊതു ഒഴിവായിരിക്കും. അടുത്തവർഷം മുതൽ ജനുവരി ൧-ാംനു- ഒഴിവായിരിക്കുകയില്ല. (ഏ-പി)

—ഠ—

# കാഷ്മീർകാര്യം എന്തൊന്നു് സെ.കൗൺസിലിൽസമർപ്പിച്ചു

## പണ്ഡിതിജിയുടെയും സർദാറിൻെറയും പ്രസ്താവനകൾ

ന്യൂഡെൽഹി ജനു ൪ ജയപൂരിൽവച്ചു പണ്ഡിറ്റ്നെഹ്റുവും കൽക്കട്ടായിൽവച്ചു സർദാർപട്ടേലും ചെയ്ത പ്രസംഗങ്ങളിൽ കാഷ്മീർകാര്യം സെക്യൂരിററികൗൺസിലിൽ സമർപ്പിക്കാനുള്ള ഹേതു എന്തെന്നു വീണ്ടും വ്യക്തമാക്കിയിരിക്കുന്നു. പരസ്പരവും സമാധാനപരവും ആയ മാർഗ്ഗങ്ങളിൽ കാര്യങ്ങൾ തീർക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഈ വിധം ചെയ്തതെന്നു പണ്ഡിറ്റ്ജി പ്രസ്താവിച്ചു. പകിസ്ഥാൻ കാഷ്മീർ സമരത്തിൽ ശക്തമായി പങ്കെടുക്കുന്നുണ്ടെന്നും, അതു് ഇന്ത്യയ്ക്കു ആപത്തായിത്തീർന്നിരിക്കുന്നുവെന്നും ബോധ്യമായതിന്മേൽ മാത്രമാണു അപ്രകാരം ചെയ്തതു. കാഷ്മീർ സമരത്തിൽ പകിസ്ഥാനുള്ള പങ്കിനെപ്പററി സർദാർ പട്ടേലിനും ഇതേ അഭിപ്രായംതന്നെയാണുള്ളതു്. ഒരു ഹിതപരിശോധന നടത്താൻ കഴിയണമെങ്കിൽ അക്രമികൾ പിൻവാങ്ങുകയോ, നിർമ്മാർജ്ജനം ചെയ്യപ്പെടുകയോ വേണം. അക്രമികൾക്കു കാഷ്മീരിൽ ഒരിഞ്ചു സ്ഥലംപോലും കീഴടക്കാൻ കഴിയുന്നതല്ലെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയും കാഷ്മീരും ഒരു ഭാഗത്തും പകിസ്ഥാനും അക്രമികളും മറുഭാഗത്തും ആയി ഒരു പ്രഖ്യാപിതയുദ്ധമാണ് ഇന്നു കാഷ്മീരിൽ നടക്കുന്നതു്. ഇതു സമ്മതിച്ചുകൊടുക്കുവാൻ ഇന്ത്യാഗവണ്മെൻറിനു സാദ്ധ്യമല്ല. അതിനാൽ ഒരു തുറന്ന യുദ്ധത്തിനു തയ്യാറാകുന്നതിനുമുമ്പു് ഇന്ത്യാഗവണ്മെൻറു് ഈ പ്രശ്നം സെക്യൂരിററികൗൺസിലിൽ സമർപ്പിച്ചു. ജൂനഗാദ്കാര്യവും കാഷ്മീർകാര്യവും ഒരേരീതിയിൽ കണക്കാക്കാവുന്നതല്ലെന്നും അദ്ദേഹം പ്രസ്താവിച്ചു.

പണ്ഡിതജിയുടെ പ്രസംഗത്തിൽ ഹൈദ്രാബാദ് ഉടനെ ഇന്ത്യൻയൂനിയനിൽ ചേരുമെന്നും, അവിടെ ഉത്തരവാദിത്വഭരണം നടപ്പിൽ വരുമെന്നും ആശിക്കുന്നതായി പ്രസ്താവിച്ചിരുന്നു.

### കാഷ്മീർകാര്യം രമ്യമായി പരിഹരിക്കണം

### ഇസ്മയിൽസാഹിബിൻെറ പ്രസ്താവന

മദ്രാസ ജനു ൪ ഇന്ത്യയുടെ പരാതി സെക്യൂരിററികൗൺസിലിൽ സമർപ്പിച്ചതു പകിസ്ഥാൻ സ്വാഗതം ചെയ്തിരിക്കുന്ന സ്ഥിതിക്കു അക്കാര്യം പ്രസ്തുത സംഘടനയിൽ പര്യാലോചനയ്ക്കു വരുവാൻ ഇടയാകാത്തവിധം ഇരുരാജ്യങ്ങളും യോജിച്ചു കാര്യങ്ങൾ പറഞ്ഞുതീർക്കണമെന്നും യുദ്ധങ്ങളും കുഴപ്പങ്ങളും ഒഴിവാക്കുവാൻ ഉത്തമമായ മാർഗ്ഗം അതാണെന്നും ഇന്ത്യൻയൂനിയൻ മുസ്ലീംലീഗിൻെറ കൺവീനറായ മഹമ്മദ് ഇസ്മയിൽ സാഹിബ പ്രസിദ്ധപ്പെടുത്തിയ ഒരു പ്രസ്താവനയിൽ പറയുന്നു. (ഏ പി)

—ഠ—

### ജാപ്പ് സന്ധി

### റഷ്യയുടെനില

മോസ്കോ ജനു ൪ — ബ്രിട്ടനും റഷ്യയും അമേരിക്കയും ചൈനയും ഒഴിച്ചു മററു രാജ്യവും ജാപ്പ് സന്ധിആലോചനയിൽ പങ്കെടുത്തുകൂടെന്നു റഷ്യൻ അഭിപ്രായം എം. മോളോട്ടോവ് ആവർത്തിച്ചു പ്രസ്താവിച്ചിരിക്കുന്നു (റായിട്ടർ)

# കാഷ്മീർ ആക്രമണത്തിൽ

ഠ

### അമേരിക്കയ്ക്കും ബ്രിട്ടനും പങ്കുണ്ടത്രെ

ലണ്ടൻ ഡി: ൩൦ കാഷ്മീർ ആക്രമണം സംഘടിപ്പിച്ചതു അതിർത്തി സംസ്ഥാനത്തിലെ ഗവർണ്ണർതന്നെയാണെന്നു ഹിന്ദുസ്ഥാൻ ടൈംസ് അഭിപ്രായപ്പെടുന്നു. പകിസ്ഥാനിൽ ഒരു സന്നദ്ധഭടസംഘത്തെ സർ. കണ്ണിംഗാം സംഘടിപ്പിക്കുകയുണ്ടായത്രെ.

സ്വതന്ത്രകാഷ്മീർ സൈന്യത്തിൽ ഒരു അമേരിക്കൻ മിസ്റ്റർ —ഒരു സന്നദ്ധഭടനായി ചേർന്നിട്ടുണ്ടെന്നും അറിയുന്നു. (യു-പി-ഐ)

ഠ

### ലിയാക്കത്ത്ആലി ഖാൻെറ ആരോപണം

—ഠ—

കറാച്ചി ജനു ൩ പകിസ്ഥാൻമന്ത്രി മി: ലിയാക്കത്ത്ആലിഖാൻ ഒരു പ്രസ് കാൺഫറൻസിൽ ചെയ്ത പ്രസംഗത്തിൽ, ഇന്ത്യ സ്വമനസ്സാലെയല്ല വിഭജനത്തെ അനുകൂലിച്ചതെന്നും ബ്രിട്ടീഷ്പട്ടാളം വിട്ടുപോകുന്നതിനുള്ള ഒരു സൂത്രമായ തന്ത്രമെന്നും പ്രസ്താവിച്ചിരിക്കുന്നു. വിഭജനപദ്ധതിയിൽ കാലവിളംബം വരുത്തുന്നതും, പകിസ്ഥാൻെറ ഓഹരിക്കു ലഭിച്ചിട്ടുള്ള ആയുധസാമഗ്രികളും പണവും തരാതെ കഴിക്കുന്നതുമെല്ലാം പകിസ്ഥാനെ നശിപ്പിക്കാൻ വേണ്ടിയാണ്. കത്തിയവാർ രാജ്യങ്ങളേയും കാഷ്മീരിനെയും സംബന്ധിച്ച ഇന്ത്യയുടെ നടപടികളും പകിസ്ഥാന്നെതിരായുള്ളവയാണ്. ഇവയെല്ലാം ഐക്യരാഷ്ട്രസംഘടനയുടെ ആലോചനയിൽ പെടണമെന്നു് അദ്ദേഹം ആഗ്രഹിക്കുന്നു. പ്രകോപനപരമായ ഇത്തരം പെരുമാററങ്ങൾ ഉണ്ടായിട്ടും പകിസ്ഥാൻ ഇന്ത്യയോടു സൗഹാർദ്ദപരമായല്ലാതെ വർത്തിച്ചിട്ടില്ലെന്നും മേലും അപ്രകാരംതന്നെ വേണമെന്നാണു ആഗ്രഹമെന്നും അദ്ദേഹം പ്രസ്താവിച്ചു

പരാതിയെപ്പററി സെക്യൂരിററികൗൺസിലിൽ നിന്നു അറിവു ലഭിച്ചിട്ടുണ്ടെങ്കിലും അതിൻെറ ഉള്ളടക്കത്തെപ്പററി അദ്ദേഹത്തിനു നിശ്ചയമില്ല. തങ്ങളുടെ കാര്യം പ്രാപ്തനായ ഒരാൾ ഖോന്തിരം കൗൺസിലിൻെറ ആലോചനയ്ക്കു വിഷയമാക്കുമെന്നു അദ്ദേഹം പ്രസ്താവിച്ചു. (ഏ-പി)

—ഠ—

# മി: അററ്ലി റഷ്യയെ കുററപ്പെടുത്തുന്നു

## ഒരു പുതിയതരം സാമ്രാജ്യത്വനയം റഷ്യ സ്വീകരിച്ചിരിക്കുന്നു വന്നു്

ലണ്ടൻ, ജനു: ൪ ആദർശസംബന്ധമായും ധനകാര്യസംബന്ധമായും യുദ്ധതന്ത്രസംബന്ധമായും ഉള്ള ഒരു പുതിയതരം സാമ്രാജ്യത്വത്തെക്കൊണ്ടു റഷ്യയും റഷ്യൻ സ്വാധീനശക്തിയിൽപെട്ട രാഷ്ട്രങ്ങളും യൂറോപ്പിലെ മററു രാഷ്ട്രങ്ങളെ ഭീഷണിപ്പെടുത്തുന്നതിനുള്ള ഒരു പുതിയ നയം സ്വീകരിച്ചിരിക്കുകയാണെന്നു ബ്രിട്ടീഷ പ്രധാനമന്ത്രി മി ആററ്ലി ഇന്നു ഒരു പ്രക്ഷേപണത്തിൽ റഷ്യയെയുംമററും കുററപ്പെടുത്തിയിരിക്കുന്നു.

"ഈ രാജ്യത്തിൽ വാക്പ്രതിവാദത്തിനു് സ്വാതന്ത്ര്യമുണ്ടെന്നറിയാൻ നമുക്കു നന്ദിയുണ്ടായിരിക്കേണ്ടതാണ്. റഷ്യയിലും റഷ്യൻവലയത്തിൽപ്പെട്ട രാഷ്ട്രങ്ങളിലും വിമർശനസ്വാതന്ത്ര്യം ഇല്ലാതാക്കിയിരിക്കുന്നു; ഒരു അഭിപ്രായത്തിനു മാത്രമേ സ്വാതന്ത്ര്യമുള്ളൂ. ൧൯൧൭-ൽ അഭിപ്രായസ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്ത ലിബറൽകക്ഷിയെയും സോഷ്യലിസ്ററുകളെയും അന്നത്തെ സ്വേച്ഛാധികാരികൾ മർദ്ദിച്ചു. ഇന്നാണെങ്കിൽ, ഡെമോക്രസിയുടെ പിൻതുണക്കാരാണെന്നു പറഞ്ഞു നടക്കുന്ന കൂട്ടരാണ് വിരുദ്ധാഭിപ്രായങ്ങളെ രാജാക്കന്മാരും ചക്രവർത്തികളും ചെയ്തിരുന്നതിലും ഊർജ്ജിതമായ സമ്പ്രദായത്തിൽ അടിച്ചമർത്തുന്ന സ്വേച്ഛാധികാരികൾ, എന്നതു് പരസ്പരവിരുദ്ധമായ ഒരു വാസ്തവമാണ്. മനുഷ്യരുടെ ആത്മാവിനും ശരീരത്തിനും സ്വാതന്ത്ര്യമുണ്ടാകണമെന്നു കരുതി സമരം ആരംഭിച്ച സംഘടനകളിലെ ഒരുവിഭാഗം, മനുഷ്യരെ അടിമകളാക്കുന്നതിനുള്ള ഒരു ഉപകരണമാക്കി മാററപ്പെട്ടതു് ഒരു ദുഃഖാത്മക കഥതന്നെയാണ്. ബ്രിട്ടനിലാകട്ടെ, ലേബർ ഗവണ്മെൻറുവഴി ബ്രിട്ടീഷ്ജനത നൽകുന്ന നേതൃത്വം, നമ്മുടെ യൂറോപ്യൻ സംസ്കാരത്തിൻെറ പാരമ്പര്യം നിലനിർത്തുവാനുള്ളതും ഒരു ലിബറൽ ഗവണ്മെൻറിനോ യാഥാസ്ഥിതിക ഗവണ്മെൻറിനോ അസാദ്ധ്യമായിട്ടുള്ളതും ആയ ഒരു നേതൃത്വമാകുന്നു. (റായിട്ടർ)

—ഠ—

## അ: തി: ഗ്രന്ഥശാലാ സംഘാന്വേഷണ കമ്മിററി കൊല്ലത്തു

കൊല്ലം, ധനു ൨൦ കമ്മിററി അംഗങ്ങളായ മെ: ശൂരനാട്ടു കുഞ്ഞൻപിള്ള, ഡാക്ടർ ശിവരാമസുബ്രഹ്മണ്യയ്യർ, മാന്യ എം. കുഴിവേലി എന്നിവർ വടക്കൻ തിരുവിതാംകൂറിലുള്ള ഏതാനും ലൈബ്രറികളുടെ വിവരങ്ങൾ ഗ്രഹിച്ചശേഷം സ്ഥലം മുനിസിപ്പൽ ലൈബ്രറി സന്ദർശിച്ചിരിക്കുന്നു. പൊതുവെ ലൈബ്രറി പ്രസ്ഥാനത്തിനുണ്ടായിട്ടുള്ള ഉണർവും അതിനു ഗ്രന്ഥശാലാസംഘം നൽകുന്ന പ്രചോദനവും കമ്മിററിക്കാരെ സംതൃപ്തരാക്കിയിരിക്കുന്നതായി അറിയുന്നു. സംഘം സെക്രട്ടറി മി: പി എൻ. പണിക്കരും കമ്മിററിക്കാരോടുകൂടി സഞ്ചരിച്ചുവരുന്നു. (പ്ര-ലേ)

## റേഡിയോ പ്രോഗ്രാം

ജനു: ൭ തിങ്കൾ വൈകിട്ട് ൬-ന് പ്രാരംഭഗാനം സ്വാതിതിരുനാൾ കീർത്തനം. ൬-൫-ന് നാഗസ്വരം തിരുവാതൂർ എൻ. രാജരത്നംപിള്ളയും പാർട്ടിയും. ൭-൪൫ മലയാളം പ്രസംഗം. നാഗരികളിൽ ആർ. എസ്. കുറുപ്പ് "നമ്മുടെ നടനകല" ൻ-ന വഞ്ചീശമംഗളം.

—ം—


# ടാക്കീസ്

മഹത്തായ രണ്ടാംവാരം
കൊല്ലം S. M P. പാലസ്സിൽ
* കന്യക *
ഖരടൻ, എം. എസ്. സരോജിനി, കൃഷ്ണൻ, മധുരം അഭിനയിച്ച തമിഴ് ചിത്രം.

കൊല്ലം ലക്ഷ്മി ടാക്കീസിൽ
ഗാനസരസ്വതി ഡി. കെ. പട്ടമ്മാൾ, റി. എസ്. ഭഗവതി, കെ. വി. ജാനകി പി. ജി. വെങ്കിടേശൻ മുതലായവരുടെ ഗാനങ്ങളോ കൂടിയ
രാമരാജ്യം

കൊല്ലം ബേബി ടാക്കിസിൽ
20 5-123 ഞായറാഴ്ച മുതൽ
പി. യു. ചിന്നപ്പ, ആർ. ബാലസുബ്രഹ്മണ്യം, എൻ. എസ്സ്. കൃഷ്ണൻ റി എ മധുരം, കണ്ണാംബ അഭിനയിച്ച
"മഹാമായ"
തമിഴ് ചിത്രം

ചവറ കെ. സി. ടാക്കിസിൽ
എം. കെ. ത്യാഗരാജഭാഗവതർ, എൻ സി വസന്തകോകിലം, ടി ആർ രാജകുമാരി, കൃഷ്ണൻ, മധുരം മുതലായവർ അഭിനയിച്ച
ഹരിദാസ്

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
20-5-123 മുതൽ
എൻ എസ്സ് കൃഷ്ണൻ, മധുരം നടിച്ച
പൈത്യക്കാരൻ
എന്ന തമിഴ് ചിത്രം

# തുൽക്കളും കാട്ടണും

ചരക്കുകൾ
പുതിയ സ്റ്റാക്ക്
വളരെ ആദായവില
പുരായ കമ്പനി
*
നാഗലിംഗം സ്റ്റോഴ്സ്,
2. തെത്ത് കാവൽക്കൂടതെരുവു്,
മധുര




ബ്ലോക്കിന്റെ നടുവിൽ വരച്ചിട്ടുള്ള വരയുടെ മുകൾഭാഗം, അശോകചക്രമടക്കമുള്ള ഭാഗം, ആണ് ഇൻഡ്യാഗവർമ്മെണ്ടിന്റെ ഔദ്യോഗികമായ സീൽ (മുദ്ര) ആയി അംഗീകരിക്കപ്പെട്ടിരിക്കുന്നതു്.

## കാശ്മീരിലെ കിരീടം വയ്ക്കാത്ത രാജാവ്

ം

### ഷേക്ക് അബ്ദുള്ളായ്ക്കു് മി: പട്ടുവർദ്ധന്റെ പ്രശംസ

ബാംബെ, ജനു: ൫. ഷേക്ക് അബ്ദുള്ളയും സഹപ്രവർത്തകരും സ്വാതന്ത്ര്യത്തിനും പ്രജായത്തഭരണത്തിനുംവേണ്ടി ആത്മാർത്ഥമായി സമരം ചെയ്യുന്ന ഭടന്മാരാണ്. അവർ ഹിന്ദുക്കളെന്നാലും മുസ്ലീങ്ങളായാലും വർഗ്ഗീയവാദത്തിന്റെ ശത്രുക്കളാണ്. അവരുടെ വിജയം ഇന്ത്യൻദേശീയത്വത്തിന്റെ വിജയമായിരിക്കും. എന്നാണ് റാവുസാഹിബ് പടവർദ്ധൻ ഒരു പത്രപ്രസ്താവനയിൽ പറഞ്ഞതു്.

ഷേക്ക് അബ്ദുള്ള കാശ്മീരിലെ കിരീടംവെയ്ക്കാത്ത രാജാവാണെന്നാണ് മി. പട്വർദ്ധൻ അഭിപ്രായപ്പെട്ടതും ഈയിടെ മി: പടവർദ്ധൻ കാഷ്മീർ സന്ദർശിക്കുകയുണ്ടായി. (എ. പി)

ം —

## മി. വാലസിനു് വിജയം സന്ദിഗ്ദ്ധം

—ം—

വാഷിംഗ്ടൺ ഡി: —അമേരിക്കൻ പ്രസിഡന്റ് സ്ഥാനാർത്ഥിയായി നിൽക്കാൻ തീരുമാനിച്ചിരിക്കുന്ന മി: ഹെൻറി വാലസിനു വിജയമുണ്ടാകയില്ലെന്നാണ രാഷ്ട്രീയവൃത്തങ്ങളിൽ അഭിപ്രായം കാണുന്നതു്. മി: വാലസിന്റെ സ്ഥാനാർത്ഥിത്വം പ്രസിഡന്റ ട്രൂമന്റെ വിജയത്തിനുള്ള സാദ്ധ്യതകളില്ലാതാക്കുമെന്നും റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയാകാൻ വഴിയുള്ള സെനറ്റർ ടാഫ്റ്റിനു് വിജയത്തിനുള്ള വഴികൾ തെളിയിക്കുമെന്നും ആണു അഭിപ്രായഗതി കാണുന്നതു്. മി. ടാഫ്റ്റിനു് ജയിക്കാൻ പ്രയാസമാണെന്നുകണ്ടാൽ ജനറൽ ഐസൻഹോവറെ റിപ്പബ്ലിക്കൻകക്ഷിപ്രസിഡന്റ സ്ഥാനാർത്ഥിയാക്കിയേക്കാനും വഴി കാണുന്നു. (റായിട്ടർ)

— ം —

## ബ്രിട്ടനു ഇന്ത്യൻ കുരങ്ങുകൾ ആവശ്യം

—ം—

ലണ്ടൻ ജനു: ൫ കഴിഞ്ഞകൊല്ലം പടർന്നുപിടിച്ച പിള്ളവാതത്തെക്കുറിച്ചു ഗവേഷണങ്ങൾ നടത്തുവാൻവേണ്ടി ഇന്ത്യയിൽനിന്നു കുരങ്ങന്മാരെ കിട്ടുവാൻ ബ്രിട്ടീഷുഗവമെന്റ പരിശ്രമിച്ചുവരുന്നതായി ഡെയിലിവർക്കരുടെ പ്രത്യേകലേഖകൻ എഴുതുന്നു.

പരീക്ഷണംനടത്തുവാൻ ആവശ്യമായ മൃഗങ്ങളെകിട്ടാത്തതുകൊണ്ടു രോഗസംബന്ധമായ ജ്ഞാനം വളരെ പരിമിതമാണെന്നാണ ലേഖകൻ പറയുന്നതു്. അമേരിക്കയിൽ നടത്തിവരുന്ന ഗവേഷണങ്ങളുടെഫലങ്ങളെ ഉപയോഗപ്പെടുത്തിയിട്ടാണ ബ്രിട്ടീഷ് ഗവേഷകന്മാർ ഈ കുറവു നികത്തിയിരുന്നതു്. മെഡിക്കൽറിസർച്ച്കൗൺസിലും ആരോഗ്യമന്ത്രിവകുപ്പും ഈ രോഗത്തെക്കുറിച്ചു വൻപിച്ചതോതിലുള്ള ഗവേഷണങ്ങൾ നടത്തിവരികയാണ്. (ഗ്ലോബ്)

—ം

## അരനൂററാണ്ടിലധികം കൽത്തുറുങ്കിൽ

റോമ് ജനു: ൫—അരനൂററാണ്ടിലധികം തുറുങ്കിൽ കഴിച്ചതിനുശേഷം അൻടോണിയ കോളിന എന്ന ഇററലിക്കാരൻ തന്റെ ൮൦-ാമത്തെ വയസ്സിൽ പുതിയ ലോകജീവിതം ആരംഭിച്ചിരിയാണ്. അയൽപക്കക്കാരന്റെ ഭാര്യയെ കൊന്ന കുററത്തിനു ഒരു ഇററാലിയൻകോടതി അയാൾക്കു ജീവപര്യന്തം തടവുശിക്ഷ വിധിച്ചു. അന്നു ൨൭ വയസ്സാണ അയാൾക്കു്.

മോട്ടോർകാർ, വിമാനം എന്നീ വാഹനങ്ങളുടെ വരവു് മുതലായ ലോകത്തിലെ പല അത്ഭുതസംഭവങ്ങളും മററു ജയിൽപുള്ളികൾ പറഞ്ഞിട്ടാണ് അയാൾ കേട്ടിട്ടുള്ളതു്. ജീവിതാശ ഒരിക്കലും അയാൾ വെടിഞ്ഞിട്ടില്ല. തന്നെ ഒരുനാൾ വിടുമെന്നുതന്നെയായിരുന്നു അയാളുടെ വിശ്വാസം. (ഗ്ലോബ്)

—ം—

## പണിമുടക്കുകൾ രാജ്യത്തെ നശിപ്പിക്കും

—ം—

### സർദാർ പട്ടേലിന്റെ പ്രസംഗം

കൽക്കട്ട, ജനു: ൫—കല്ക്കട്ടാ മൈതാനത്തുവച്ചു് ഒരു വമ്പിച്ച ജനക്കൂട്ടത്തിനോടായി സർദാർപട്ടേൽചെയ്ത പ്രസംഗത്തിൽ, ഏതാനും വർഷത്തേയ്ക്കു ക്ഷമയും സഹനശക്തിയും പ്രദർശിപ്പിച്ചു് ഇന്ത്യയിൽ ഡെമോക്രസി സ്ഥാപിക്കുവാനും, കേന്ദ്രത്തിലേയും പ്രവിശ്യകളിലേയും ഭരണം സമാധാനപരമായി നിർവഹിച്ചു രാജ്യത്തിന്റെ പുനർസൃഷ്ടിയും പുനഃസംഘടനയും നടപ്പിൽ വരുത്താനും അങ്ങിനെ ഏഷ്യയുടെ നേതൃത്വം പ്രതിഷ്ഠാപിക്കാനും അവസരം നൽകണമെന്നഭ്യർത്ഥിച്ചിരിക്കുന്നു. സ്വാതന്ത്ര്യം പ്രാപിച്ച ഉടനെതന്നെ സംഭവിച്ച അത്യാഹിതങ്ങൾ ഗവർമ്മെൻറിനേയും ജനങ്ങളേയും ഒരുപോലെ വൈഷമ്യത്തിലാക്കി. ബംഗാൾ വിഭജനംമൂലം വളരെ സങ്കടങ്ങൾ അവിടത്തെ ജനങ്ങളും അനുഭവിക്കേണ്ടിവന്നു. എന്നാൽ, ഈ തിന്മകളിൽനിന്നു നന്മവിളയിക്കുവാൻ ജനങ്ങൾ തയ്യാറാകണമെന്നു അദ്ദേഹം അഭ്യർത്ഥിച്ചു. രണ്ടു ബംഗാളുകളിലേയും ജനങ്ങൾ തമ്മിൽ എല്ലാ കാര്യങ്ങളിലും സാമ്യവുമുള്ളതുപോലെ ഇന്ത്യയും പകിസ്ഥാനും തമ്മിലുമുണ്ടു്. പക്ഷെ രണ്ടു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൽ അടങ്ങിയിട്ടുള്ള അപകടങ്ങളെ അദ്ദേഹം അറിയാതിരിക്കുന്നില്ല. സ്വാതന്ത്ര്യത്തിനുശേഷം സംഭവിച്ച കുഴപ്പങ്ങൾ എത്രയോ ഗംഭീരമായിരുന്നു. എങ്കിലും ഞങ്ങൾ പല വൻകാര്യങ്ങളും നിർവഹിച്ചു. വിഭജനത്തിന്റെ എല്ലാ അംശങ്ങളും വിജയകരമായി നടപ്പിൽവരുത്തിയതുകൂടാതെ അൻപതുലക്ഷംവീതം ജനങ്ങളെ അങ്ങോട്ടും ഇങ്ങോട്ടും മാററുകയും ചെയ്തു. ഭക്ഷണം ഇറക്കുമതിചെയ്യാനും ഒരു വമ്പിച്ച സംഖ്യവേണ്ടിവന്നു. സ്വാതന്ത്ര്യം പാലിക്കുന്നതിനു ഒരു വലിയസൈന്യസന്നാഹവും വേണ്ടിയിരിക്കുന്നു. യഥാർത്ഥം ഇന്ത്യ ഒരു ഉൽക്കൃഷ്ടരാജ്യമായി തീർന്നിട്ടുണ്ടെങ്കിലും, അക്കാരണത്താൽ ഇവിടത്തെ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നുമാത്രമല്ല; വ്യവസായികനില യുദ്ധകാലത്തേക്കാൾ ഇന്നു പിന്നോക്കമാണ്. വ്യവസായാഭിവൃദ്ധിക്കു തൊഴിലാളികളുടെ സഹകരണം അത്യന്താപേക്ഷിതമാണ്. എന്നാൽ നേതൃത്വം നിലനിറുത്താനുള്ള ശ്രമത്തിൽ തെറ്റുകൾ ധാരാളമായിനടക്കുന്നു. വ്യവസായങ്ങളെ ഈവിധം നശിപ്പിച്ചാൽ തൊഴിലാളികളും നശിക്കുമെന്നു അവർ അറിയുന്നില്ല. പണിമുടക്കിയോ, അട്ടിമറിപ്രവർത്തനങ്ങൾ കൊണ്ടോ കാര്യങ്ങൾ നേടാൻ യത്നിക്കാതെ മദ്ധ്യസ്ഥതമൂലം അതിനു തുനിയണമെന്നദ്ദേഹം അഭ്യർത്ഥിച്ചു. തൊഴിലാളിനേതാക്കന്മാർ ഈ നാശത്തെ നയം തുടർന്നാൽ അതിന്റെഫലം രാജ്യത്തിനു നാശമായിരിക്കും. (ഏ-പി)

## അദ്ധ്യാപക യൂണിയൻ യോഗം

കൊല്ലം. ധനു ൨൦ കൊല്ലം അദ്ധ്യാപകയൂണിയൻ സിക്രട്ടറി ഇങ്ങിനെ അറിയിക്കുന്നു. കൊല്ലംതാലൂക്കു പ്രൈവററു സ്കൂൾ അദ്ധ്യാപകയൂണിയൻ വർക്കിംഗു കമ്മിററിയുടേയും ആക്ഷൻ കമ്മിററിയുടെയും ഒരു സംയുക്തസമ്മേളനം ഈമാസം ൨൫-ാംനു തിങ്കളാഴ്ച പകൽ നാലുമണിയ്ക്കു പ്രസിഡന്റ് ശ്രീ: വി. ഗംഗാധരൻ നായരുടെ വസതിയിൽവച്ചു പല അത്യാവശ്യകാര്യങ്ങൾ തീരുമാനിക്കുന്നതിനായി കൂടുന്നതാണ്. പ്രത്യേകം പ്രത്യേകം ക്ഷണക്കത്തയയ്ക്കാൻ നിവൃത്തിയില്ലാത്തതിനാൽ ഇതു ക്ഷണക്കത്തായി കരുതി എല്ലാവരും സന്നിഹിതരാകണമെന്നഭ്യർത്ഥിക്കുന്നു.

—ം

## ഭരത്പൂരിൽ

ഭരത്പൂർ, ജനു ൪ ഭരത്പൂരിൽ ജനകീയമന്ത്രിമാരെ മഹാരാജാവു തിരുമനസ്സുകൊണ്ടു കല്പിച്ചു നിയമിച്ചിരിക്കുന്നു. (ഏ-പി




# പൊൻപുലരി

—൦—

ഗ്രന്ഥകർത്താ
തിരുവാപ്പ് എൻ. ആർ. പിള്ള
പ്രസാധകന്മാർ
വിജയഭാനു പ്രസിദ്ധീകരണശാല
ആലപ്പുഴ
വില അണ 8.

ദ്രാവിഡവൃത്തങ്ങളിലാണ് എഴുതിയ ഒമ്പ കവിതകൾ ഈ ഗ്രന്ഥത്തിൽ അടങ്ങിക്കാണുന്നു. കേരള ദേവിയെ വാഴ്ത്തിക്കൊണ്ടുള്ള വള്ളത്തോൾ മഹാകവിയുടെ സങ്കീർത്തനം പൊൻപുലരിയിൽ ആദ്യമായി മാറ്റൊലിക്കൊള്ളുന്നു. അനുജ്ഞനമായ് അതിനു സംഭവിച്ചിട്ടുള്ള വ്യതിയാനങ്ങൾ അനുവാചകനു ബോധപ്പെടുന്ന രീതിയിലാണു ശ്രീ: എൻ. ആർ. പിള്ള അതിനെ സമർപ്പെടുത്തിയിരിക്കുന്നതെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. കവിയുടെ പ്രതിപാദനവിധാനത്തിൻെറ വിലോഭനീയമുദ്രകൾ സമുചിതസ്ഥാനങ്ങളിൽതന്നെ പതിഞ്ഞു അതിനൊരാകർഷണീയത സംഭവിച്ചിട്ടുണ്ടെന്നു സമ്മതിക്കണം. എന്നാൽ അടുത്ത കവിതാവിഭാഗത്തിലേക്കു കടക്കുമ്പോൾ അദ്ദേഹം ഒരു പുളുമക്കാരനായി പകരുന്നതു നമുക്കു കാണാൻ സാധിക്കുന്നു.

ആമധുരാധരത്തിലായിരം
പ്രേമമുദ്ര പൊഴിക്കണം.

എന്നുംമറ്റും പദാർത്ഥബോധത്തികവിൽനിന്നുണ്ടാകേണ്ടുന്ന ഔചിത്യം തീരെ വിട്ടുള്ള കഥയിലെ നായകനെപ്പോലെയായിത്തീരുന്നു കവിയും. കർഷകഗാനത്തിൽ അരിവാളിനെ കവി മറക്കുന്നില്ലെങ്കിലും

കരത്തിലെക്കരവാളുംകളയുകരുത്തു-
കൈക്കൊള്ളും
കലപ്പയാലീനാടിനെന്നമകംതൻ-
വിളനിലമാക്കു

എന്ന ദേശകാലോചിതമായ ആദർശപ്രവണതയിൽ മി: പിള്ള അടിയുറച്ചുനില്ക്കുന്നു. കേരളലക്ഷ്മിയിലും വിജയലക്ഷ്മിയിലും വികിരണംചെയ്യുന്ന ദേശാഭിമാനസഫുരണങ്ങളും ആദരിക്കേണ്ടവകൾതന്നെയാണ്. അന്തിയോളവും വേലചെയ്തു പുലയനു വെള്ളിയാഴ്ചക്കാറംപറഞ്ഞു കൂലികൊടുക്കാത്ത മേലാളൻെറ ഹൃദയശൂന്യത വെളിപ്പെടുത്തി ഇന്നത്തെ സമുദായനീതിയെ ഭർത്സിക്കുവാൻ കവിമുതിരുന്നു. മലയപ്പുലയനെപ്പോലെ നമ്മെ ഹൃദയാല്യവാക്കുവാനുള്ള കലാരസികതയൊന്നും ഇതിൽ കരുപിടിച്ചുകാണുന്നില്ല. വെറും ഒരനുകരണം വെറും വാഗ്രൂപത്തിൽ കലാശിക്കുന്ന അനുഭാവത്തിൻെറ ആവർത്തനം.

പൈതലിനോട് എന്ന കവിതയിൽ കവി ഒരു ശുഭപ്തി വിശ്വാസക്കാരനായി രൂപമെടുക്കുന്നു. അദ്ദേഹത്തിൻെറ ഭാവനയിൽനിന്നു കൊഴിഞ്ഞുപോയ തൂവല്യകൾക്കപകരം മുളലപക്ഷരോമങ്ങൾ അതിൽ മുളച്ചുതുടങ്ങുന്നതായി നമുക്കു കാണാൻ സാധിക്കുന്നു.

സേവനത്തിനപ്പുറമില്ല
പാവനമൊരുപൂജനം

എന്നു മി. പിള്ള ഇതിൽ തീർത്തുപറയുന്നു. (കവിയുടെ ജീവിതം)സൗന്ദര്യാരാധനൈകതാനവും, ആ മഹൽസന്നിധിയിൽ അശ്രുപങ്കിലവും ആയി രചിച്ചിട്ടുള്ള വർണ്ണോജ്ജ്വലചിത്രങ്ങളുടെ ഒരു പെൻസിൽകാപ്പിയായിട്ടേ ഇതിനെ പരിഗണിക്കാനുള്ളു. കവിതാവനിതാ ചൈവ, എന്ന ക്രമത്തിൽ അദ്ദേഹം അടുത്തതായി വനിതയെ അവതരിപ്പിക്കുന്നു. മണിക്കാഞ്ചികിലുക്കംകൊണ്ടു നില്ക്കുന്ന ആ വനിതയെ

മദനമധുമാസമേ മാംഗല്യധാമമേ
സദനമണിദീപമേ നാരീസാരമേ

എന്നു തുടങ്ങുന്നപഴയ സംബോധനകളെക്കൊണ്ടു പനംമുട്ടിച്ചു കുറേ തേഞ്ഞുമാഞ്ഞ ഉല്ലേഖക്കാപ്പുകൾ വച്ചിണക്കാൻ ശ്രമിക്കയാണ്. അങ്ങനെകാവ്യജീവനം തരനത്തിന്നാ ചില ഉറവുകൾ പൊട്ടിപ്പുറപ്പെടുന്നതോടുകൂടി കവിക്കു ചില പ്രേമപൂങ്കകൾ അറിയാതെ കൊട്ടനിരക്കൊള്ളുവാൻ തുടങ്ങുന്നു. അഞ്ചുവത്സരത്തിനു മുൻപുണ്ടായ യുവലോകമേല്യമേകാന്തമാം ചരിതത്തെ കവി വിളിച്ചുപറഞ്ഞുപോകുന്നു. പക്ഷേ, അതിരു മര്യാദയുടെ സീമയെ അദ്ദേഹം ലംഘിക്കാനൊരുമ്പെടുന്നില്ല. ഇന്നത്തെ പല യുവകവികൾക്കുമുള്ള ആ സുഖക്കേടു മി: എൻ. ആർ. പിള്ള പകർത്തിക്കാട്ടുവാൻ ശ്രമിച്ചിട്ടില്ലെന്നു സന്തോഷപൂർവം പ്രസ്താവിക്കേണ്ട ഒരു കാര്യമാണ്. അസ്ഥിമാടത്തിൽ അടങ്ങിപ്പോയ അദ്ദേഹത്തിൻെറ പ്രേമദേവതയുടെ പുനരുജ്ജീവനം സാധിച്ച പ്രത്യാഗമനത്തിനൊരുങ്ങി നമ്മുടെ ക്ഷമയെ പരീക്ഷിക്കേണ്ടതില്ലായിരുന്നു.

മാരകേളിക്കു യൗവനംതീർത്ത മാറിലെ കന്ദുകങ്ങളു, മാറും ഇനിയും പൊക്കിക്കാട്ടുന്നതു കണ്ടുരസിക്കാൻ ആളുകൾ ചുരുങ്ങും.

ബൽജിയൻ മഹാകവി, വെർഹേരനിൽപ്പോലെ,ശക്തി മാത്രപ്രധാനമായകവിത്വം മി എൻ. ആർ. പിള്ളയിൽ ദർശിക്കയും, ആ നിലയിലേക്കു അദ്ദേഹത്തെ ഉയർത്തിവിടുകയും ചെയ്തുകൊണ്ടു ഗ്രന്ഥകർത്താവിൻെറ കൃതജ്ഞതയുടെ സദ്ഭാവകാശവും നേടുന്ന ഇതിൻെറ അവതാരികാകാരനായ ശ്രീ ചങ്ങമ്പുഴയുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളതാണ് ഇതിലെ ഞാൻ. പടയാളിയാണു ഞാൻപാടുന്ന, വേണ്ടവല്ലടര ട്ടംഖഡ്ഗമാണെൻ കവിത്വം, ആ പ്രശസ്ത കവിതയിലെ, കവിയെ, സ്ഥാനാരോഹണ പ്രതിഷ്ഠ കഴിപ്പിച്ച കവിതയിലെ രണ്ടു വരികളാണവ. അദ്ദേഹത്തിൻെറ ഖഡ്ഗകവിത്വം തികച്ചും പ്രശംസാർഹമായിട്ടില്ലേ.

ദേശകാലോചിതമായ ആദർശപ്രബോധനങ്ങൾ അക്ലിഷ്ടമായ രചനാസൗഭഗത്തോടുകൂടി ശ്രീ, എൻ. ആർ-പിള്ള ഇതിൽ പലഭാഗത്തും പ്രത്യക്ഷപ്പെടുത്തിത്തരുന്നുണ്ട്. ചില ച്യുതസംസ്കാരങ്ങളും നേയാർത്ഥങ്ങളും പൊൻപുലരിയിൽ പെടുന്നതിനിടയായ കവിയുടെ അശക്തത അഭ്യാസവിദഗ്ദ്ധതകൊണ്ടു അചിരേണ പരിഹരിക്കപ്പെടുമെന്നുതന്നെ നമുക്കു വിശ്വസിക്കാം.

വാസനാനുഗ്രഹീതനും കല്പനാകുശലനുമായ ഒരു കവിയെ നമുക്കു പൊൻപുലരിൽ കാണാൻ സാധിക്കുന്നു.

(സി-എം-പി.)

—൦—

(അഞ്ചാംപേജിൽനിന്നും തുടർച്ച)

അദ്ധ്യാപകന്മാർ ഉക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. കുട്ടികളിൽ ഏതെങ്കിലും രോഗലക്ഷണംകണ്ടാൽ അദ്ധ്യാപകനോ അദ്ദേഹത്തിൻെറ നിർദ്ദേശാനുസാരം രക്ഷകർത്താവോ ഉടൻതന്നെ ആ കുട്ടിയെ ചികിത്സാർത്ഥം അയയ്ക്കേണ്ടതാണ്.

ആരോഗ്യമാണു വലിയ ധനം. അതിലാണ് മനുഷ്യൻെറ സകല അഭിവൃദ്ധിയും കെട്ടിപ്പടുത്തിട്ടുള്ളത്. ഏതു നാട്ടിലും ആദ്യമായി രണ്ടു സ്നേഹിതന്മാർതമ്മിൽ കാണുമ്പോൾ "സുഖമല്ലേ?" എന്നാണല്ലോ ചോദിക്കാറുള്ളത്. നാം എന്നും എപ്പോഴും ആരോഗ്യമായിരിക്കണം ഗ്രഹിക്കുന്നു എന്നാണതിൻെറ ധ്വനി. രോഗമില്ലാത്ത അവസ്ഥയും ഉല്ലാസപ്രധാനമായും സൗഖ്യത്തിനു നിദാനമായിരിക്കുന്നതു.

"ധർമ്മാർത്ഥകാമമോക്ഷാണാം-
മാരോഗ്യംമൂലമുത്തമം" എന്നു ചരകമഹർഷി പ്രസ്താവിച്ചിട്ടുള്ളതു നാം ഒരിക്കലും വിസ്മരിക്കാവുന്നതല്ല. ഒരു രാജ്യം മറ്റെല്ലാം കാര്യങ്ങളിൽ മുന്നിട്ടുനിന്നാലും, ആരോഗ്യവിഷയത്തിൽ അഭിവൃദ്ധിപ്രാപിക്കുന്നില്ലെങ്കിൽ ആ രാജ്യം നിഷ്പ്രഭമായിത്തീരുന്നു. ശൈശവപ്രായം മുതൽ ആരോഗ്യപരിരക്ഷണത്തിൽ നാം ശ്രദ്ധപതിപ്പിച്ചാൽ അതൊരു ഉദാത്തമായ ഒരവസ്ഥ നമ്മുടെ നാട്ടിനെകീർത്തിപ്പെടുത്തും. കുട്ടികളുടെ ശൈശവകാലത്തെ അവസ്ഥാന്തരങ്ങളെപ്പറ്റി സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതു ഏറ്റവും ഉപകാരപ്രദമാണ്. (രസകരമായ ആ വക രഹസ്യങ്ങൾ Mahal Hygiene and Child Psychology എന്ന മറ്റൊരു ലേഖനം വഴി വിവരിക്കാം.

കഴിഞ്ഞ കന്നി ൧൪-ാംനു- വിദ്യാഭ്യാസഡയറക്ടർ രാജശ്രീ എം. എൻ. തമ്പി അവർകൾ ഈ പദ്ധതി നാഗർകോവിലിൽ ഉദ്ഘാടനംചെയ്തു നമ്മുടെ നാട്ടിൻെറ ചരിത്രത്തിൽ ഒരു നവീനാദ്ധ്യായം തുറന്നു. അദ്ദേഹം കുട്ടികൾക്കു ആഹാര വിളമ്പിക്കൊടുത്ത ആ രംഗം ഏറ്റവും ഹൃദയസ്പൃക്കായിരുന്നു. അദ്ദേഹത്തിൻെറ പ്രാർത്ഥന ഫലവത്തായിത്തീരുന്നതിനു ദൈവം അനുഗ്രഹിക്കട്ടെ.

—൦—

# കവനകലിക

ഗ്രന്ഥകർത്താ,
ജോർജ്ജു് പള്ളിപ്പറമ്പൻ, മാഞ്ഞൂർ.
വില രൂ ൧. ണ ൪

നമ്മുടെ സാഹിത്യത്തിൽ ഇതിനകം ലബ്ധപ്രതിഷ്ഠനെന്ന്, ശ്രീ: സി. ഐ. രാമൻനായർ പ്രകീർത്തിക്കുന്ന പള്ളിപ്പറമ്പൻെറ മുപ്പതിൽപരം കവിതകൾ ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളുന്നു. ചിന്താസുന്ദരങ്ങളായ സ്വച്ഛന്ദഗീതങ്ങളാണു ഇവകളെന്നുള്ള അവതാരികാകാരൻെറ വഴിതെളിക്കലിൽകൂടി കടന്നുചെല്ലുന്ന അനുവാചകനു എൻെറ ചോദ്യമാണ് കവി ആദ്യമായി നൽകുന്നതു. കവിയെ അന്തഃരംഗച്ഛേദ്യത്തിനിടയാക്കിയതു ഒരു പാഴാങ്കാപറച്ചിൽപോലെ നമ്മെ പാടി കേൾപ്പിക്കുന്നു. നമ്മുടെ പള്ളിപ്പറമ്പൻ സൗഭാഗ്യത്തിൻെറ മുഖത്തെനോക്കി സൗഹൃദപൂർവം പതിക്കുവാനായ് ഞെക്കിപ്പോലും. ഉമ്മ പതിക്കാൻ ശ്രമിച്ചു അദ്ദേഹം

പൊട്ടിച്ചിരിക്കാൻ കൊതിച്ചുപോയ
പൊട്ടപ്ലരക്കൻ ഞാനെത്രഭോഷൻ.

എന്നു സ്വയം സമ്മതിക്കുന്നെങ്കിലും നാം അതിൽ ഒത്തുമൂളുന്നതു അത്ര ശരിയല്ലല്ലോ. ഏതായാലും നാലപ്പാടൻെറ ആാടിമണ്ണ് അപഹരിച്ചുകൊണ്ടു പ്രഭാതത്തെ സാക്ഷിനിർത്തിക്കരയുമെന്നു സത്യപ്രതിജ്ഞചെയ്തിരിക്കുന്ന കവിയെ ക്കുറിച്ചു അനുകമ്പയാണു നമുക്കു തോന്നിപ്പോകുക.

ആദ്യത്തെ കവിത, എൻെറ ചോദ്യമാണെങ്കിൽ അടുത്ത കവിത പ്രശ്നോത്തരമാക്കിയതു് ഔചിത്യമെന്നേ വേണം പറയുവാൻ.

"കാരണം ചോദിക്കാതെ മുന്നോട്ടോട്ടും
ലോകമേ"

കേക എന്നു തലക്കെട്ടു ചാർത്തിയിരിക്കുന്ന ആ കവിതാവിഭാഗത്തിലെ ഒരു വരിയാണിതു്. പതിന്നാലക്ഷരങ്ങളും ഇതിൽ ക്രൂടിവിളക്കിയിട്ടില്ലെന്നാക്കും പറയാൻ കഴികയില്ല. പൊതുവേ ഈ കവിതാസമാഹാരത്തിലെ കേകാവൃത്തത്തിൽ അതിൻെറ ഗാനാത്മകസ്വഭാവം കവി തീരെ ഇല്ലെന്നാക്കിയിട്ടുണ്ട്. നീതിയില്ലാത്തലോകത്തിൻെറനേരെ തിരിയുകയാണു പിന്നീട്. അതോടുകൂടി ചങ്ങമ്പുഴക്കവിതയുടെ മാറ്റൊലി പള്ളിപ്പറമ്പിൽ നാം കേട്ടുതുടങ്ങുന്നു. പദാമകം പാദമേകം അലംഭാവ എന്നവ രസാത്മകമെന്നു പ്രാചീനന്മർതന്നെ സമ്മതിച്ചുകഴിഞ്ഞിട്ടുള്ള കാര്യമാണല്ലോ.

പരപരിഹാസപാത്രമായ് തീർന്നൊരെൻ
പരമനിഷ്കളസൗഹൃദസ്വപ്നം
ഹൃദയമില്ലാത്തനിൻകയ്യിലുണ്ടതി ഭി
ന്നനിനെനിർദ്ദയം കൊല്ലുകി കൊല്ലുനീ
സ്മിതം, കൈയ ലുണ്ടു് എന്താ പോരേ,

ഈ വിധത്തി ചിലനിലനാനാവിധങ്ങൾ കവിയുടെ നിഷ്കർഷക്കുറവിൽനിന്നു നികന്നുകാണുന്നുണ്ടെങ്കിലും

ഏതൊരാരോമരമ്യരോമാഞ്ച
പൂരപ്പുഞ്ചിരിയാണു നീ
ഏതുവാർമഴവില്ലിൻറിൺമയ
വാസനാവാസമാണുനീ
ഏതു കാഞ്ചനകൈവിളക്കിൻെറ
കാന്തികന്ദളമാണുനീ

എന്നു അനുവാചകനെക്കൊണ്ടു ചോദിപ്പിച്ചുപോകുന്നതും അഞ്ചിതാനന്ദനിത്യസൗന്ദര്യ നെഞ്ചിടിപ്പെന്നു തോന്നിപ്പിക്കുന്നതുമായചില മനോഹരഭാവനകൾ ഈ കവനകലികയുടെ ഭാവി പരിണതിയെ പ്രതീക്ഷാവത്താക്കിത്തീർക്കുന്നു. ശ്രീ പള്ളിപ്പറമ്പനിൽ അത്തരം ഒരു വാഗ്ദത്തകവി ഭ്രൂതിസഹൃദയലോകത്തിനു സമാസ്വാദ്യമായവിധം സംഭവിക്കുമെന്നു ഈ കവനകലിക സംസൂചനം നൽകുന്നു.

(സി എം. പി.)

— ൦ —

## കറാച്ചി ന്യൂനപക്ഷങ്ങളുടെ പരാതി

കറാച്ചി, ജനുവരി ൩ വസ്തുവകകൾ വില്ക്കുന്നതു നിരോധിച്ചതുകൊണ്ടും സ്കൂൾകെട്ടിടങ്ങൾ ഗവർമ്മെണ്ടു കൈവശംവയ്ക്കുന്നതുകൊണ്ടും മററും ന്യൂനപക്ഷങ്ങൾക്കുള്ള സങ്കടങ്ങൾ സിൻഡുഗവർണ്ണരെ അറിയിച്ചു നിവൃത്തിയുണ്ടാക്കുന്നതിനു ഒരുന്യൂനപക്ഷപ്രതിനിധിസംഘം ഗവർണ്ണരെ കണ്ടു സംഭാഷണം നടത്തിയിരിക്കുന്നു.

(ഏ-പി)

## ബോംബെയിൽ ഭയങ്കരമായ അഗ്നിബാധ

ബോംബെ ജനു: ൨—അസാട്ട് മൈതാനത്തലെ സ്വതന്ത്രഭാരതകാർഷികവ്യാവസായികപ്രദർശനശാലയുടെ മദ്ധ്യഭാഗത്തിനു ഇന്നുച്ചതിരിഞ്ഞപ്പോൾ തീപിടിച്ചിരിക്കുന്നു. മൂന്നുലക്ഷത്തിനും നാലുലക്ഷത്തിനും നടുവിൽ നഷ്ടമുണ്ടെന്നു് കണക്കാക്കപ്പെട്ടിരിയ്ക്കുന്നു.

൨൦ മിനുട്ടിനുള്ളിൽ ൧൦൦-ലധികം സ്റ്റാളുകൾ കത്തിയാളിത്തുടങ്ങി. സ്റ്റാംഭകാരത്തിൽ പൊതിയിരുന്ന പുര ആളുകളെ ആയിരക്കണക്കിനു അങ്ങോട്ടാകർഷിച്ചിരുന്നു. ബോംബെയുടെ എല്ലാ ഭാഗങ്ങളിൽനിന്നും തീകെടുത്തുവാനുള്ള ആൾക്കാർരംഗത്തിലേയ്ക്കു കുതിച്ചെത്തിയെങ്കിലും അവർക്കു വളരെയൊന്നും ചെയ്യാൻ കഴിഞ്ഞില്ല. കൂടുതൽ പടരാതെ കഴിയ്ക്കാൻ സാധിച്ചു എന്നുമാത്രം. പത്തു ഫയർഎഞ്ചിനു ഉപയോഗപ്പെടുത്തിയിരുന്നു.

ആകെ ൧൫൦ സ്റ്റാളുകൾ നശിച്ചിട്ടുള്ളതിൽ ൧൫ എണ്ണം ടെക്സ്റ്റൈൽ മേഖലകളുടെ വകയാണ്. സർക്കസുകൾ രോമത്തുണികൾ തുടങ്ങി പല വിലപ്പെട്ട വസ്തുക്കളും നശിച്ചിട്ടുണ്ട്. ഒരു ക്രേക്കറ്റത്തെ സ്റ്റാളുകളിലുണ്ടായിരുന്ന കന്നുകാലികൾ രക്ഷിക്കുന്നതിനു വരളവെട്ടി. അവയെ തോട്ടംമൈതാനത്തിലേയ്ക്കു അഴിച്ചുവിട്ടു.

വദ്യുച്ഛക്തിയുടെ പ്രവർത്തനത്തിലുണ്ടായ ഏതോ കാറാണു് തീപിടുത്തതിനു കാരണം എന്നാണു അഭിപ്രായം. പക്ഷേ, ൩൦-നു ഉച്ചതിരിഞ്ഞു തീപിടിച്ചപ്പോൾ 'മെയൻസ്വിച്ച് ഓഫ്' ആയിരുന്നു എന്നാണു് ഒരുദ്യോഗസ്ഥൻ പറഞ്ഞതു്.

[illegible]

(നാലാംപേജിൽനിന്നും തുടർച്ച)

ഒരു ജനസമുദായത്തിൽ ആ ജനസമുദായത്തിൻെറ പൊതുകാര്യങ്ങൾ സേവനമനഃസ്ഥിതി, നിരന്തരോദ്യമം, അനവരതശ്രദ്ധ എന്നിവയോടുകൂടി നിർവഹിച്ചുകൊണ്ടിരിക്കേണ്ട ഗവൺമെൻറുകൾ കൈക്കൂലി, അഴിമതി, കാര്യക്ഷമതയില്ലായ്മ, ദുഷ്പ്രഭുത്വം ഇവകൊണ്ടു ദുഷിച്ചാൽ തൽഫലമായി ദാരിദ്ര്യമുണ്ടാകുന്നതാണ്. ന്യൂനതകൾ ഉള്ള ഒരു ഗവൺമെൻറ് യാതൊരു വ്യക്തിയുടെയും സംഘടനയുടെയും വാണിജ്യവ്യവസായോദ്യമങ്ങളെ സഫലമാക്കിത്തീർക്കുകയില്ല. യാതൊരു ജീവിതവൃത്തികൊണ്ടും കാലയാപനം ചെയ്യുവാൻ നിർവാഹമില്ലാതെവരും. ഒരു ദുഷിച്ചഗവൺമെൻറ വിദേശഗവൺമെൻറ്, ജനസമുദായത്തിൽ സ്ഥായിയായ താല്പര്യമില്ലാത്ത വിദേശികൾക്ക അധികാരമുള്ള ഗവൺമെൻറ് ആണെങ്കിൽ നാനാപ്രകാരേണയും അപഹരണവും അഴിമതിയും വർദ്ധിക്കുകയും ദാരിദ്ര്യം വർദ്ധിക്കുകയും ചെയ്യും. അത്തരം ഗവൺമെൻറുകളുടെ നിർദ്ദയമായ കർശനനടപടികൾമൂലം ജനസമുദായത്തിൽ പൊതുവെ മാന്ദ്യവും നൈരാശ്യവും വർദ്ധിക്കുകയും ഐശ്വര്യം കുറയുകയും ചെയ്യും. ആദ്യം നല്ല ഒരു ഗവൺമെൻറ രൂപവൽക്കരിക്കണമെന്നും പിന്നീടേ വിവാഹംചെയ്തു കുടുംബം രൂപവൽക്കരിക്കയുംധനസമ്പാദനപരിശ്രമങ്ങളിൽ ഏർപ്പെടുകയും ചെയ്യാവൂ എന്നും ഭരദ്വാജൻ മുതലായ പ്രാചീനഭാരതത്തിലെ രാഷ്ട്രീയചിന്തകന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു ഈ ഒരു തത്വത്തെ ആദരിച്ചാണെന്നയാണ്. ജനങ്ങളെ പരസ്പരസ്നേഹവും പരസ്പരസഹായവും നിരന്തരോദ്യമശീലവും മിതവ്യയശീലവുമുള്ളവരാക്കിത്തീർക്കുന്നതിന പര്യാപ്തമായ സർവപരിതഃസ്ഥിതികളും സൃഷ്ടിക്കേണ്ടതു ഗവൺമെൻറുകളാണ്. ഏതാദൃശങ്ങളായ പരിതഃസ്ഥിതികൾ സൃഷ്ടിക്കാതെയിരുന്നാൽ ദാരിദ്ര്യം വർദ്ധിക്കുകയേ ഉള്ളു.

നൈസർഗ്ഗികകാരണങ്ങളെയും സാമൂഹ്യകാരണങ്ങളെയുംപററി സാമാന്യമായി പ്രതിപാദിച്ചുകഴിഞ്ഞു. ഇനിയും വ്യക്തിഗതങ്ങളായ ദാരിദ്ര്യകാരണങ്ങളെപ്പററിയാണ് ചിന്തിക്കാനുള്ളത്. ജനസമുദായത്തിലെ വ്യക്തികളുടെ കുലപാരമ്പര്യത്തിൻെറ ഫലമായി ശാരീരികമാനസികവൈകല്യങ്ങളുണ്ടാകുന്നു. ഈ വൈകല്യങ്ങളിൽനിന്നു രോഗം, കുററവാളിത്തം, മദ്യപാനാസക്തി, വ്യഭിചാരകൗതുകം മുതലായ നടപടദൂഷ്യങ്ങൾ ഉത്ഭവിക്കുന്നു. ഇവ ദാരിദ്ര്യകാരണങ്ങളാണ്. വിട്ടുമാറാത്ത സുഖക്കേടുകളുണ്ടായിരിക്കുന്നതാണ് ദാരിദ്ര്യത്തിനു മുഖ്യകാരണമെന്നു പല സമ്പൽതത്വജ്ഞന്മാരും അഭിപ്രായപ്പെടുന്നുണ്ട്. മടിയും [illegible]മില്ലായ്മയും ദാരിദ്ര്യത്തെ സൃഷ്ടിക്കുന്നു. കാമക്രോധലോഭമോഹമദമാത്സര്യാദികളെയെല്ലാം ഭാരതീയധർമ്മശാസ്ത്രജ്ഞന്മാർ കഠിനമായി അപലപിക്കുകയും വ്യക്തിയിൽനിന്നും അവയെ ദൂരീകരിക്കുവാൻ ശ്രമിക്കയും അങ്ങിനെ വ്യക്തിയെ സംസ്കരിക്കുവാനുള്ള ആചാരഭേദങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുള്ളതു വ്യക്തി സാമ്പത്തികനാശത്തിൽപ്പെട്ടു നട്ടംതിരിയുകയും അങ്ങിനെ എന്നന്നേക്കുമായി നശിക്കുകയും ചെയ്യാതിരിക്കുന്നതിനാണ്.

ദാരിദ്ര്യത്തിൻെറ സ്വരൂപവും അതിൻെറ കാരണങ്ങളും ഏതാണ്ടൊരുവിധം വിശദമാക്കിയതിൽതന്നെ അതിൻെറ നിവാരണമാർഗ്ഗവും അന്തർഭവിക്കുന്നുണ്ടല്ലോ. ഒരു ജനസമുദായത്തിൽ ഉൾപ്പെട്ട സർവവ്യക്തികൾക്കും ഏതെങ്കിലും തൊഴിൽ വഴിയായി ധനം ഉണ്ടായിരിക്കത്തക്കവണ്ണവും തൊഴിലില്ലാത്തവർക്കു പൊതുഭണ്ഡാരത്തിൽനിന്നു ധനസഹായം ലഭിക്കത്തക്കവണ്ണവും ഒരു നിയന്ത്രിതമായ സാമ്പത്തികോല്പാദനവിതരണക്രമം നടപ്പിൽ വരുത്തുകയാണ് ദാരിദ്ര്യപരിഹാരത്തിനു പ്രഥമമായും പ്രധാനമായും ആവശ്യം. ദാരിദ്ര്യം നീങ്ങുന്നതിന്നുവേണ്ടി ചിലർ പലവിധത്തിൽ ഈശ്വരപരമായ കർമ്മങ്ങൾ ചെയ്യുന്നുണ്ട്. ഇവയിൽ ചിലവ മാനസികശക്തിയെ വർദ്ധിപ്പിക്കുന്നതും വ്യക്തിഗതമായ ചില ദാരിദ്ര്യകാരണങ്ങളെ നശിപ്പിക്കുന്നവയുമാണ്. ചിലവ കേവലം അന്ധവിശ്വാസജടിലങ്ങളും നിഷ്പ്രയോജനങ്ങളുമാകുന്നു. ഏററവുമുയർന്നവരും ശരിയായ മാർഗ്ഗത്തിൽ ചരിക്കുന്നവരുമായ ഈശ്വരവിശ്വാസികൾ ദാരിദ്ര്യദൂരീകരണാദി ലൗകികാവശ്യങ്ങൾ സാധിക്കുന്നതിലും കവിഞ്ഞ ലക്ഷ്യപ്രാപ്തിക്കാണ് ഈശ്വരവിശ്വാസത്തെ പ്രയോജനപ്പെടുത്തുന്നത്. പ്രവൃത്തി ചെയ്യാൻ മടിയുള്ള അലസരായ ചിലർ ഈശ്വരൻെറ പേരിൽ ദാരിദ്ര്യം നീക്കാമെന്നു എങ്ങിനെയോ തെററിദ്ധരിച്ചു ലൗകികമായ ദാരിദ്ര്യനിവാരണമാർഗ്ഗങ്ങളിൽ ശ്രദ്ധിക്കാതെ കേവലം നാമജപം, വ്രതാനുഷ്ഠാനം മുതലായവകൊണ്ടു കാലയാപനംചെയ്യുന്നു. ഇവർ പൂർവാധികം അലസരും ദരിദ്രരുമായിത്തീരുന്നതായിട്ടാണ കാണപ്പെടുന്നത്. ദാരിദ്ര്യദൂരീകരണത്തിനു മതത്തിൻെറ പേരിൽ പ്രചരിച്ചിരിക്കുന്ന അന്ധവിശ്വാസങ്ങളെ അവലംബിക്കാതെ സാമൂഹ്യമായ നിവാരണപദ്ധതികളിലേക്കു മനുഷ്യർ ശ്രദ്ധപതിപ്പിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഒരു വലിയ പാടത്തുവിതച്ച നെൽചെടികൾക്കെല്ലാം ജലവിതരണം ഒരുപോലെ നടത്തിയാൽ അവയെല്ലാം വറളാതെ വളരുന്നതു കാണപ്പെടുന്നുണ്ടല്ലോ. അതുപോലെ ഒരു ജനസമുദായത്തിലെ വ്യക്തികൾക്കെല്ലാം സുലഭമായവിധം സമ്പദ്വിതരണം ചെയ്തുകൊണ്ടിരുന്നാൽ വ്യക്തികൾ ദാരിദ്രത്തിൽ വറണ്ടുപോകാതെ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. ഇതു സാദ്ധ്യമല്ലെന്നു തോന്നുന്നതു അജ്ഞതയും അശാസ്ത്രീയബോധവും മൂലമാകുന്നു. മതാനുശാസനമനുസരിച്ചു ചില വ്യക്തികളും സ്ഥാപനങ്ങളും ദാരിദ്ര്യം മാറാൻ കൊച്ചുകാശുമാററി ധർമ്മംകൊടുക്കയും വല്ലപ്പോഴും സദ്യനടത്തുകയും കഞ്ഞിവീഴ്ത്തുനടത്തുകയും മററും ചെയ്യുന്നു. പഴയകാലത്തു ഇവ കുറേക്കൂടി ഗണ്യമായ ഫലംനൽകിയിരിക്കാം. എന്നാൽ ഇക്കാലത്തു ഈവക ദാരിദ്ര്യദൂരീകരണമാർഗ്ഗങ്ങൾ മരുഭൂമിയിൽ ചാറിയ മഴപോലെയാണ്. അവ പഴഞ്ചൻരീതികളാണെന്നു തീർത്തുപറയാം. ഘോരമായിത്തീർന്നിരിക്കുന്ന അന്ധവിശ്വാസങ്ങൾ മാറാനാണ് ഇന്നു ഈശ്വരപ്രാർത്ഥന നടത്തേണ്ടതു. യുദ്ധവും ദാരിദ്ര്യവും ജനസമുദായത്തിൽനിന്നു ഒഴിവാക്കുവാൻ കഴിയുന്നതല്ലെന്നുള്ള ഒരു വിശ്വാസം മുൻകാലങ്ങളിൽ നിലനിന്നിരുന്നു. യുദ്ധം അധർമ്മമല്ലെന്നും ഇഹലോകൈശ്വര്യത്തിനും സ്വർഗ്ഗലോകപ്രാപ്തിക്കും അതു ആവശ്യമാണെന്നും വിശ്രുതഭാരതീയനിയമശാസ്ത്രപ്രണേതാവായ മനു അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ഇന്നു മനുഷ്യരുടെയിടയിൽനിന്നു ആ പ്രാചീനവിശ്വാസം മാറിവരുന്നു. സയൻസിൻെറ അഭിവൃദ്ധിയും തദ്വാരാ മനുഷ്യൻെറ കഴിവിനെസംബന്ധിച്ചുണ്ടായിരിക്കുന്ന വിശ്വാസത്തിൻെറ ആധിക്യവുമാണ ഇതിനു കാരണം. യുദ്ധത്തെ ഒഴിവാക്കുക, ദാരിദ്ര്യത്തെ ദൂരീകരിക്കുക എന്നീ രണ്ടു പ്രധാന ലക്ഷ്യപ്രാപ്തികൾക്കാണ് ഇന്നു മനുഷ്യസമുദായം പ്രവർത്തിക്കുന്നതു. ഇന്നത്തെ സാർവലൗകികസിദ്ധാന്തങ്ങളും സാർവലൗകികസ്ഥാപനങ്ങളും ഇതിനു തെളിവുകളാകുന്നു.

ദാരിദ്ര്യത്തിൻെറ ബാഹ്യകാരണങ്ങളിൽ നൈസർഗ്ഗികമായവയെ ദൂരീകരിക്കുന്നതിനു സയൻസിൻെറ സഹായത്തോടെ കാർഷികമായും വ്യാവസായികമായുമുള്ള വിഭവോൽപാദനം ആവശ്യത്തിനു തക്കവണ്ണം വർദ്ധിപ്പിക്കണം. അങ്ങിനെ വർദ്ധിപ്പിക്കപ്പെടുന്ന വിഭവങ്ങൾ എല്ലാവർക്കും ആവശ്യംപോലെ ലഭിക്കുന്നതിന് തടസ്സമായി സാമൂഹ്യകാരണങ്ങൾ കാണപ്പെടുന്നുണ്ടെങ്കിൽ അവയെ വേണ്ടപോലെ മാററുന്നതിന് സമുദായവ്യവസ്ഥകളുടെ പരിഷ്കരണം സാധിക്കയും വേണം. ജനസമുദായത്തിൽനിന്നും അജ്ഞതയെ നീക്കംചെയ്യുന്നതിനു നിർബന്ധിതമായ സാർവജനീനവിദ്യാഭ്യാസവും അനാരോഗ്യത്തെ മാററുവാൻ പൊതുജനാരോഗ്യപദ്ധതികളും നടപ്പിലാക്കേണ്ടതു ദാരിദ്ര്യനിവാരണത്തിനു അനുപേക്ഷണീയമാകുന്നു. പൊതുജനാരോഗ്യപദ്ധതിയിൽ ഭവനനിർമ്മാണപരിപാടിക്കു പ്രമുഖമായ ഒരു സ്ഥാനമുണ്ടായിരിക്കണമെന്നുള്ള കാര്യം ഇവിടെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ക്രമാധികമായ ജനസംഖ്യാവർദ്ധനവു ദാരിദ്ര്യഹേതുകമാകയാൽ അതിനെ തടയുവാൻ സന്താനനിയന്ത്രണം അവലംബനീയമാണ്. സന്താനനിയന്ത്രണം ആത്മനിയന്ത്രണംമൂലമാണോ അതു മററുപ്രകാരത്തിലാണോ സാധിക്കേണ്ടതെന്നുള്ളതു പൊതുജനങ്ങൾ നിശ്ചയിക്കട്ടെ.

ആധുനികകാലത്തിനു പററിയ ഗവൺമെൻറുകളും ജനസമുദായത്തിലെ ദാരിദ്ര്യത്തിനു വിധിച്ചിട്ടുള്ളപരിഹാരമാർഗ്ഗങ്ങളുണ്ട്. ഗവൺമെൻറുകളുടെ ആഭിമുഖ്യത്തിൽ സാമൂഹ്യരക്ഷായോഗപദ്ധതികൾ നടപ്പാക്കുന്നതു ദാരിദ്ര്യദൂരീകരണത്തിനുപ്രയോജനകരംതന്നെയെന്നു പലപാശ്ചാത്യരാജ്യങ്ങളും തെളിയിച്ചിട്ടുണ്ട്. അഭിവൃദ്ധികരങ്ങളായ നിയമങ്ങൾനിർമ്മിക്കുന്നതിനും നിലവിലുള്ളപല നിയമങ്ങളെയും ഉജ്ജിതത്തിൽവരുത്തുന്നതിനും ജനസമുദായത്തിൽ സ്ഥാപിതതാൽപര്യങ്ങളുള്ള വ്യക്തികൾ സമ്മതിക്കുകയില്ല. ഗവൺമെൻറുകൾ ദാരിദ്ര്യത്തെ നശിപ്പിച്ചാൽപിന്നെ പണംകൊടുത്തു വോട്ടുപിടിക്കുന്നതെങ്ങിനെയെന്നാണ ഇക്കൂട്ടരുടെ ഉൽകണ്ഠ. എന്നാൽ ഒരുസംഗതി തീർച്ചയാകുന്നു. പണംകൊടുത്തു വോട്ടുസമ്പാദിക്കുന്ന സമ്പ്രദായം ഗവൺമെൻറുകളെത്തന്നെ ദുഷിപ്പിക്കും. ദുഷിച്ചഗവൺമെൻറുകൾ ദാരിദ്ര്യത്തെ സൃഷ്ടിക്കുകയേഉള്ളു. ഏതായാലും ജനസമുദായത്തിൽ അലസതയും സ്വാർത്ഥവും വർദ്ധിക്കുവാൻ ഗവൺമെൻറുകൾ അനുവദിച്ചുകൂടാത്തതാണ്. ഇക്കാലത്തു ഗവൺമെൻറുകളുടെ കർത്തവ്യപരിധി വിസ്തൃതമായി വരികയാണ്. പുറമേയും അകമേയുംനിന്നുത്ഭവിക്കുന്ന അക്രമങ്ങളിൽനിന്നു ജീവനെയും സ്വത്തിനെയും രക്ഷിക്കുന്നതും തർക്കങ്ങൾ സത്യവും ന്യായവുംപോലെ തീരുമാനിക്കുന്നതും ആയിരുന്നു പഴയകാലങ്ങളിൽ ഗവൺമെൻറുകളുടെ പ്രധാനചുമതലകൾ. ഇക്കാലത്താകട്ടെ വ്യക്തികൾക്കുലഭിക്കുന്ന ആദായക്കാര്യത്തിലും വ്യക്തികളുടെ ഉപജീവനവൃത്തിസംബന്ധിച്ച വ്യവസ്ഥകളിലും ഗവൺമെൻറുകൾക്ക ഇടപെടേണ്ടിവന്നിരിക്കുന്നു. വേലയും കൂലിയും വേലസമയവും നിശ്ചയിക്കുന്നതും കുട്ടികളെയും സ്ത്രീകളെയും വൃദ്ധരെയും രോഗികളെയും തൊഴിലില്ലാത്തവരെയും സംരക്ഷിക്കുന്നതുമെല്ലാം ഗവൺമെൻറുകളുടെ ധർമ്മമായിത്തീർന്നിട്ടുണ്ട്. പാശ്ചാത്യദേശങ്ങളിലെ ഗവൺമെൻറുകൾ ഏററവും കുറഞ്ഞകൂലി ഇത്ര ആയിരിക്കണമെന്നു അനുശാസിച്ചുകൊണ്ടുള്ള നിയമങ്ങൾ ഉണ്ടാക്കി നടപ്പിലാക്കിത്തുടങ്ങിയിരിക്കുന്നു. ഇതിൽനിന്നു പരിഷ്കൃതമായ ഒരു ഗവൺമെൻറ് ദാരിദ്ര്യത്തിനു പ്രഥമവും പ്രധാനവുമായ നിവാരണമാർഗ്ഗമാണെന്നു സിദ്ധമാണല്ലോ.

—o—

# മഹാത്മജിയും സ്ത്രീലോകവും

## (രാജകുമാരി അമൃതകൌർ)

ചരിത്രത്തിൽ യാതൊരുനേതാവും തൻെറ ജീവിതകാലത്തു ഗാന്ധിജിയെപ്പോലെ സ്വന്തംരാജ്യത്തോ ലോകത്തിലോ ഇത്രയേറെ അനുയായികളെ സമ്പാദിച്ചിട്ടില്ല. സ്ത്രീകളിൽനിന്നു ഇത്ര ഹൃദയപൂർവമായ ഭക്തിയും മററാർക്കും നേടുവാൻ കഴിഞ്ഞിട്ടില്ല. കാരണം സ്പഷ്ടമാണ്. അന്യരുടെ വിശേഷിച്ചും പരാധീനരുടെ നിലയിൽനിന്നുതന്നെ നോക്കാനുള്ള അസൂയാവഹമായ ഒരു കഴിവ് ഗാന്ധിജിക്കുണ്ട്.

പ്രാചീനഭാരതം നമ്മുടെമുമ്പാകെവച്ച നിരതിശയനീയമായ സംസ്കാരവും സാമുദായികാദർശങ്ങളുമൊക്കെ ഉണ്ടായിട്ടും, ആ നിലയിൽനിന്നും നാം വളരെയേറെ അധഃപതിച്ചിരിക്കുന്നുവെന്നും അധഃപതനം ഏററവുമധികം സംഭവിച്ചിട്ടുള്ളതു സ്ത്രീകളെസംബന്ധിച്ചാണെന്നും ഉള്ള സംഗതി നാം ഇന്നുകാണുന്നുണ്ട്. പുരുഷൻെറ സഹധർമ്മിണി, പങ്കാളി, സഹായി എന്നനിലകളിൽനിന്ന് താഴ്ന്നവൾ അവനു കീഴ്പ്പെട്ടവളായിത്തീർന്നിരിക്കുന്നു. സ്വന്തമായി യാതൊരവകാശങ്ങളുമില്ലാതെ അവനു യഥേഷ്ടം സ്വന്താവശ്യത്തിന്നെടുത്തുപെരുമാറാവുന്ന ഒരു സാധനം. ആചാരസമ്പ്രദായങ്ങൾ അവളെ വല്ലാതെ ദ്രോഹിച്ചിരിക്കുന്നു. വാസ്തവത്തിൽ ഈ പരാധീനത ലോകത്തിൽ സർവത്രയുണ്ടായിരുന്നു. "പുരോഗതിപ്രാപിച്ച" പാശ്ചാത്യലോകത്തിലെ സ്ത്രീകൾ ഇയ്യിടെമാത്രമാണ് ഒരു സമരത്തിനുശേഷം സ്വാതന്ത്ര്യംനേടിയതു; അവിടേയും അവർക്ക വേണ്ടതെല്ലാം ഇനിയും കിട്ടിയിട്ടില്ല; ലോകത്തു പല അവശതകളും ഇന്നും അവർക്കുണ്ട്.

ഒരു യഥാർത്ഥമനുഷ്യസ്നേഹിയും ഏതുതരത്തിൽകാണുന്ന അനീതിയുടേയും ശത്രുവുമായ ഗാന്ധിജി വളരെക്കാലം മുമ്പുതന്നെ സ്ത്രീകളുടെകാര്യം ഏറെറടുത്തതിൽ യാതൊരാശ്ചര്യവുമില്ല. താൻ ഉപദേശിക്കുന്ന എല്ലാകാര്യത്തിലുമെന്നപോലെ ഇതിലും അദ്ദേഹം പരിഷ്കാരം ആരംഭിച്ചതു തന്നിൽനിന്നുതന്നെയാണ്. സത്യത്തോളം കഠിനനും നിർദ്ദയനായ ഒരാത്മവിമർശകനുമായ അദ്ദേഹം, താനും ഒരടിമയെ വെച്ചുകൊണ്ടിരിക്കുന്നവനാണെന്നു കണ്ട നിമിഷംമുതൽ, തൻെറ മനോഭാവം മാററി. ആ മനോഭാവത്തോടുകൂടി സ്ത്രീജാതിയുടെ മോചനത്തിനുവേണ്ടിയുള്ള പ്രയത്നവും ആരംഭിച്ചു. പാരമ്പര്യത്തിൻെറയും മതത്തിൻെറയും പേരിൽ സ്ത്രീകളോടുചെയ്തുവരുന്ന അനീതികളെ തൻെറ ശക്തിമത്തായ തൂലികകൊണ്ടും പ്രസംഗങ്ങൾകൊണ്ടും വളരെക്കാലമായി അദ്ദേഹം എതിർത്തുപോരുന്നുണ്ട്. നിർബന്ധവിധവാത്വം, പർദ്ദ, ദേവദാസീസമ്പ്രദായം, വ്യഭിചാരം, ശൈശവവിവാഹം, സ്ത്രീധനസമ്പ്രദായം, സ്ത്രീകളുടെ സാമ്പത്തികാടിമത്തം, ദാമ്പത്യജീവിതത്തിലെ പരാധീനത ഇവയെക്കുറിച്ചെല്ലാം അദ്ദേഹം നിർഭയം ആക്ഷേപിച്ചിട്ടുണ്ട്. "സ്ത്രീപുരുഷർ പദവിയിൽ തുല്യരാണ്. സ്ത്രീകളുടെ അവകാശങ്ങളുടെകാര്യത്തിൽ യാതൊരു വിട്ടുവീഴ്ചക്കും ഞാൻ തെയ്യാറില്ല. എൻെറ അഭിപ്രായത്തിൽ നിയമദൃഷ്ട്യാ പുരുഷനില്ലാത്ത യാതൊരവശതയും സ്ത്രീക്കുണ്ടായിരിപ്പാൻ പാടില്ല. പുത്രനും പുത്രിക്കും പരിപൂർണ്ണസമത്വം ഞാൻ അനുവദിക്കും. സ്ത്രീസ്വാതന്ത്ര്യത്തെ സ്വന്തം സ്വാതന്ത്ര്യത്തോളം വിലമതിക്കുകയും, സ്ത്രീയെ മനുഷ്യജാതിയുടെ അമ്മയായികരുതുകയും ചെയ്യുന്നവർക്ക ബഹുമാനിക്കാൻ കഴിയാത്തവരികൾ സ്മൃതികളിലുണ്ടെന്നതു പരിതാപകരമത്രെ. സ്ത്രീസ്വാതന്ത്ര്യം അർഹിക്കുന്നില്ലെന്നു മനു പറഞ്ഞതായിപ്പറയുന്ന അഭിപ്രായം എനിക്കത്ര വിലപ്പെട്ടതൊന്നുമല്ല" ഇതൊക്കെ പരാധീനമായ സ്ത്രീയെക്കുറിച്ചു അദ്ദേഹം എഴുതീട്ടുള്ള വാക്യങ്ങളിൽ ചിലതാണ്. സമുദായത്തിൽ അവൾക്കു സ്വാഭാവികവും അവകാശപ്പെട്ടതുമായ സ്ഥാനത്തേക്കു സ്ത്രീയെ സമുദ്ധരിച്ചുകാണുവാൻ അദ്ദേഹത്തിനുള്ളആഗ്രഹത്തിനു മതിയായ തെളിവുകളാണ ഇവ.

അദ്ദേഹത്തിൻെറ സ്ഥാപനങ്ങളിലും സ്ത്രീകൾക്കു തുല്യസ്ഥാനമാണുള്ളത്. അദ്ദേഹമൊന്നിച്ചു ജീവിക്കുന്ന സ്ത്രീകൾക്കും ബാലികമാർക്കും തികഞ്ഞ ആത്മവിശ്വാസമുണ്ട്. സബർമതി ആശ്രമത്തിലേയും സേവാഗ്രാമം ആശ്രമത്തിലേയും സ്ഥിതി ഇതായിരുന്നു. ആ കാഴ്ച മനോഹരമാണ്; ഇന്ത്യൻസമുദായത്തിൽ സുദുർല്ലഭമായിമാത്രം കാണാവുന്നതാണ്. ഏതുജീവിതരംഗത്തിലും സ്ത്രീകൾ ജയിക്കുകയെക്കാൾ സന്തോഷപ്രദമായി അദ്ദേഹത്തിനു മറെറാന്നുമില്ല. അദ്ദേഹത്തിൻെറ ഏററവും പ്രിയപ്പെട്ട സൃഷ്ടിയായ ചർക്കാസംഘം സ്ത്രീകൾക്കുവേണ്ടിയുള്ള ഒരു സംഘടനയാണ്. അദ്ദേഹത്തിൻെറ അടുത്തുചെല്ലാനും സേവിക്കുവാനും ഭാഗ്യമുണ്ടായ ഞങ്ങൾ ജ്ഞാനിയായ ഒരു പിതാവിനെമാത്രമല്ല അദ്ദേഹത്തിൽ കണ്ടതു; ഒരമ്മയെക്കൂടികണ്ടെത്തി; ആ അമ്മയുടെ സർവവ്യാപകമായ സ്നേഹത്തിൻെറ മുമ്പിലാകട്ടെ എല്ലാഭയവും സങ്കോചവും തിരോഭവിക്കുന്നു.

"സ്ത്രീ ത്യാഗത്തിൻെറയും ക്ലേശസഹനത്തിൻെറയും മൂർത്തിയാണ്" എന്നു പറഞ്ഞു നമ്മുടെ ജാതിയെ അദ്ദേഹം ഏററവും ന

(ശേഷം പത്താംപേജിൽ)

(ഒൻപതാംപേജിൽനിന്നും തുടർച്ച)

...ന്നായി പ്രശംസിക്കുന്നു. എന്നാൽ നമ്മുടെ കാര്യം ഏറെറടുക്കുകയും നമ്മുടെ ബുദ്ധിമുട്ടുകളെല്ലാം മനസ്സിലാക്കുകയുംചെയ്തിട്ടുണ്ടെങ്കിലും, നമ്മുടെ ന്യൂനതകളെ വിമർശിക്കുവാൻ അദ്ദേഹം മടിച്ചിട്ടില്ല. സന്താനനിയന്ത്രണത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ അഭിപ്രായങ്ങളെ സ്ത്രീപ്രസ്ഥാനത്തിന്റെ നായികമാർ എതിർത്തിട്ടുണ്ടു്. എങ്കിലും സമുന്നതമായ ധാർമ്മികനിലയിൽനിന്നാണ ഈ കാര്യത്തെ അദ്ദേഹം വീക്ഷിച്ചിട്ടുള്ളതു്. നിസ്സാരലാഭത്തിനുവേണ്ടി ജന്മാവകാശം വിററുതിന്നരുതെന്നു അദ്ദേഹം നമ്മോടുപറയുന്നു. കൂടക്കൂടെ പ്രസവിക്കേണ്ടിവരുന്ന സ്ത്രീകളുടെ ക്ലേശങ്ങളിൽ സഹതാപമില്ലാത്തതുകൊണ്ടല്ല, കൃത്രിമോപായങ്ങൾകൊണ്ടു ഗർഭം തടയരുതെന്നു അദ്ദേഹം പറഞ്ഞതു്. സ്ത്രീകളുടെ യശസ്സ ഭവും രക്ഷാകവചവും ഏതാണോ ആ ചാരിത്ര്യം അവർക്കു നഷ്ടപ്പെടരുതെന്നതുകൊണ്ടാണ അദ്ദേഹം അങ്ങനെ ഉപദേശിക്കുന്നതു. നമ്മെ അദ്ദേഹം പ്രശംസിച്ചിട്ടുണ്ടെങ്കിലും, നമ്മളിൽനിന്നു പലതും അദ്ദേഹം പ്രതീക്ഷിക്കുന്നുണ്ടു — വിശേഷിച്ചും വിദ്യാഭ്യാസം ലഭിച്ചവരിൽനിന്നു്. നമ്മുടെ ശക്തി നാം മനസ്സിലാക്കിയാൽ പുരുഷനെന്നല്ല ലോകത്തിലെ യാതൊരുശക്തിയ്ക്കും നാം കീഴ്പെടേണ്ടതില്ലെന്നു അദ്ദേഹം പറയുന്നു. അബലകളെന്നു നമ്മെ വിളിക്കുവാൻ നാം അനുവദിച്ചു, പുരുഷന്റെ രക്ഷകൂടാതെ ജീവിക്കുവാൻ കഴികയില്ലെന്നു നാം വിചാരിച്ചു, നമുക്കു പുരുഷനോളം ബുദ്ധിയില്ലെന്നു നാം കരുതി, നമ്മുടെ സൌന്ദര്യത്തേയും ആകർഷണശക്തിയേയും കുറിച്ചുള്ള പുരുഷന്റെ സ്തുതികേട്ടു നാം മയങ്ങി—ഇതുകൊണ്ടൊക്കെ നമ്മുടെ നിലയും വിലയും താണു! ചുരുക്കത്തിൽ കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നില നാം സമ്മതിച്ചു. ഗാന്ധിജിയുടെ എല്ലാ വിചാരത്തിന്റെയും പ്രവൃത്തിയുടെയും ഉത്ഭവസ്ഥാനം അഹിംസയാകയാൽ സ്ത്രീകളുടെ മോചനത്തിനുമാത്രമല്ല ലോകത്തിലെ സർവ്വതിന്മകളുടേയും ദൂരീകരണത്തിനുള്ള മാർഗ്ഗം അഹിംസയാണെന്നു അദ്ദേഹം പറഞ്ഞിരിക്കുന്നു. "തങ്ങൾ അബലകളാണെന്ന വിചാരം സ്ത്രീകൾ ഉപേക്ഷിക്കുമെങ്കിൽ, യുദ്ധം തടയാൻ പുരുഷന്മാർക്കു കഴിയുന്നതിലേറെ അവർക്കു കഴിയും" എന്നു ൧൯൩൧-ൽ അദ്ദേഹം പാരീസിൽവെച്ചു അഭിപ്രായപ്പെട്ടു. സ്വിററ്സർലണ്ടിൽ വച്ചു ഇങ്ങനെ പറയുകയുണ്ടായി. "നിങ്ങൾ ആവശ്യപ്പെട്ടപോലെ, യൂറോപ്പിലെ സ്ത്രീകൾക്കു ഒരു സന്ദേശം നൽകാനുള്ള ധൈര്യം എനിയ്ക്കുണ്ടോ എന്നറിഞ്ഞുകൂടാ. അവരുടെ കോപത്തിനു പാത്രമാകാതെ അപ്രകാരംചെയ്യണമെങ്കിൽ കഴിഞ്ഞകൊല്ലം ഇന്ത്യയിലെ സ്ത്രീകൾ ചെയ്തതിന്റെനേർക്കു അവരുടെ ശ്രദ്ധ ക്ഷണിക്കുകയായിരിക്കും ഏററവും നല്ല വഴിയെന്നു തോന്നുന്നു. യൂറോപ്പു അഹിംസ പാഠം ചെയ്യുമെങ്കിൽ സ്ത്രീകൾമുഖേനയായിരിക്കും അതു സംഭവിക്കുന്നതു്". കഷ്ടം ഈ ഉപദേശം നിഷ്ഫലമായി. അതിന്റെ ഫലമായി യൂറോപ്പു ഇന്നു രക്തത്തിൽ കുളിച്ചുകിടക്കയാണു്. വിദ്വേഷവും പ്രതികാരവും കൂടി അതിനെ ആകെ നശിപ്പിക്കുവാൻ പോകുന്നു. ഇന്ത്യയിലെ സ്ത്രീകളുടെ പ്രബുദ്ധതയ്ക്കു സഹായിച്ച അനേകം കാരണങ്ങളിൽ ഏററവും പ്രബലമായതു ഇന്ത്യയിലെ ബ്രിട്ടീഷാധിപത്യത്തിന്നെതിരേയുണ്ടായ യുദ്ധത്തിൽ ഗാന്ധിജി കാണിച്ചുകൊടുത്ത അഹിംസാസമരമാർഗ്ഗമായിരുന്നുവെന്നതിനു സംശയമില്ല. ചൂളയുടെ ചൂടു പിന്മാറാതെനിന്നു സഹിക്കുവാൻ ൧൦൦൦ കണക്കിൽ സ്ത്രീകളെ അവരുടെ സുരക്ഷിതസ്ഥാനങ്ങളിൽനിന്നു പുറത്തേയ്ക്കു കൊണ്ടുവന്നു. തിന്മയേയും ആക്രമണത്തേയും തടയാൻ പുരുഷനെപ്പോലെ സ്ത്രീയ്ക്കു കഴിവുണ്ടെന്നു അതു തെളിയിച്ചു. നിരായുധമായ എതിർപ്പും ആയുധമെതിർപ്പിനേക്കാൾ ഇരട്ടിക്കും ഉൽകൃഷ്ടമാണെന്നും അതു വ്യക്തമാക്കി. എങ്ങനെയായാലും ഇന്ത്യയുടെ മോചനകാര്യത്തിൽ അതു സ്ത്രീകൾക്കു സുദൃഢമായ ഒരു സ്ഥാനം നൽകി.

ഹിംസയോ അഹിംസയോ വേണ്ടതെന്ന പ്രശ്നം ഇന്നു വളരെ പ്രധാനമായ ഒന്നാണു്. അഹിംസ സ്വർഗ്ഗത്തിലേക്കുള്ള ഇടുങ്ങിയ നേർമാർഗ്ഗമാണെന്നു വിചാരിക്കുന്നവർ തന്റെ ചുററും അണിനിരക്കണമെന്ന ആഹ്വാനമാണ ഗാന്ധിജിയുടെ സന്ദേശം. സ്വരാജ്യലബ്ധിക്കുള്ള ഉറച്ച പദ്ധതിയെന്ന നിലക്കു താൻ രാജ്യത്തിന്റെ മുമ്പാകെ വെച്ചിട്ടുള്ള നിർമ്മാണപരിപാടിയെപ്പററി ഈയ്യിടെ സുഹൃത്തുക്കളോടു സംസാരിക്കുമ്പോൾ സ്ത്രീകൾക്കു അതിലുള്ള സ്ഥാനത്തേക്കുറിച്ചു ഗാന്ധിജി ഇപ്രകാരം പറയുകയുണ്ടായി. ഞാൻ ഏററവുമധികം പ്രതീക്ഷിക്കുന്നതു സ്ത്രീകളിൽനിന്നാണു്. അവരെ ഇതുവരെ സൂക്ഷിച്ച കൂപത്തിൽനിന്നു കയററാൻ ഒരു കയ്യിന്റെ സഹായം വേണം. ൧൯൩൦-൩൧ ലെ സത്യാഗ്രഹകാലത്തു് അവർ പലതും ചെയ്തു. ഇന്നും അവർ ഉൽകൃഷ്ടമായിട്ടാണു് പെരുമാറുന്നതെങ്കിലും ഏററവുമധികം ഗുണമുണ്ടാകത്തക്കവണ്ണമല്ല. സംഘടിതരാകാൻ കാത്തുനില്ക്കയാണവർ. അഹിംസാനുഷ്ഠാനത്തിനു വേണ്ടിവരുന്ന ക്ലേശങ്ങൾ അനുഭവിക്കാനുള്ള കെല്പ് അവർക്കുണ്ടു്; അവർ നിസ്സ്വാർത്ഥരായി ക്ലേശങ്ങൾ സഹിച്ചുകൊള്ളുകയും ചെയ്യും." സ്വന്ത കുടുംബത്തിനും രാജ്യത്തിനും ലോകത്തിനും വേണ്ടി എന്തെങ്കിലുംചെയ്യാൻ കഴിവുള്ളവർ ഈ ആശ സഫലമാക്കാൻ ഭാവമുണ്ടോ എന്നതാണു് ഇന്നത്തെ ചോദ്യം.

സ്ത്രീകളുടെ നന്മയെ മുൻനിറുത്തിക്കൊണ്ടുള്ള ഗാന്ധിജിയുടെ പ്രസംഗങ്ങളും ലേഖനങ്ങളും ഏതൊരു മനുഷ്യസമുദായസ്നേഹിയും അനുസരിക്കുവാൻ സന്നദ്ധനാകേണ്ടതാണെങ്കിലും മുഖ്യമായി ശ്രദ്ധിക്കേണ്ടതു് സ്ത്രീകൾതന്നെയാണു്. കാരണം അവ അവളുടെ ജീവിതത്തിന്റെ ഓരോ തുറയേയും സ്പർശിക്കുന്നവയാണു്. സംശയവും ബുദ്ധിമുട്ടുമുള്ളപ്പോൾ അവ അവൾക്കു പിഴയ്ക്കാത്ത വഴി കാണിച്ചുകൊടുക്കാതിരിക്കയില്ല. സർവ്വോപരി ലോകസേവനം ചെയ്യണമെന്നാണു് അവ അവളോടു ആവശ്യപ്പെടുന്നതു്. ഈ മനോഭാവത്തോടുകൂടിയാണു് ഓരോ സ്ത്രീയും ഈ പുസ്തകം വായിക്കേണ്ടതു്. അതിപ്രധാനമായ ഒരു നിശ്ചയത്തിനുവേണ്ടിയാണു് നാം നിലകൊള്ളുന്നതു്. ഗാന്ധിജി ഒരിക്കൽ പറഞ്ഞതുപോലെ ചിരകാലമായി ലോകാരാധനയ്ക്കു പാത്രമായി വരുന്ന അനശ്വരസ്മരണകളായ സീതയേയും ദമയന്തിയേയും പോലുള്ള സ്ത്രീകൾ നമ്മളിൽനിന്നു ഉണ്ടാകാൻതക്കവണ്ണം നല്ല മാർഗ്ഗം തിരഞ്ഞെടുക്കുവാനുള്ള വിവേകവും ശക്തിയും ഈശ്വരൻ നമുക്കു നൽകുമാറാകട്ടെ.

"മലയാളഹരിജൻ"

—o—

# പ്രൊഫസ്സർ ജി. എച്ച്. ഹാർഡി

(സംഖ്യാശാസ്ത്രനഭസ്സിലെ അപൂർവ്വ ജ്യോതിഷ്മാനായിരുന്ന ഇദ്ദേഹം ഈ ഡിസംബർമാസം ഒന്നാംതീയതി നിര്യാതനായി)

എസ്സ്. പരമേശ്വരൻ

പ്രൊഫസ്സർ ഗാഡ്ഫ്രേ ഹാറോൾഡ് ഹാർഡി അഥവാ ജി. എച്ച്. ഹാർഡി ഭാരതീയർക്കു പരിചിതനല്ലെന്നുവന്നേയ്ക്കാം. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ സാഡ്ലേറിയൻ പ്രൊഫസ്സറായിരുന്ന മിസ്റ്റർ ഹാർഡി എന്നു പറയുമ്പോൾ ഗണിതശാസ്ത്രപ്രമുഖരിൽ പ്രഥമസ്ഥാനാർഹനെന്നു ഗണിതവിദ്യാർത്ഥികൾ മാത്രമെങ്കിലും മനസ്സിലാക്കുന്നതാണു. ഭാരതത്തിലെ ഗണിതശാസ്ത്രഗവേഷണചതുരനായിരുന്ന ശ്രീനിവാസരാമാനുജനെ ലോകരുടെ ദൃഷ്ടിപതിയത്തക്കവണ്ണം ഉയർത്തിക്കാണിച്ച വിശാലമനസ്കനായ ആംഗ്ലേയപണ്ഡിതൻ എന്നു കേൾക്കുമ്പോൾ പ്രൊ: ഹാർഡി സുപരിചിതൻ മാത്രമല്ല ഭാരതീയരുടെ ആത്മസുഹൃത്തുമായിക്കഴിഞ്ഞു. പ്രൊഫസ്സർ ഹാർഡി എന്നു കേട്ടാൽ "രാമാനുജന്റെ ഹാർഡി" എന്നാണു്, ഭാരതീയർ മാത്രമല്ല സകലരാഷ്ട്രനിവാസികളും ഓർമ്മിക്കുന്നതു; അതുപോലെ തന്നെ രാമാനുജനെ, ഹാർഡിയുടെ രാമാനുജനെന്നും. അത്രത്തോളം കെട്ടിപ്പിണഞ്ഞു കിടക്കുന്നതാണ അവർ രണ്ടുപേരുടേയും ജീവിതം—ഗണിതപരമായ പ്രവർത്തനജീവിതം.

ഇന്നേയ്ക്കു അറുപതുകൊല്ലം മുൻപ് ഭാരതത്തിന്റെ ഒരു കോണിൽ ഒരപൂർവ്വസൃഷ്ടി അവതരിച്ചു. ഭാരതീയ സൃഷ്ടികളെ എല്ലാം നിഷ്പ്രഭമാകത്തക്ക അമൂല്യസമ്പത്തായിരുന്നു ആ രത്നം. നാളതുവരെ ലോകത്തിലൊരുസ്ഥലത്തും കാണുവാൻ സാധിച്ചിട്ടില്ലാത്തതായ വിശിഷ്ടകിരണകന്ദളങ്ങളാണു് ആ വൈരമണി പ്രസ്ഫുരിപ്പിച്ചതു്. അനർഘമായ ആ നിധിയുടെ ചുററുമുള്ള വെറും മൺതരികളുണ്ടോ, അവയുടെ സമീപവർത്തിയുടെ യഥാർത്ഥ മാഹാത്മ്യമറിക. അസംസ്കൃതമായ ആ രത്നത്തെ ഉദ്ധരിക്കുവാൻ വളരെ കുറച്ചുവ്യക്തികൾ മാത്രമേ മുതിർന്നുള്ളു. മുതിർന്നവർക്കൊട്ടു സാധിച്ചുമില്ല; വേണ്ടപോലെ സാധിച്ചില്ല. അങ്ങനെ കാലം കുറെ കഴിഞ്ഞുപോയി. ആ പ്രചണ്ഡകിരണനെ അല്പാല്പം ക്ഷയം ബാധിച്ചുതുടങ്ങി. ഉണ്ടാകാവുന്ന നാശം മിക്കവാറും വന്നശേഷമാണു് ഒരു സഹായഹസ്തം സമീപിക്കാനിടവന്നതു്. ആ ചൂഡാമണിയിൽനിന്നു നിർഗ്ഗളിച്ച കിരണാവലി വിദൂരസ്ഥനായ ഒരു ക്രാന്തദർശിയെ ആകർഷിച്ചു. ഭാരതത്തിന്റെ ഭാഗ്യാതിരേകംകൊണ്ടു ആ സൂക്ഷ്മദർശി ഒരു നല്ല പരിശ്രമിയെ, അവൻ ഏതു നാട്ടുകാരനായാലും ശരി, ബഹുമാനിച്ചാദരിക്കുന്നതിനു സദാ ഉൽസുകചിത്തരായി കാണപ്പെടുന്ന ഇംഗ്ലീഷ്കാരിൽ ഒരുവൻ ആയിരുന്നു. ആ ആംഗ്ലേയവിദ്വാൻ ഉറക്കമിച്ചു, താൻ കണ്ട രത്നത്തെ വേണ്ടപോലെ ശാണഘർഷണനിടയാക്കി ലോകസമക്ഷം ഉത്തുംഗമായ പീഠത്തിൽ യഥായോഗ്യം പ്രതിഷ്ഠിച്ചു. ആ അപൂർവ്വനിധിയാണു് ശ്രീ. നിവാസരാമാനുജൻ; ആംഗ്ലേയപണ്ഡിതൻ ജി. എച്ച്. ഹാർഡിയും. ശ്രീനിവാസരാമാനുജനു അദ്ദേഹത്തിന്റെ സഹജാവബോധവൈശിഷ്ട്യത്താൽ പ്രതിദിനം നൂതനതത്വങ്ങൾ കണ്ടെത്തുവാനും പണ്ഡിതന്മാരെ കാണിക്കുവാനുംസാധിച്ചിരുന്നു പക്ഷെ അദ്ദേഹത്തിനു പ്രതിപാദനാവൈദഗ്ദ്ധ്യം വളരെ കുറവായിരുന്നു. ഇല്ലായിരുന്നു എന്നു തന്നെ പറയാം. അതിനാൽ ഹാർഡിയുടെ കൈവിളയാട്ടം കഴിഞ്ഞല്ലാതെ രാമാനുജന്റെ ഗണിതപ്രബന്ധങ്ങൾ ഒന്നുംതന്നെ പ്രകാശനം ചെയ്തിട്ടില്ല. തിരിയിൽ കൊളുത്തിയ പന്തംകണക്കെ, രാമാനുജന്റെ നൂതനസംഭാവനകളെ പ്രൊഫസ്സർ ഹാർഡി, അവയ്ക്കു് ഒരു 'കെട്ടും മട്ടും' നൽകി വിളംബരം ചെയ്തുകൊണ്ടിരുന്നു. ഇക്കാര്യത്തിൽ കുരുക്കൻ സാറിനു് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെന്നപോലെ ആയിരുന്നു രാമാനുജന് ഹാർഡിയും.

രാമാനുജൻ ഭാരതീയർക്കു ഒരു അഭിമാനസ്തംഭമാണെങ്കിൽ പ്രൊഫസ്സർ ഹാർഡി ഭാരതീയർക്കു് ഒരാത്മസുഹൃത്തും അഭിവന്ദ്യഗുരുവുമാണു്.

പ്രൊ: ഹാർഡി നിർവ്വഹിച്ചിട്ടുള്ള ഗവേഷണങ്ങളെക്കുറിച്ചു് കൂലങ്കഷമായി വിവരിക്കുക സുസാദ്ധ്യമല്ല; അഥവാ വിവരിക്കുന്നതായാൽ തന്നെ സാധാരണന്മാർക്കൊട്ടു മനസ്സിലാകുന്നതുമല്ല. 'സംഖ്യാസിദ്ധാന്തം' Theory of Numbers അനന്തശ്രേണീപഠനം (Study of Infinite Series) ഇവയായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലങ്ങളിൽ പ്രധാനമായിട്ടുള്ളവ. അദ്ദേഹത്തിന്റെ നാമത്തോടു ഘടിപ്പിച്ചു് അനവധി ഉപപാദ്യങ്ങളും (theorems) സർവ്വസമങ്ങളും (identities) ഉണ്ടു്. പക്ഷേ ഈ ഉപപാദ്യങ്ങളേയും സർവ്വസമങ്ങളേയും കുറിച്ചു് സാധാരണക്കാരനായ ഒരു എം. എ.

(ശേഷം അഞ്ചാംപേജിൽ)

മലയാളഹരിജൻ

# സ്മൃതികളിൽ സ്ത്രീകളുടെ സ്ഥാനം

—o—

എം. കെ. ഗാന്ധി

ബസ്വാഡ്യയിൽനിന്നു പ്രസിദ്ധംചെയ്യുന്ന "ഇന്ത്യൻ സ്വരാജ്യ"യുടെ ഒരു ലക്കം ഒരുലേഖകൻ എനിക്കു അയച്ചുതന്നിരിക്കുന്നു. യാതൊരു മാററവും വരുത്താതെ അതിൽനിന്നു എടുത്തു ചേർത്തിട്ടുള്ളതാണു് ചുവടെയുള്ള വരികൾ.

"ഭർത്താവു ദുഃസ്വഭാവിയും ലമ്പടനും നിർഗ്ഗുണനുമാണെങ്കിലും ഭാര്യ അദ്ദേഹത്തെ ഈശ്വരനെപ്പോലെ കരുതണം.
(മനു 5-154)

"സ്ത്രീകൾ ഭർത്താക്കന്മാരുടെ വാക്കുകൾ അനുസരിക്കണം. ഇതവരുടെ ഏററവും വലിയ ധർമ്മമാണു്. യാജ്ഞവാൽക്യ.
(1-18)

"സ്ത്രീക്കു സ്വന്തമായി യോഗമോ കർമ്മമോ വ്രതമോ ഇല്ല. ഭർത്താവിനെ സേവിച്ചതുകൊണ്ടു സ്വർഗ്ഗത്തിൽ അവൾക്കു ഉയർന്നസ്ഥാനം ലഭിക്കുന്നു. (മനു 5-145)

"ഭർത്താവു ജീവിച്ചിരിക്കുമ്പോൾ വ്രതം കൊള്ളുകയും ഉപവസിക്കുകയും ചെയ്യുന്നവൾ ഭർത്താവിന്റെ പ്രാണൻ അറുക്കുന്നു. അവൾ നരകത്തിലേക്കു പോകും. തീർത്ഥം ആഗ്രഹിക്കുന്ന സ്ത്രീ ഭർത്താവിന്റെ പാദതീർത്ഥംകൊണ്ടു സംതൃപ്തയാവണം. എന്നാൽ അവൾക്കു ശ്രേയസ്സു പ്രാപിക്കാം. (അത്രി 136-37)

"ഭർത്താവിനേക്കാൾ ഉയർന്നസ്ഥാനം ഭാര്യക്കില്ല. ഭർത്താവിനെ വെറുപ്പിക്കുന്നവൾക്കു മരണശേഷം അദ്ദേഹത്തിന്റെ ലോകത്തിലേക്കു പോകാൻ സാധിക്കുകയില്ല. അതിനാൽ അവൾ ഭർത്താവിനു നീരസം തോന്നിക്കരുതു്
(വാസിഷ്ഠ 21-14)

"പിതൃഗൃഹത്തിൽ അഭിമാനംകൊണ്ടു ഭർത്താവിനെ ധിക്കരിക്കുന്ന സ്ത്രീയെ രാജാവു് ജനക്കൂട്ടംകാൺകെ നായ്ക്കൾക്കു ഇരയാക്കണം (മനു 8-371)

"ഭർത്താവിനെ ധിക്കരിക്കുന്ന സ്ത്രീയുടെ ഭക്ഷണം ആരും കഴിക്കരുതു്". അവൾ പുംശ്ചലിയാണു്. (അംഗിരസ്സ് 69)

"ദുർവൃത്തനോ കുടിയനോ രോഗിയോ ആയിരിക്കുന്ന ഭർത്താവിനെ അനുസരിക്കാത്ത ഭാര്യയെ, അവൾക്കു വിലപ്പെട്ട വസ്ത്രമോ ആഭരണമോ കൊടുക്കാതെ മൂന്നുമാസം അകററിത്താമസിപ്പിക്കണം.
(മനു 10-78)

സ്ത്രീസ്വാതന്ത്ര്യത്തെ സ്വസ്വാതന്ത്ര്യം വിലപ്പെട്ടതായും അവളെ മനുഷ്യജാതിയുടെ അമ്മയായും കരുതുന്നവർക്കു ബഹുമാനിക്കുവാൻ കഴിയാത്ത വാക്യങ്ങൾ സ്മൃതികളിലുണ്ടെന്നതു പരിതാപകരമത്രെ. സ്ത്രീക്കു അവൾ അർഹിക്കുന്ന സ്ഥാനം നൽകുകയും അവളെ വന്ദിക്കുകയും ചെയ്യുന്ന വരികൾ സ്മൃതികളിലുണ്ടെന്നതു ശരിതന്നെ. പരസ്പരവിരുദ്ധങ്ങളും ധർമ്മബോധത്തിനു രുചിക്കാത്തവയുമായ ശ്ലോകങ്ങളുള്ള സ്മൃതികളെക്കൊണ്ടെന്താണു ചെയ്യേണ്ടതെന്നചോദ്യം ഉൽഭവിക്കുന്നു. മതഗ്രന്ഥങ്ങളിൽ കാണുന്നതെല്ലാം ഈശ്വരവാക്യമായി കരുതേണ്ടതില്ലെന്നു പലതവണ ഞാൻ പറയുകയുണ്ടായിട്ടുണ്ടു്. പക്ഷെ ഏതാണു ശരിയായവ, ഏതാണു് പ്രക്ഷിപ്തങ്ങൾ എന്നു മനസ്സിലാക്കുവാൻ എല്ലാവർക്കും സാധിച്ചെന്നുവരികയില്ല. അതിനാൽ അധികാരമുള്ള ആരെങ്കിലും ഈ മതഗ്രന്ഥങ്ങളെല്ലാം പരിശോധിച്ചു് ധാർമ്മികമൂല്യമില്ലാത്ത വരികളെല്ലാം അവയിൽനിന്നു നീക്കംചെയ്തു, ശരിപ്പെടുത്തിയ ഒരു പതിപ്പു് പൊതുജനങ്ങളുടെ മുമ്പാകെ സമർപ്പിക്കേണ്ടതാണു്. ഇങ്ങിനെ ചെയ്യുന്നതിനെ ഹിന്ദുക്കൾ മുഴുവനുമോ മതതലവന്മാരോ അനുകൂലിച്ചേക്കാനിടയില്ലെന്നതുകൊണ്ടു് അപ്രകാരം ചെയ്യാതിരിക്കേണ്ടതില്ല. ലോകോപകാരത്തെ മുൻനിർത്തി ഹൃദയപൂർവ്വം നിഷ്കളങ്കമായിചെയ്യുന്ന കർമ്മത്തിനു ഫലമില്ലാതെ വരികയില്ല. ആർക്കു ഇത്തരം സഹായം ആവശ്യമുണ്ടോ അവരെ അതു സഹായിക്കാതിരിക്കുകയില്ല.

# ഇംഗ്ലണ്ടിലെ നഗരനിർമ്മാണപദ്ധതി

പത്മകുമാർ, ഇടപ്പള്ളി

കഴിഞ്ഞ യുദ്ധകാലത്തു അനേകം നവീനാശയങ്ങളും, പുരോഗമനപരിപാടികളും സംജാതമായിട്ടുണ്ട്. തൽഫലമായി ബ്രിട്ടനിലെ നഗരനിർമ്മാണപദ്ധതിയിൽ വൻപിച്ച പരിവർത്തനങ്ങൾ വന്നുചേർന്നു. വലിയ നഗരങ്ങളെ ഇനിയും വികസിപ്പിക്കേണ്ടതില്ലെന്നു ബ്രിട്ടീഷ്ഗവർമ്മെണ്ടു തീർച്ചയാക്കി. വ്യാവസായികനഗരങ്ങൾ പുതിയതായി നിർമ്മിക്കുവാൻ തൊഴിലാളിഗവർമ്മെണ്ടു തീരുമാനിച്ചു. നിലവിലുള്ള വലിയ നഗരങ്ങൾക്കും, ഭാവിയിൽ നിർമ്മിക്കപ്പെടുന്ന നവീനനഗരങ്ങൾക്കും മദ്ധ്യത്തിലുള്ള സ്ഥലം കൃഷിയ്ക്കും ഉദ്യാനനിർമ്മാണത്തിനുമായി സുരക്ഷിതമാക്കിവയ്ക്കുവാനും നിശ്ചയം ചെയ്തിട്ടുണ്ട്. ഗ്രാമപ്രദേശം കൃഷിക്കായി മാററിവയ്ക്കുവാനാണു അവിടത്തെ ഗവർമ്മെൻറു ഉദ്ദേശിച്ചിട്ടുള്ളതു്. ഭാവിയിൽ ശുചിയും മേന്മയുമുള്ള വ്യാവസായികനഗരങ്ങളല്ലാതെ വൻതരം നഗരങ്ങൾ ബ്രിട്ടനിൽ നിർമ്മിക്കപ്പെടുകയില്ല.

നവസംവിധാനത്തിനും, അസംസ്കൃതപദാർത്ഥങ്ങൾക്കുംവേണ്ടി ലോകംമുഴുവൻ ഇന്നു പരാശ്രയത്തിൽ കഴിയുകയാണ്. ഈ പരിതഃസ്ഥിതിയിൽ ഭൂരിപക്ഷം ജനങ്ങളും നഗരങ്ങളിലും സിററികളിലും താമസിച്ചുജീവിതംനയിച്ചുപോരുന്ന ഏകരാജ്യംഇംഗ്ലണ്ടാണ്. അവിടത്തെ ഗ്രാമവാസികളിൽ അധികഭാഗവും കർഷകരാണ്. യുദ്ധത്തിനു മുമ്പു ഇംഗ്ലണ്ടിൽ ആകെ ആവശ്യമുള്ള ആഹാരവസ്തുക്കളിൽ മൂന്നിൽ രണ്ടുഭാഗവും വിദേശങ്ങളിൽനിന്നാണു ലഭിച്ചുകൊണ്ടിരുന്നതു്. യുദ്ധകാലത്തു ബ്രിട്ടനിലെ വിളവ് അതിനുമുൻപുണ്ടായിരുന്നതിൻെറ ഇരട്ടിയായി വർദ്ധിച്ചു. ഈ ഉയർന്നതോതു ഭാവിയിലും സ്ഥിരമാക്കിത്തീർക്കുവാൻ കഴിയുമെന്നു ബ്രിട്ടീഷ് ഗവർമ്മെൻറ് ആശിക്കുന്നു. സ്വന്തം ഭക്ഷണപ്രശ്നത്തെ പരിഹരിക്കുവാൻ സ്വന്തം ഉല്പന്നങ്ങൾകൊണ്ടു് ഇംഗ്ലണ്ടിനു സാദ്ധ്യമല്ലെന്നുള്ള വസ്തുത പ്രസ്പഷ്ടമാണ്. ഇംഗ്ലണ്ടിൽ നിർമ്മിക്കപ്പെടുന്ന പരുത്തിയും, കമ്പിളിയുംകൊണ്ടുള്ള വസ്ത്രങ്ങളും, മററു സാമാനങ്ങളും വിദേശങ്ങളിലേക്കു കയററി അയച്ചിട്ടു പകരം ഭക്ഷണപദാർത്ഥങ്ങളും, അസംസ്കൃതവസ്തുക്കളും ഇംഗ്ലണ്ടിൽ ഇറക്കുമതിചെയ്യേണ്ടതായിത്തന്നെവരും. ഇതുകാരണത്താലാണു ഇംഗ്ലണ്ടു മുഖ്യമായും ഒരു വ്യാവസായികരാജ്യമായിത്തീർന്നിട്ടുള്ളതു.

അതീതകാലങ്ങളിൽ ഇംഗ്ലണ്ടിലെ നഗരനിർമ്മാണം നിബിഡമായ ജനവാസത്തിനനുകൂലമായ രീതിയിലായിരുന്നു. അത്ര ശരിയായ ഒരു പദ്ധതിയായിരുന്നില്ല. ലണ്ടൻ, ബ്രിസ്റ്റൽ, ബർമ്മിംഗ്ഹാം ലിവർപൂൾ, മാഞ്ചസ്റ്റർ, ഷെഫീൽഡ്, ഗ്ലാസ്ഗോ, മുതലായ വലിയ നഗരങ്ങളിലെ മദ്ധ്യവർത്തികളായ ജനങ്ങളുടെ ജീവിതം സുഖമയമാണെന്നു പറയാവുന്നതല്ല. ബ്രിട്ടനിലെ ജനസംഖ്യ ൪൬൦൦൦൦൦ ആണ്. അവരിൽ ൩൯൦൦൦൦൦ ആളുകൾ നഗരങ്ങളിൽവസിക്കുന്നു. ലണ്ടൻപട്ടണത്തിൽമാത്രം താമസക്കാരായ ആളുകളുടെഎണ്ണം ൯൫൦൦൦൦൦ ആകുന്നു. വലിയ നഗരങ്ങളെക്കൂടാതെ ഇംഗ്ലണ്ടിൽ മുപ്പതിനായിരത്തിലധികം ജനസംഖ്യയുള്ള എണ്ണൂറുപട്ടണങ്ങൾ ഉണ്ടു്. ലോകത്തിൽ ഏററവും അധികം ആളുകൾ ഇടതിങ്ങിത്താമസിക്കുന്നതു ബ്രിട്ടനിലാണ്. എന്നാൽ ദ്വീപിൻെറ ചില ഭാഗങ്ങളിൽ ജനവാസം തീരെക്കുറവാണെന്നുമാത്രമല്ല, ആ ഭാഗങ്ങളിൽ ആധുനികപരിഷ്കാരങ്ങളോ, വിദ്യാഭ്യാസത്താലും സിദ്ധിക്കേണ്ടഗുണം ലഭിക്കുന്നുമില്ല.

ഇംഗ്ലണ്ടു ഒന്നാംകിടയിലുള്ള ഒരു വ്യാവസായികരാജ്യമായതുകൊണ്ടാണ് അവിടുത്തെ വൻപിച്ച നഗരങ്ങളിലെ ജനസംഖ്യ ഇത്ര അധികം വർദ്ധിച്ചിട്ടുള്ളതു്. ഒരു നൂററാണ്ടിനകം അവിടെയുണ്ടായ ജനപ്പെരുപ്പത്തിൻെറ പ്രത്യാഘാതങ്ങൾ അവിടുത്തെ ജീവിതത്തോരിലും അങ്കിതമായിക്കാണുന്നുണ്ടു്. വലിയ നഗരങ്ങളിലെ ജനങ്ങൾ മുൻപിലത്തേക്കാൾ കൂടുതലായി ഉയർന്നതോതിൽ ജീവിക്കാൻ ശീലിച്ചു കഴിഞ്ഞിരിക്കുന്നു. വർദ്ധിച്ച രക്ഷയ്ക്കുവേണ്ടി അവിടുത്തെ ഗവർമ്മെൻറു കൈക്കൊണ്ട നടപടികൾ കാരണം ജനങ്ങൾക്കു പലവിധമായ സൽഫലങ്ങളും സംസിദ്ധമായിട്ടുണ്ടു്. വർദ്ധക്യാനയം മൂലം; ഇംഗ്ലണ്ടിലെ തൊഴിലാളികൾ പെൻഷൻ, സന്താനങ്ങളുടെ വിദ്യാഭ്യാസം, തൊഴിലില്ലായ്മ ഇൻഷ്വറൻസ്, ആരോഗ്യം, മനോവിനോദം, രോഗശുശ്രൂഷ മുതലായവയ്ക്കുവേണ്ടി ക്ലേശിക്കേണ്ടതായി വരുന്നില്ല. തന്മൂലം അവർ ഉൽപാദനാഭിവൃദ്ധിയിൽ തങ്ങൾക്കുള്ള കഴിവിനെ ശരിയാംവണ്ണം വിനിയോഗിക്കുന്നു. തങ്ങൾ ശീലിച്ചുപോന്ന ഉയർന്ന ജീവിതത്തോതു നിലനിർത്തുവാൻ അത്യധികമായ വ്യവസായാഭിവൃദ്ധികൊണ്ടു മാത്രമേ സാദ്ധ്യമാകയുള്ളു എന്നുള്ള കാര്യം ഇംഗ്ലണ്ടിലെ ഓരോ തൊഴിലാളിക്കും തൊഴിലുടമസ്ഥനും നല്ലപോലെ അറിവുണ്ടു്. അധികം സാധനങ്ങൾ തയാർചെയ്കയും, അവയെ വൻപിച്ചതോതിൽ കയററുമതിചെയ്യുകയുംചെയ്തു് സ്വന്തം രാഷ്ട്രത്തിൻെറ ആവശ്യങ്ങളെ യഥാശക്തി നിറവേററുവാൻ ഇംഗ്ലണ്ടിലെ തൊഴിലാളികൾ സ്വമനസ്സാലെ ഉദ്യമിക്കുന്നു.

## വലിയ പട്ടണങ്ങളിലെ താമസപ്രശ്നം

ഇംഗ്ലണ്ടിൻെറ വ്യവസായപരമായുള്ള ഉന്നതിയും, അവിടുത്തെ വലിയ നഗരങ്ങളിലെ അത്യധികമായ ജനസംഖ്യയുംനിമിത്തം അവിടുത്തെ ജനങ്ങൾ വളരെ ക്ലേശിക്കുന്നുണ്ടു്. അവിടുത്തെ എല്ലാ വ്യാവസായികനഗരങ്ങളിലും ഈ ക്ലേശങ്ങൾ സാമാന്യത്തിലധികം ഉണ്ടെന്നുള്ളതും പരമാർത്ഥമാണ്. ഇപ്രകാരമുള്ള പട്ടണങ്ങളിൽ വ്യവസായശാലകളും, ആഫീസുകളും വളരെഅധികമുള്ളതുകൊണ്ടു തൊഴിലാളികൾക്കും ഉദ്യോഗസ്ഥന്മാർക്കും ഉപയുക്തമായ ഭവനങ്ങൾ ലഭിക്കുവാൻ വിഷമമായിത്തീർന്നിരിക്കുന്നു. അവർ അകന്ന സ്ഥലങ്ങളിൽ താമസിക്കുന്നപക്ഷം വ്യവസായശാലയിലോ, അഥവാ, ആഫീസിലോ എത്തിച്ചേരുന്നതിനും, അവിടെനിന്നും തിരിച്ചുപോകുന്നതിനും സമയവും, ധനവും കൂടുതലായി വ്യയംചെയ്യേണ്ടിവരും. ലണ്ടനിലെ ഭൂരിപക്ഷം തൊഴിലാളികൾക്കും തങ്ങളുടെ ജോലിസ്ഥലത്തേക്കു പോകുന്നതിനും അവിടെനിന്നുതിരിച്ചു സ്വഭവനങ്ങളിൽ എത്തിച്ചേരുന്നതിനുമായി ഇപ്പോൾ പ്രതിദിനം ശരാശരി രണ്ടരമണിക്കൂർസമയംവേണ്ടിവരുന്നുണ്ടു്. ഇംഗ്ലണ്ടിലെ ഭൂഗർഭറെയിൽവേകൾ ബഹുദൂരസഞ്ചാരത്തെ ഏററവും സുഗമമായവിധത്തിൽ ചുരുങ്ങിയസമയംകൊണ്ടു് ചെയ്യുതീർക്കുവാൻ അത്യന്തം ഉപയുക്തമാണെന്നു പ്രസ്പഷ്ടമായിട്ടുണ്ടു്. എന്നാൽ ഭൂമിക്കടിയിലുള്ള റെയിൽവേസ്റ്റേഷനിൽ കൃത്യസമയത്തിനെത്തിച്ചേർന്നു യാത്രതുടരുക എന്നുള്ളകാര്യം വളരെ ശ്രമാവഹവുമാകുന്നു. അതിനു ചിലവും സാമാന്യത്തിലധികമാണ്.

ഗമനാഗമനത്തിനുള്ള ഈ അസൗകര്യങ്ങളെ നിവാരണംചെയ്വാനും ക്ലേശങ്ങളെ കുറയ്ക്കുന്നതിനുമായി തൊഴിൽശാലകൾക്കും, ആഫീസുകൾക്കുംസമീപം വലിയ വലിയ ഭവനങ്ങൾ നിർമ്മിക്കണമെന്നും, അവയ്ക്കു അനേകം നിലകളും അവയിലോരോന്നിലും അനേകാനേകം ചെറുമുറികളും ഉണ്ടായിരിക്കണമെന്നും, ആ മുറികൾ, തൊഴിലാളികൾക്കും, ഉദ്യോഗസ്ഥന്മാർക്കും താമസത്തിനായി നൽകണമെന്നുമാണ് ഇംഗ്ലണ്ടിലെ നഗരനിർമ്മാണവിദഗ്ദ്ധന്മാരുടെ നവീനാഭിപ്രായം. കഴിഞ്ഞ ഒരു ശതാബ്ദമായി ജനങ്ങളുടെ ജീവിതത്തോതുയർന്നുപോയതുകൊണ്ടു് അധികമാളുകളും ഇപ്രകാരമുള്ള ഇടുങ്ങിയ മുറികളിൽ കഴിഞ്ഞുകൂടുവാൻ തീരെ ഇഷ്ടപ്പെടുന്നില്ലെന്നുള്ളതും ഇത്തരുണത്തിൽ വിസ്മരിക്കാവുന്നതല്ല. ലണ്ടനിലെ തൊണ്ണൂറുശതമാനം ആളുകൾക്കും തങ്ങൾക്കു സ്വന്തമായി ഓരോ വീടു വേണമെന്നു് അതിയായ ആഗ്രഹമുണ്ടു്. തങ്ങളുടെ വീടുകൾ ഉദ്യാനങ്ങൾക്കും, മൈതാനങ്ങൾക്കും സമീപമായിരിക്കണമെന്നും അവർ ആശിക്കുന്നു. ഇപ്രകാരമുള്ള വീടുകൾ ലഭിക്കുന്ന പക്ഷം, അവ ജോലിസ്ഥലത്തുനിന്നു എത്ര ദൂരത്തിലായാലും, ഇംഗ്ലീഷുകാർ ഒരിക്കലും ഉപേക്ഷിക്കയില്ല. വ്യവസായശാലകളുടേയും ആഫീസുകളുടേയും, സമീപമുള്ള നിബിഡമായ നിവാസസ്ഥാനങ്ങളിൽ, പുകയും, ദുഷിച്ച കാററും ഏററുജീവിക്കുവാൻ യാതൊരു കാരണവശാലുംഅവർ ഒരുമ്പെടുന്നതുമല്ല.

## ഉപനഗരങ്ങളിലെ ശുചിയായ ഭവനങ്ങൾ

ബ്രിട്ടനിലെ എല്ലാ വ്യാവസായികനഗരങ്ങളുടേയും സമീപപ്രദേശങ്ങളിൽഓരോ കുടുംബത്തിനും താമസിക്കാൻസകലസൗകര്യങ്ങളുമുള്ള നിരവധി വസതികൾ ഈ അടുത്തകാലത്തു നിർമ്മിക്കപ്പെട്ടിട്ടുണ്ടു്. അവയ്ക്കു പുറമേ ഉദ്യാനങ്ങളും മൈതാനങ്ങളുമുണ്ടു്. ഒന്നാന്തരം റോഡുകൾ അവിടെയുണ്ടു്. ഗമനാഗമനത്തിനു ഇലക്ട്രിക്ക്ട്രെയിനുകളും, മോട്ടാർബസ്സുകളും ധാരാളമായിട്ടുണ്ടു്. ഓരോ ദിവസത്തേയും ജോലിചെയ്തുതീർത്തതിനുശേഷം സായാഹ്നസമയത്തു ഓരോ തൊഴിലാളിയും ഉദ്യോഗസ്ഥനും സ്വന്തം ഭവനത്തിനു മുൻപിലുള്ള തുറസ്സായ മൈതാനസ്ഥലത്തു കുടുംബസമേതം വന്നിരുന്നു ശുദ്ധവായുവേററു സുഖിക്കുന്നു. പകൽ മുഴുവനുമുള്ള കഠിനാദ്ധ്വാനത്തിനുശേഷം ഇപ്രകാരം അവർക്കു ഒരു നൈസർഗ്ഗികസുഖം സമ്പ്രാപ്തമായിത്തീരുന്നു.

എന്നാൽ, ഇംഗ്ലണ്ടിലെ വലിയ നഗരങ്ങളിലെ താമസം ബാഹ്യമായും ആന്തരികമായും ദോഷസമ്പൂർണ്ണമാണ് പട്ടണങ്ങൾക്കകത്തുള്ള ജനത്തിരക്കുമൂലം ഓരോ വ്യക്തിക്കും അവിടെ പ്രത്യേകം ഭവനം ലഭിക്കുക സാദ്ധ്യമല്ല. പട്ടണത്തിനു പുറമേ താമസിക്കുന്നവർക്കു സിനിമാശാലകളിലും നൃത്യഭവനങ്ങളിലും എത്തിച്ചേരുവാൻ ദൂരംകാരണം എളുപ്പമല്ല. പട്ടണത്തിനു വെളിയിൽ സമൂഹ്യപരവും സംസ്കാരപരവുമായ സൊസൈററികളും ഇല്ലതാനും. ഉപനഗരങ്ങളിലെ ജനങ്ങൾ നഗരങ്ങളിലെ സാമൂഹ്യജീവിതത്തിൽനിന്നും വിദൂരസ്ഥിതരുമാണ്. സാമൂഹ്യജീവിതം അത്യന്തം മഹത്വപൂർണ്ണമായ ഒന്നായിട്ടാണു പരിഗണിക്കപ്പെട്ടിട്ടുള്ളതു് പ്രജായത്തഭരണപരമായ ഒരു ഗവർമ്മെണ്ടിൻെറ ഓരോ പൌരനും സാമൂഹ്യജീവിതത്തിൽ സ്വയം പങ്കുകൊള്ളുക എന്നതു്, തൻെറ സർവ്വപ്രഥമ കർത്തവ്യമായിപരിഗണിക്കുന്നു

ഇംഗ്ലണ്ടിലെ സിംഹഭാഗം ജനങ്ങളും നാഗരികജീവിതത്തെ അഭിലഷിക്കുന്നവരാകുന്നു. അവർക്കു പട്ടണവുമായി അഭേദ്യമായ ബന്ധമാണുള്ളതു്. ലഭ്യമാകുന്ന എല്ലാ അവസരങ്ങളിലും ഇംഗ്ലണ്ടിലെ നാഗരികജനങ്ങൾ സമുദ്രതീരത്തുള്ള ഉയർന്നപ്രദേശങ്ങളിലൊ, അഥവാ പ്രകൃതിസുന്ദരമായ ഗ്രാമപ്രദേശങ്ങളിലൊ പോയിട്ടു് നേരമ്പോക്കിലും മനോവിനോദത്തിലും സമയം ഉല്ലാസകരമായി കഴിച്ചുകൂട്ടുന്നു. വാരാന്ത്യത്തിൽ നഗരവാസികളായ അനേകമാളുകൾ ഉല്ലാസയാത്ര പോവുകയും, ഞായറാഴ്ച മുഴുവനും ആഹ്ളാദപ്രദമായ പരിപാടികളിൽ ആമഗ്നരാവുകയും ചെയ്യുന്നു. തന്നിമിത്തം ഇംഗ്ലണ്ടിലെ ആളുകൾക്കു നഗരജീവിതത്തിനും, ഗ്രാമീണജീവിതത്തിനും സൗകര്യമുള്ള മദ്ധ്യപ്രദേശങ്ങളിൽ ഭവനങ്ങൾ ലഭിക്കുവാൻ അത്യധികമായ ആഗ്രഹമുണ്ടു്.

ഹിന്ദിയിൽനിന്നു്.

# കാണിക്ക

—o—


(നാലാങ്കൽ)

അംബ,നിൻതിരുകണ്ഠത്തിലെത്രയോ,
പൊൻവഭൂഷണമുണ്ടെന്നിരിക്കിലും
മാമകചുടുകണ്ണീർക്കണങ്ങളാൽ,
തുമണിമാലനമ്മിച്ചി, തൊന്നു,ഞാൻ
അംബികേ കനിവാർന്നു സ്വീകരി-
ച്ചിമ്പമോടെന്നിലൊന്നു കനിയുമോ?
പൂവിലുംതുലോം മാർദ്ദവമാർന്നനിൻ
ചേവടികളലങ്കരിച്ചീടുവാൻ
താരകങ്ങൾസദാ ചിരത്തപ്പൂതി
താവിടുന്ന ചിലമ്പുകൾതീർക്കുന്നു.
മാമകഹാരമെന്നാൽലസിപ്പതു
കോമളംതവകണ്ഠത്തിലല്ലയോ?
നിൻതിരുമുമ്പിലർപ്പണംചെയ്യുവാൻ
നിസ്തുലാഭമാംസ്വർണ്ണരത്നാദികൾ
മത്തേ്യതാലത്തിലേന്തിധാനികർതാ
വന്നുനിൽക്കുമ്പൊന്നിൽകുളിച്ചവർ
ചിന്മയേ,നീകനിഞ്ഞൊന്നു നോക്കുകിൽ
പൊന്മലയല്ലി,ചെറാക്കുടിലുകൾ,
വൻകുബേരർ വഴിതെണ്ടികളല്ലി?
നിങ്കടക്കണ്ണവരിലേശായ്കിൽ
പൊന്നുമുന്നതസ്ഥാനമാനങ്ങളും
നിന്നിൽനിന്നല്ലി സംഭവിക്കുന്നതു്?
നൽകിടാമവ, നൽകാതിരുന്നിടാം
നിൻതിരുവടിനിശ്ചയിക്കുംപടി
എങ്കിലുമെൻറതീരാത്ത സങ്കടം
എന്നുമെന്നുമെനിക്കുള്ള സ്വത്തല്ലോ!
അച്ഛനശ്ശ്വരയത്തിരുമുമ്പിൽഞാ-
നാത്തഭക്തിയോടേന്തിയെത്തുംവിധൗ
ഉഷ്ണമാകുമക്കാഴ്ച,കൈക്കൊണ്ടൊരു
കൊച്ചുപുഞ്ചിരിസമ്മാനമേകണേ!

# ദർശനം

(ചവറ ഒ. എൻ. വി. കുറുപ്പ്)

ഇന്നെന്റെ മന്തിയിൽ ഞാനാ കോവിലിൽപോകും;പക്ഷേ
അന്നൊരിക്കലേ ഞാനെൻദേവനെ കണ്ടിട്ടുള്ളു.
ഓമനത്വമാർന്നുള്ളോരാമുഖം കാൺകെ, താനേ
മാമകഹൃദയത്തിൻ ശ്രീകോവിൽതുറന്നുപോയ്.
അങ്ങാണിന്നുള്ളിൽഞാനാ കാമകോമളൻതൻെറ
മംഗളസുന്ദരാകരൂപം, ഹാ! പ്രതിഷ്ഠിച്ചു.
ശംഖൊലിപൊങ്ങിവാനിൽ; കിലുങ്ങീമണിക്കൂട്ടം
എൻകരൾ സാഫല്യമാം സരിത്തിൽമുങ്ങിപ്പൊങ്ങി...
നെന്മണിക്കതിർക്കുല ചെമ്മേതൈമണിക്കാററി-
ലുമ്മവയ്ക്കുമാ പച്ചപ്പാടത്തിന്നിടയിക്കൂടെ,
മുമൈയായ നടകൊള്ളും കന്നാലിക്കൂട്ടത്തിനു-
മിമ്പമേകീടുംവണ്ണം പൊൻമുരളികയൂതി
മെല്ലെമെല്ലെയാവേണുഗോപാലൻനടന്നുപോയ്,
അല്ലിൻറയാദ്യത്തെയാ മങ്ങിയവെളിച്ചത്തിൽ...
എന്നുമന്തിയിൽഞാനാ കോവിലിൽപോകും;പക്ഷേ
അന്നൊരിക്കലേ കണ്ടതുള്ളുഞാനെൻദേവനെ!......
അമ്പിളിപ്പൊൻചെപ്പിൽനിന്നൊഴുകും നറുനിലാ-
പ്പൈമ്പാലിൽപ്രകൃത്യംബയുല്ലസിച്ചുയിർക്കൊൾകെ,
അമ്പലത്തോട്ടത്തിലപ്പൊൻപൂക്കൾപുലർന്നീടും
ചമ്പകമണിത്തരുതാവിയതണൽപട്ടിൽ,
കാത്തു കാത്തിവൾ നിൽക്കു, മക്കളകണ്ഠംതന്നിൽ
ചാർത്തുവാനൊരുമലർമാല്യവുംകോർത്തങ്ങനെ......
"അമ്പലത്തോട്ടത്തിലെ ച്ചമ്പകത്തണലത്തി-
ന്നൻപെഴുമവൻ വരില്ലെ,ന്തിനുവ്യഥായാസം?"
തീവെയിലേററുംകൊണ്ടാപാടത്തിൽ പണിചെയ്യും
പാവങ്ങൾക്കിടയിലാണാഗോപാലകൻ.
പൂമാലയല്ലാവേണ്ടു, വിയർപ്പിൻവെൺമുത്തുകൾ
ആമാറിലണിയിക്കാൻ കോർത്തിണക്കുക, സഖീ!"



അഭയാർത്ഥിവിമാനം:—ഗവർമ്മെൻറുദ്യോഗസ്ഥന്മാരെയും അവരുടെ കുടുംബാംഗങ്ങളെയും അഭയാർത്ഥികളെയും ഇൻഡ്യയിൽനിന്നും പാകിസ്ഥാനിലേയ്ക്കും പാകിസ്ഥാനിൽ നിന്ന് ഇൻഡ്യയിലേയ്ക്കും മാറുന്നതിനു ഇൻഡ്യാഗവർമ്മെൻറിൻെറ ആവശ്യപ്രകാരം ഉപയോഗിച്ചുവന്ന ബ്രിട്ടീഷ് ഓവർസീസ് എയർവേസ് കാർപ്പറേഷൻ (ബി. ഒ. എ. സി.) വിമാനങ്ങൾ ൩൫൦൦൦-ജനങ്ങളെയും ൧൫൦൦൦൦ റാത്തൽ സാമാനങ്ങളും വഹിച്ചുകൊണ്ട് ൭൦൦൦൦൦-മൈൽ പറക്കുകയുണ്ടായി. ഒക്ടോബർ ൧൫-മുതൽ നവംബർ ൩൦-വരെ നടത്തപ്പെട്ട സർവീസു നൂറുശതമാനം വിജയത്തിൽ പര്യവസാനിച്ചു. ഡേറാഇസ്മെയിൽഖാനിൽ കപ്പിത്താൻ അഭയാർത്ഥിനികളുമായി സംഭാഷണത്തിലേർപ്പെട്ടിരിക്കുന്നതാണ് ചിത്രത്തിൽ.



മറ്റൊരു ബി. ഒ. എ. എഫ്. വിമാനം— ഇൻഡ്യയിൽനിന്നു പാകിസ്ഥാനിലേയ്ക്കു അഭയാർത്ഥികളെ കൊണ്ടുപോകുന്ന ഒരു വിമാനത്തിൽ ഒരു മുസ്ലീംകുടുംബാംഗങ്ങളെ കയറുന്നു. കുടുംബാംഗങ്ങൾ തമ്മിൽ കൂട്ടപിരിഞ്ഞുപോകാതിരിക്കുന്നതിൽ പ്രത്യേകം ശ്രദ്ധപതിപ്പിക്കപ്പെടുന്നു.

രണ്ടാംപേജിൽനിന്നും തുടർച്ച)

ട്ടുകാരുടെനിരന്തരസാഹചര്യത്താലും പരീക്ഷയുടെ കാര്യം താളത്തിലായിഎന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. മേനോനും പണിക്കർക്കും കുഴപ്പമുണ്ടായില്ല. എൻെറ ഭാവിയെപ്പറ്റി വലിയ അസ്വസ്ഥത മനസ്സിലുദിച്ചുഎങ്കിലും തല്ക്കാലം തോല്ക്കുയല്ലാതെ നിവൃത്തിയുണ്ടായിരുന്നില്ല. അത്ര്യു അശുഭലക്ഷണങ്ങളാണു പരീക്ഷയിൽ ആദ്യവസാനം കണ്ടതു് ഒന്നാംദിവസം 'നമ്പരു' കണ്ടുപിടിക്കുവാൻ അരമണിക്കൂർ വേണ്ടിവന്നു. രണ്ടാംദിവസം മഷി തട്ടിമറിഞ്ഞു എഴുതിത്തീർന്ന ഉത്തരക്കടലാസെല്ലാം നാശമായി മൂന്നാംദിവസത്തെ കണക്കുചോദ്യങ്ങൾക്കൊന്നിനും ശരിയായ ഉത്തരം കിട്ടിയില്ല. അടുത്തിരിക്കുന്നവരും തലചൊറിഞ്ഞും പേനാ കടിച്ചും കഴിയുകയാണ്. അവരുടെ 'അബദ്ധപ്പഞ്ചാംഗം'നോക്കിഎഴുതിയിട്ടു ഒരു ഉപയോഗവുമില്ല. ഇങ്ങനെ അഞ്ചുദിവസവുംകഴിച്ചുഎന്നുപറഞ്ഞാൽമതി. ഇതിനിടയ്ക്കു ശ്രദ്ധിച്ചുപഠിക്കേണ്ട സമയത്തിൽ ഒട്ടുമുക്കാലും എഴുന്നള്ളത്തുസംബന്ധിച്ചു തകൃതിയായി നടന്ന ആലോചനകളും, വള്ളംകളിയുംകണ്ടുകളയേണ്ടതായുംവന്നു. അഞ്ചാംദിവസംവൈകുന്നേരം പരീക്ഷകഴിഞ്ഞു വെളിയിൽ വന്നപ്പോൾ മേനവനും പണിക്കരുംകൂടി ഒരു വിശേഷവർത്തമാനവുംകൊണ്ടുവന്നു. ഞങ്ങളെ അന്വേഷിച്ചു വിരുന്നുവീട്ടിൽ ചെന്നിരുന്ന ഒരു ചെറുപ്പക്കാരനിൽനിന്നും അന്നരാത്രിയായ കുടുംബിനി പരമാർത്ഥമെല്ലാം ധരിച്ചു എന്നും, അതുകൊണ്ടു ഇനി അവിടെ കയറാതെ രാവിലേ വണ്ടിക്കു തിരിച്ചു പൊയ്ക്കൊള്ളണമെന്നുമായിരുന്നു കണ്ണാന്തുരുത്തമായ ആ വർത്തമാനം. അപരിചിതനാകയാൽ ഞാൻ അതു കൂട്ടാക്കീട്ടു കാര്യമില്ലെന്നും അവക്കാണത്രെ ആപത്തുവന്നുകൂടിയതെന്നും, അഞ്ചുദിവസത്തെ ഭക്ഷണച്ചിലവിനുള്ള പത്തു രൂപ അവരെ ഏല്പിച്ചാൽ ഗൃഹനായികയ്ക്കുകൊടുത്തു 'അലോഹ്യം' കൂടാതെകഴിച്ചുകൂട്ടിക്കൊള്ളാമെന്നും എന്നെ ഉൽബോധിപ്പിച്ചതനുസരിച്ചു എൻെറ കയ്യിലുണ്ടായിരുന്ന പത്തുരൂപയും ഞാൻകൊടുത്തു. നി:സ്വനും, നിരാധാരനും ആയിത്തീർന്ന ഞാൻ റെയിൽവേസ്റ്റേഷൻ നോക്കിനടന്നു. പിറേറന്നു രാവിലെ മേനോൻ കൊടുങ്ങല്ലൂരേക്കും പണിക്കർ ചേർത്തലയ്ക്കും കേവുവള്ളം കയ

## പ്രഭുസഭയിൽ സ്ത്രീകൾക്കു സ്ഥാനം

ബ്രിട്ടീഷ്പാർലമെൻറിലെ ഉപരിമണ്ഡലമായ പ്രഭുസഭയിൽ പ്രഭ്വിമാർക്കും പ്രവേശനം ലഭിക്കുന്നതിന്ന് ഒരു ശ്രമംനടന്നുവരികയാണല്ലോ. ഇപ്പോൾ പ്രഭുസഭയിലെ അംഗസംഖ്യ ൮൫൫ ആണ്. ഇതിൽ രാജവംശജരായ ൩ പ്രഭുക്കന്മാരും ൨ ആർച്ച്ബിഷപ്പുമാരും, ൨൦ ഡ്യൂക്കുകളും, ൨൯ മാർക്വിസുകളും, ൧൩൩ ഏൾ സ്ഥാനികളും ൭൫ വൈകൗണ്ടുസ്ഥാനികളും ൨൭ ബിഷപ്പുമാരും, ൪൧൯ ബാരൺമാരും സ്കോട്ട്ലണ്ടിലെ പ്രഭുക്കന്മാരിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്ന ൧൬ അംഗങ്ങളും അയർലൻറിലെ പ്രഭുക്കന്മാരുടെ ൧൬ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളും ഉൾപ്പെടുന്നു.

ചാറൽസുരണ്ടാമൻെറ ഭരണകാലത്തു പ്രഭുസഭാംഗങ്ങളുടെ സംഖ്യ ൧൭൫ മാത്രമായിരുന്നതു് വിക്ടോറിയാരാജ്ഞിയുടെ കാലത്തു് ൪൫൦ ആയി വർദ്ധിച്ചു. ഇപ്പോൾ അതു ൮൫൫-ൽ എത്തിയിരിക്കയാണ്. ഇപ്പോഴത്തെ പ്രഭുസഭയിൽ അംഗമായി ഒരു ഇന്ത്യൻപ്രഭു—സിൻഹാപ്രഭുകൂടിയുണ്ടു്. ഈ കാലഘട്ടത്തിനിടയ്ക്കു ബ്രിട്ടനിലെ ജനസംഖ്യ പത്തിരട്ടിയോളം വർദ്ധിച്ചിട്ടുള്ളതായിക്കാണുന്നു.

പ്രഭുസഭയിൽ സ്ത്രീകൾക്കു് ഇതുവരെയും സ്ഥാനം അനുവദിക്കപ്പെട്ടിട്ടില്ല. സ്വന്ത അവകാശത്തിന്മേൽ പ്രഭ്വിസ്ഥാനംവഹിക്കുന്ന ൨൪ മഹതികളാണ് ഇപ്പോൾ ബ്രിട്ടനിലുള്ളതു്. രണ്ടുസഭകളിലുമുള്ള അനേകം അംഗങ്ങളുടെ സഹായവാഗ്ദാനത്തോടുകൂടി, പ്രഭുസഭയിൽ അംഗത്വം അവകാശപ്പെട്ടുകൊണ്ടുള്ള ഒരു ഹ

റിയതായിട്ടാണ് എൻെറ അറിവ്. പത്തുരൂപ ഗൃഹനായികയ്ക്കുകൊടുത്തില്ലെന്നുള്ളതു നിശ്ചയംതന്നെ.

ആയാണ്ടിൽ മദ്രാസ് സർവ്വകലാശാലയുടെആഭിമുഖ്യത്തിൽ മെറ്റിക്കുലേഷൻപരീക്ഷയ്ക്കു ചേർന്ന പതിനായിരത്തിൽപരം വിദ്യാർത്ഥികളിൽ എണ്ണൂറുപേരോളം ജയിച്ചു. ഞങ്ങളുടെ പൈപ്പസ്ക്കൂളിൽനിന്നും മലബാറിലേക്കു ഒന്നാമതായി ജയിച്ചു ആൾക്കു കഴ്സൺ സമ്മാനം ലഭിക്കയുണ്ടായി എന്നുള്ളതും വക്തവ്യമാണ്.

ർജി സമർപ്പിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

ഇദംപ്രഥമമായിട്ടല്ല ബ്രിട്ടനിൽ ഇപ്രകാരമൊരുദ്യമം നടക്കുന്നതു്. ഉപരിമണ്ഡലത്തിൽ സ്ത്രീകൾക്കു പ്രവേശമനുവദിക്കുന്നതിനുള്ള ഒരു ബിൽ ൧൯൩൦-ൽ നാല് വോട്ടിൻെറ കുറവുകൊണ്ടു തള്ളപ്പെട്ടു. കഴിഞ്ഞയാണ്ടു മാർച്ചുമാസത്തിൽ വൈക്കൗണ്ടസ്സ് അവതരിപ്പിച്ച ബില്ലും ഗവർമ്മെൻറുഭാഗത്തുനിന്നു് അഡിസൻപ്രഭുവിൻെറ എതിർപ്പുമൂലം തള്ളപ്പെടുകയുണ്ടായി.

൧൯൨൪-ലും ൧൯൨൫-ലും പ്രഭുസഭയിൽ സ്ത്രീകൾക്കുവേണ്ടി ഒരവകാശവാദം ഉണ്ടാക്കിയിട്ടുണ്ടു. വൈക്കൗണ്ടസ് റോണ്ടയെന്ന പ്രഭ്വിയെ പ്രഭുസഭാംഗമായി സ്വീകരിക്കണമെന്നു പ്രഭുസഭയിലെ "കമ്മിററി ഓഫ പ്രിവിലേജസ്" ശുപാർശ ചെയ്തെങ്കിലും പ്രസ്തുത റിപ്പോർട്ടു പുന:പരിശോധനയ്ക്കു കമ്മററിക്കു അയയ്ക്കപ്പെടുകയും, പ്രഭ്വിയുടെ അവകാശം നിഷേധിക്കപ്പെടുകയുമാണുണ്ടായതു്.

കാമൺസഭാംഗങ്ങൾ തിരഞ്ഞെടുക്കപ്പെടുകയാണ്. എന്നാൽ ജന്മസിദ്ധമായ അവകാശപ്രകാരമാണ് പ്രഭുസഭയിൽ അംഗത്വം ലഭിക്കുന്നതു്. പരമ്പരാസിദ്ധമായ അവകാശപ്രകാരമല്ലാതെയും ചില പ്രഭുക്കന്മാർ ബ്രിട്ടനിലുണ്ടു്. പാണ്ഡിത്യത്തിനും, രാഷ്ട്രീയവും സൈനികവുമായ സേവനത്തിനും ചില മഹാന്മാർക്കു പ്രഭുസ്ഥാനം നൽകി ബഹുമാനിക്കുക പതിവുണ്ടു.

പ്രഭുസഭയ്ക്കു പ്രത്യേക ഘടനയോ നടപടി നിയന്ത്രിക്കുന്നതിനു നിയമങ്ങളോ അദ്ധ്യക്ഷൻ തന്നെയോ ഇല്ല. ലാർഡ് ചാൻസലർ അതതു കാലത്തെ ഗവർമ്മെൻറിലെ ഒരംഗമായിരിക്കുമെന്നുള്ളതിനാൽ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നതിനു പ്രധാന യോഗ്യതയായ നിഷ്പക്ഷതപാലിക്കുന്നതിനു അദ്ദേഹത്തിനു സാദ്ധ്യമാകുന്നതല്ല ഒരു അംഗത്തെ പ്രസംഗിക്കുന്നതിനു ക്ഷണിക്കുന്നതിനോ, അതിനുള്ള അനുവാദം നിഷേധിക്കുന്നതിനോ പ്രമേയങ്ങൾ വോട്ടിനിടുന്നതിനോ അദ്ദേഹത്തിനു അവകാശമില്ല. അംഗങ്ങൾക്കു ഇഷ്ടംപോലെ എത്ര നേരമെങ്കിലും പ്രസംഗിക്കാം. ഇതാണ് നിയമമെങ്കിലും ഔദ്യോഗികവസ്ത്രങ്ങൾ ധരിച്ചുകൊണ്ടു ചാൻസലർ സഭാമദ്ധ്യത്തിൽ "വൂൾസാക്ക്" എന്നറിയപ്പെടുന്ന അഗ്രാസനത്തിൽ ഉപവിഷ്ടനായി സഭാ നടപടികൾ സമാരംഭിക്കുകയും സമാപിക്കുകയും ചെയ്യുകയാണ പതിവു സഭാംഗങ്ങളുടെഅനുമതിപ്രകാരം അദ്ധ്യക്ഷസ്ഥാനം അദ്ദേഹം വഹിക്കുന്നെന്നേ ഇതിനർത്ഥമുള്ളൂ.

നടപടികൾ നിയന്ത്രിക്കുന്നതിനു പ്രത്യേകനിയമങ്ങളില്ലാതെ പ്രവർത്തിക്കുന്നതായി ബ്രിട്ടീഷു പ്രഭുസഭപോലെ ലോകത്തിലെങ്ങുംതന്നെ മറ്റൊരു സ്ഥാപനമില്ല. എന്നാൽ സ്വയം നിയന്ത്രിക്കുന്നതിനു അലിഖിതമായ ഒരു നിയമം പ്രഭുസഭാംഗങ്ങൾ പാലിച്ചുവരുന്നുണ്ടു്. പ്രസംഗിക്കുന്നതിനു ആഗ്രഹിക്കുന്ന അംഗങ്ങൾ ആദ്യമായി അവരുടെ പേരു എഴുതിക്കൊടുക്കുകയും 'വിപ്പു'മായി ആവശ്യമുള്ള സമയത്തെപ്പററി നിശ്ചയം ചെയ്യുകയും ചെയ്യുന്നു. കൃത്യനിഷ്ഠയോടുകൂടി പ്രഭുസഭ കാര്യങ്ങൾ നടത്തുന്നു. പ്രസംഗമദ്ധ്യേ നടപടികൾ വെട്ടിമുറിച്ചു നിറുത്തുന്ന "ഗില്ലട്ടിൻ" പ്രയോഗം പ്രഭുസഭയിൽ ഇന്നുവരെ വേണ്ടിവന്നിട്ടില്ല.

പ്രഭുസഭയുടെ ഘടന പരിഷ്കരിക്കുന്നതിനു ഒരു പദ്ധതി കാമൺസ്സമെമ്പറായ മി: എല്ലിസ്സ്മിത്തു് സമർപ്പിച്ചിട്ടുണ്ടു്. പ്രഭുസഭ പ്രജായത്തസിദ്ധാന്തമനുസരിച്ചു തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടങ്ങിയതായിരിക്കണമെന്നാണ മി: എല്ലിസ്സും അദ്ദേഹത്തെ അനുകൂലിക്കുന്ന ഡാക്ടർ ബാർണററു സ്റ്റോസ്സ്, മി: ജാൺപാക്കർ എന്നിവരും അഭിപ്രായപ്പെടുന്നതു്. മുതലാളി തൊഴിലാളി സംഘടനകൾ വ്യാപാരമണ്ഡലങ്ങൾ, വാണിജ്യസംഘടനകൾ എന്നിവയുടെ പ്രതിനിധികൾ ഉപരിമണ്ഡലത്തിൽ പ്രതിനിധീകരിക്കപ്പെടണം. ഓരോ മാനുഷഭാവത്തിലെയും അംഗസംഖ്യയനുസരിച്ചു പ്രാതിനിദ്ധ്യം അനുവദിക്കപ്പെടണം. കാമൺസുസഭയിലെ അംഗസംഖ്യയുടെ തോതനുസരിച്ചു വിവിധ രാഷ്ട്രീയകക്ഷികളിൽനിന്നും ൨൦൦ അംഗങ്ങളെ തെരഞ്ഞെടുക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടു. ഉപരിസഭയിലേക്കുള്ള തിരഞ്ഞെടുപ്പുസമയം നിശ്ചയിക്കുന്നതിനുള്ള അവകാശവും കാമൺസിനുണ്ടായിരിക്കേണ്ടതാണ്.

(ഗാരിമാക്ക്ഷേൻ)

Printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.